# മാനന്തവാടി രൂപത ബുള്ളറ്റിൻ

RNI Reg. No. KERMAL/2010/32222
Registered KL/TLY/01/25-27

License to post without prepayment of postage
No. KL/PMG/NR/WPP/83/TLY/2025-27

Vol. 17 / Issue 08
August 2026


"For their sake I consecrate myself, that they also may be consecrated in truth."
(John 17:19)



Let's Rise together to Rebuild the Community

സിനഡാനന്തര
സമുദായ ശാക്തീകരണ വർഷം - 2026


ആഗസ്റ്റ് 4
ഇടവക വൈദികരുടെ മദ്ധ്യസ്ഥനായ
വിശുദ്ധ ജോൺ മരിയ വിയാനിയുടെ
തിരുനാൾ ആശംസകൾ
ആഗസ്റ്റ് 15
സ്വാതന്ത്ര്യ ദിനത്തിന്റെയും
മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിന്റെയും
ആശംസകൾ

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**“ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും” (യാക്കോബ് 4:8)**


**Printed, Published and Edited by
Fr. Thankachan alias Joseph Paruvummel, Published from Bishop’s House
Manathavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady
Printed at St. Joseph’s Offset Press, Mananthavady 670645**

വാല്യം 17 ആഗസ്റ്റ് 2026 ലക്കം 8

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം


തടവറ പ്രേഷിത ഞായർ ........ 05
ജസ്റ്റിസ് സൺഡേ ........ 10
രൂപതാ കച്ചേരി വാർത്തകൾ ........ 13
Newly Constituted Committees and Councils ........ 23
മതബോധനരംഗം ........ 24
ചെറുപുഷ്പ മിഷൻലീഗ് ........ 27
തിരുബാലസഖ്യം ........ 36
Department of Youth Ministry ........ 37
കെ.സി.വൈ.എം ........ 38
കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ........ 44
കുടുംബപ്രേഷിതത്വം ........ 45
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........ 52
സാമൂഹ്യ സേവനരംഗം (WSSS) ........ 57
ജീവസ് & കെ.എൽ.എം ........ 66
നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി ........ 68
കത്തോലിക്കാ കോൺഗ്രസ്സ് (AKCC) ........ 72
ബയോവിൻ അഗ്രോ റിസർച്ച് ........ 78
റേഡിയോ മാറ്റൊലി ........ 81
Mary Matha Arts & Science College ........ 83
സെന്റ് ജോസഫ് മിഷൻ ഹോസ്പിറ്റൽ ........ 87
കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ........ 88
ബിഷപ്സ് പ്രോഗ്രാം ........ 97

No: 4228/K-5/KCBC/OL/DS 11.07.2026

# തടവറ പ്രേഷിത ഞായർ 9 ഓഗസ്റ്റ് 2026
# രോദനം കേൾക്കുക, മുറിവ് ഉണക്കുക, പ്രത്യാശ പുനരുജ്ജീവിപ്പിക്കുക

ക്രിസ്തുവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ നിങ്ങൾക്കു കൃപയും സമാധാനവും.

തടവറ പ്രേഷിത ഞായറാഴ്ചയായി ആചരിക്കുന്ന ഓഗസ്റ്റ് മാസത്തിലെ രണ്ടാം ഞായറാഴ്ച, അഴികൾക്കു പിന്നിൽ കഴിയുന്ന നമ്മുടെ സഹോദരീ സഹോദരന്മാരിലേക്ക് നമ്മുടെ ഹൃദയങ്ങൾ തിരിക്കാൻ സഭ നമ്മെ ക്ഷണിക്കുന്നു. നമ്മൾ കരുതുന്നതുപോലെ തടവറയിൽ കഴിയുന്നവരെല്ലാവരും കൊടുംകുറ്റവാളികളല്ല. ഒരു ദുർബല നിമിഷത്തിൽ തെറ്റിൽ അകപ്പെട്ടുപോയവർ ഇവിടെയുണ്ട്. സാമ്പത്തിക തകർച്ചമൂലം ജയിലറകളിലേക്ക് എത്തപ്പെട്ടവരുണ്ട്. ആസൂത്രിതമായ ദുരാരോപണങ്ങൾ നിമിത്തം തടവറകളിലേക്ക് എറിയപ്പെട്ട, തികച്ചും നിഷ്കളങ്കരായ, തീർത്തും നിസ്സഹായരായ നിരപരാധികളും തടവറയിലുണ്ട്. ''തടവുകാരുടെ ഞരക്കം കേൾക്കാനും മരണത്തിനു വിധിക്കപ്പെട്ടവരെ സ്വതന്ത്രരാക്കാനുംവേണ്ടി'' എന്ന സങ്കീർത്തകന്റെ വാക്കുകളിൽ നിന്നു (102:20) പ്രചോദനം ഉൾക്കൊണ്ട്, ഈ വർഷത്തെ പ്രമേയത്തെക്കുറിച്ചു നമുക്കു വിചിന്തനം ചെയ്യാം: രോദനം കേൾക്കുവിൻ, മുറിവ് ഉണക്കുവിൻ, പ്രത്യാശ പുനരുജ്ജീവിപ്പിക്കുവിൻ. ഈ വിഷയം വെറുമൊരു മുദ്രാവാക്യമല്ല; മറിച്ച് സുവിശേഷ കല്പനയാണ്. ''ബന്ധിതർക്കു മോചനവും'' (ലൂക്കാ: 4:18) ഹൃദയം തകർന്നവർക്ക് സൗഖ്യവുമേകുവാൻ വന്ന യേശുവിന്റെ ദൗത്യത്തെ അത് പ്രതിധ്വനിപ്പിക്കുന്നു.

**രോദനം കേൾക്കുക**

തടവറ മതിലുകൾക്കും പൂട്ടിയ കവാടങ്ങൾക്കും ഇരുമ്പഴികൾക്കും പിന്നിലുള്ളത് മനുഷ്യരാണ്; പലപ്പോഴും അവരുടെ രോദനം കേൾക്കപ്പെടാതെ പോകുന്നു. പല തടവുകാരും അവരുടെ മുൻകാല പ്രവർത്തനങ്ങളെക്കുറിച്ചുള്ള കുറ്റബോധത്തോടെയും തകർന്ന ബന്ധങ്ങളുടെ വേദനാജനകമായ ഓർമ്മകളോടെയും കഴിയുന്നു. ചിലർ സ്വന്തം വീട്ടുകാരാലും സുഹൃത്തുക്കളാലും ഉപേക്ഷിക്കപ്പെട്ടവരാണ്. മറ്റുള്ളവർ വിഷാദം, ഉത്കണ്ഠ, മാനസികാഘാതം, ആസക്തി അല്ലെ

ങ്കിൽ മാനസികരോഗങ്ങൾ എന്നിവയുമായി പോരാടുന്നു. ഒറ്റപ്പെടലിന്റെ വേദനയും സമൂഹം മറന്നുവെന്ന തോന്നലും പലരെയും വേട്ടയാടുന്നു. അതിനാൽ തടവുപുള്ളിയുടെ രോദനം മോചനത്തിനായുള്ള ഒരു അപേക്ഷയേക്കാൾ വളരെ ശക്തമാണ്. ''ഞാൻ കാരാഗൃഹത്തിലായിരുന്നു, നിങ്ങൾ എന്റെ അടുത്തുവന്നു'' (മത്താ 25:36) എന്നു പറയുമ്പോൾ യേശു തടവുകാരുമായി താദാത്മ്യം പ്രാപിക്കുകയാണ്. തടവുകാരുടെ നിലവിളി നാം കേൾക്കുമ്പോൾ, ക്രിസ്തുവിന്റെതന്നെ നിലവിളിയാണു നാം കേൾക്കുന്നത്. നമ്മുടെ ദൈവം ശ്രവിക്കുന്ന ദൈവമാണ്. വിസ്മരിക്കപ്പെട്ടവരുടെയും തിരസ്കരിക്കപ്പെട്ടവരുടെയും തടവിലാക്കപ്പെട്ടവരുടെയും നിലവിളികൾക്ക് അവൻ ചെവികൊടുക്കുന്നു. ക്രിസ്തുവിന്റെ ശരീരമെന്ന നിലയിൽ സഭയും അതുതന്നെ ചെയ്യണം.

**ശ്രവണ ശുശ്രൂഷ**

വിമോചനം പലപ്പോഴും ശ്രവണത്തിലൂടെ ആരംഭിക്കുന്നു. തടവുകാരെ ഒരിക്കലും അവരുടെ കുറ്റകൃത്യങ്ങളിലൂടെ മാത്രം ചുരുക്കി കാണരുതെന്നും എന്നാൽ ദൈവത്താൽ സ്നേഹിക്കപ്പെടുന്നവരും നവീകരിക്കാൻ കഴിവുള്ളവരുമായി എപ്പോഴും അംഗീകരിക്കപ്പെടണമെന്നും ഫ്രാൻസിസ് പാപ്പാ നമ്മെ ആവർത്തിച്ച് ഓർമ്മിപ്പിക്കുകയുണ്ടായി. അതിനാൽ, അനുകമ്പയോടെ ശ്രവിക്കുക എന്നത് ഒരു വിശുദ്ധ ശുശ്രൂഷയാണ്. ശ്രദ്ധയോടെ കേൾക്കുന്നതിലൂടെ, തടവുകാരെ അവരുടെ മാഹാത്മ്യവും മാനവികതയും പ്രത്യാശയും വീണ്ടും കണ്ടെത്താൻ നാം സഹായിക്കുന്നു.

**മുറിവ് ഉണക്കുക**

ഓരോ തടവുപുള്ളിയും മുറിവുകൾ വഹിക്കുന്നവരാണ്. തടവറകളിലുള്ള സഭയുടെ സാന്നിദ്ധ്യം അടിസ്ഥാനപരമായി ഒരു സൗഖ്യശുശ്രൂഷയാണ്. സമർപ്പിത സഹോദരിമാരും വൈദികരും സന്നദ്ധപ്രവർത്തകരും കൗൺസിലർമാരും തടവറ പ്രേഷിതരും അഴികൾക്കുപിന്നിലുള്ളവർക്കു വേണ്ടി ക്രിസ്തുവിന്റെ സൗഖ്യദായക ശുശ്രൂഷ തുടരുന്നു. പലപ്പോഴും രോഗശാന്തി ആരംഭിക്കുന്നത് ലളിതമായ ഭാവപ്രകടനങ്ങളിലൂടെയാണ്: ശ്രവിക്കാനുള്ള സന്നദ്ധത, പ്രാർത്ഥന, സന്ദർശനം, ഒരു കത്ത്, ഒരു പ്രോത്സാഹനവാക്ക് അല്ലെങ്കിൽ ദയയുടെ ഒരു പ്രവൃത്തി തുടങ്ങിയവയിലൂടെ ദൈവം തന്റെ രോഗശാന്തി ശുശ്രൂഷ തുടരുന്നു.

**സഹാനുഭൂതി (empathy): തടവറ ശുശ്രൂഷയുടെ കാതൽ**

സഹാനുഭൂതി എന്നത് മറ്റൊരു വ്യക്തിയുടെ സഹനത്തിലേക്കു

പ്രവേശിക്കാനുള്ള കഴിവാണ്. യേശു തന്റെ ശുശ്രൂഷയിലുടനീളം അഗാധമായ സഹാനുഭൂതി പ്രകടിപ്പിച്ചു. അവിടന്നു കുഷ്ഠരോഗികളെ സ്പർശിച്ചു, പാപികൾക്കു മാപ്പുകൊടുത്തു, കുരിശിലെ സഹനവേളയിലും, അനുതപിച്ച കള്ളനോട് അവിടന്നു കരുണയുടെ വാക്കുകൾ അരുൾ ചെയ്തു: ഇത് ഓരോ തടവറ ശുശ്രൂഷിക്കും പ്രചോദനമാകണം. മുൻവിധികളില്ലാതെ ശ്രവിക്കാനും, മുറിവുകൾ മനസ്സിലാക്കാനും, അനുരഞ്ജനവും ബന്ധങ്ങളുടെ പുനഃസ്ഥാപനവും പ്രോത്സാഹിപ്പിക്കാനും സഹാനുഭൂതി നമ്മെ പ്രാപ്തരാക്കുന്നു. സഹാനുഭൂതിയിലൂടെ, സന്നദ്ധപ്രവർത്തകർ ക്രിസ്തുവിന്റെ അനുകമ്പാർദ്ര സ്നേഹത്തിന്റെ സജീവ അടയാളങ്ങളായി മാറുന്നു.

**പ്രത്യാശ പുനരുജ്ജീവിപ്പിക്കുക**

ഒരുപക്ഷേ തടവറയിലെ മതിലുകൾക്കുള്ളിൽ സംഭവിക്കുന്ന ഏറ്റവും വലിയ ദുരന്തം പ്രത്യാശ നഷ്ടപ്പെടുക എന്നതാണ്. പ്രത്യാശയില്ലെങ്കിൽ പുനരധിവാസം ദുഷ്കരമാകും. പ്രത്യാശ ഇല്ലാതാകുമ്പോൾ മാനസാന്തരം സാധ്യമാണെന്ന ആളുകളുടെ വിശ്വാസവും ഇല്ലാതാകും. എന്നാൽ, സുവിശേഷം അടിസ്ഥാനപരമായി പ്രത്യാശയുടെ സന്ദേശമാണ്. തന്റെ ശുശ്രൂഷയിലുടനീളം, സമൂഹം തിരസ്കരിച്ചവരിൽ യേശു പ്രത്യാശ പുനരുദ്ധരിച്ചു. പ്രത്യാശ പുനഃരുജ്ജീവിപ്പിക്കുക എന്നാൽ തടവുകാരെ സമൂഹത്തിലേക്കു വീണ്ടും സംയോജിപ്പിക്കാൻ സഹായിക്കുകയെന്നതാണ്; അവരുടെ കുടുംബത്തെ പിന്തുണയ്ക്കുക എന്നതാണ്. തടവുകാരുടെ കുട്ടികൾ അവരുടേതല്ലാത്ത കാരണത്താൽ കഷ്ടപ്പെടാൻ ഇടയാകരുത്.

**വധശിക്ഷ നിർത്തലാക്കൽ**

കത്തോലിക്കാ സഭ ഓരോ മനുഷ്യജീവന്റെയും പവിത്രമായ മാഹാത്മ്യം ഉയർത്തിപ്പിടിക്കുന്നു. അതിനാൽ സഭ വധശിക്ഷയെ എതിർക്കുന്നു. കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം ഇങ്ങനെ പഠിപ്പിക്കുന്നു: വധശിക്ഷ വ്യക്തിയുടെ അലംഘനീയതയ്ക്കും മാഹാത്മ്യത്തിനുമെതിരായ ആക്രമണമാണ്; ലോകമെമ്പാടും അത് നിർത്തലാക്കുന്നതിന് സഭ ദൃഢനിശ്ചയത്തോടെ പ്രവർത്തിക്കുന്നു (CCC 2267). ഈ പ്രബോധനം കുറ്റകൃത്യത്തിന്റെ ഗൗരവത്തെയോ നീതിയുടെ ആവശ്യകതയെയോ നിഷേധിക്കുന്നില്ല. പകരം, ഒരു വ്യക്തിക്കും തനിക്കു ദൈവം നല്കിയ മാഹാത്മ്യം നഷ്ടപ്പെടുന്നില്ലെന്ന് ഉറപ്പിച്ചു പറയുന്നു. വിശുദ്ധ പൗലോസ് പീഡകനിൽനിന്ന് അപ്പോസ്തലനായി രൂപാന്തരപ്പെട്ടു. ധൂർത്തപുത്രൻ വീട്ടിലേക്കു സ്വാഗതം ചെയ്യപ്പെട്ടു.

നല്ല കള്ളൻ പറുദീസയിൽ പ്രവേശിച്ചു. ദൈവം ഒരിക്കലും പാപിയെ കൈവിടുന്നില്ല. മാനസാന്തരത്തിനുള്ള സാധ്യത ആർക്കും നിഷേധിക്കപ്പെടരുത്.

**മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടവരെ അനുഗമനം ചെയ്യുന്നത്**

ഐക്യരാഷ്ട്ര സഭയുടെ ഓഫീസ് ഓൺ ഡ്രഗ്സ് ആൻഡ് ക്രൈം നല്കുന്ന കണക്കനുസരിച്ച്, ലോകമെമ്പാടും ഏകദേശം 11.5 ദശലക്ഷം തടവുകാരുണ്ട്. 23 ദശലക്ഷത്തിലധികം കുട്ടികളാണ് മാതാപിതാക്കൾ തടവറയിൽ ആയിരിക്കുന്നതിനാൽ കഷ്ടതയിലായിരിക്കുന്നത്. ആംനസ്റ്റി ഇന്റർനാഷണൽ റിപ്പോർട്ട് അനുസരിച്ച് 2025-ന്റെ അവസാനത്തോടെ 113 രാജ്യങ്ങൾ വധശിക്ഷ പൂർണമായും നിർത്തലാക്കി. അതേസമയം, ലോകമെമ്പാടും 25,508 പേരെങ്കിലും വധശിക്ഷ കാത്തിരിക്കുകയുമാണ്. ക്രിസ്ത്യാനികൾ എന്ന നിലയിൽ, പ്രാർഥന, ആത്മീയ പരിചരണം, കൗദാശിക ശുശ്രൂഷ, നിയമസഹായം എന്നിവയിലൂടെ ഈ സഹോദരീസഹോദരന്മാരെ അനുധാവനം ചെയ്യാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു.

**നമ്മുടെ രൂപതയോടുള്ള ആഹ്വാനം**

തടവറ ശുശ്രൂഷയുടെ ദൗത്യത്തിൽ സജീവമായി പങ്കുചേരാൻ നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളെയും, സന്യാസസമൂഹങ്ങളെയും, സ്ഥാപനങ്ങളെയും, ഭക്തസംഘടനകളെയും ഞാൻ സ്നേഹപൂർവ്വം ക്ഷണിക്കുന്നു. തടവുകാർക്കും അവരുടെ കുടുംബങ്ങൾക്കുംവേണ്ടി നമുക്ക് പ്രാർഥിക്കാം. തടവറ ശുശ്രൂഷയിലെ എല്ലാ സന്നദ്ധപ്രവർത്തകരെയും നമുക്ക് പിന്തുണയ്ക്കാം. പുനരധിവാസവും നീതി പുനഃസ്ഥാപന പരിപാടികളും നമുക്ക് പ്രോത്സാഹിപ്പിക്കാം. പുതിയ തുടക്കം ആഗ്രഹിക്കുന്ന തടവുകാരെ നമുക്ക് സ്വാഗതം ചെയ്യാം. കാരുണ്യത്തിന്റെ സംസ്കാരം നമുക്ക് പ്രോത്സാഹിപ്പിക്കാം. വിസ്മൃതിയിലായവരെ ശ്രവിക്കുന്ന, മുറിവേറ്റവരെ സുഖപ്പെടുത്തുന്ന, നിരാശരായവർക്കു പ്രത്യാശ നല്കുന്ന ഒരു സഭയായി നമുക്ക് മാറാം.

**നന്ദിയും ആശീർവാദവും**

പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ, ഓരോ ജയിൽ നമ്പറിനു പിന്നിലും ഒരു മനുഷ്യമുഖമുണ്ട്. ഓരോ ശിക്ഷാവിധിക്കു പിന്നിലും ഒരു കഥയുണ്ട്. ഓരോ ജയിൽ മതിലിനു പിന്നിലും കേൾക്കപ്പെടാനും സുഖപ്പെടുത്തപ്പെടാനും നവീകരിക്കപ്പെടാനും കൊതിക്കുന്ന ഒരു ഹൃദയമുണ്ട്. ഈ തടവറ പ്രേഷിത ഞായറാഴ്ച (Prison Ministry Sunday), ക്രിസ്തുവിന്റെ കരുണാർദ്രമായ ഹൃദയം നമ്മിൽ

നവീകരിക്കപ്പെടട്ടെ. തടവുപുള്ളിയുടെ നിലവിളി നമുക്ക് കേൾക്കാം. തകർന്ന ജീവിതത്തിന്റെ മുറിവുണക്കാൻ നമുക്ക് സഹായിക്കാം. തടവറ പ്രേഷിത ശുശ്രൂഷയുടെ മധ്യസ്ഥരായ വിശുദ്ധ മാക്സിമില്യൻ കോൾബെയും ധന്യനായ വാൻ തുവാനും ഈ ശുശ്രൂഷയിൽ സേവന മനുഷ്ഠിക്കുന്ന എല്ലാവർക്കുംവേണ്ടി മാധ്യസ്ഥ്യം വഹിക്കട്ടെ. കരുണയുടെ മാതാവായ പരിശുദ്ധ കന്യകാമറിയം എല്ലാ തടവുകാരെയും അവരുടെ കുടുംബങ്ങളെയും ജയിൽ ജീവനക്കാരെയും സന്നദ്ധപ്രവർത്തകരെയും അനുഗമനം ചെയ്യട്ടെ.

പ്രാർഥനയിലൂടെയും സേവനത്തിലൂടെയും ഉദാരമനസ്കതയിലൂടെയും തടവറ പ്രേഷിത ശുശ്രൂഷയെ പിന്തുണയ്ക്കുന്ന എല്ലാ രൂപതകളോടും സമർപ്പിത സമൂഹങ്ങളോടും അഭ്യുദയകാംക്ഷികളോടും വിശ്വാസികളോടും എന്റെ സഹോദരമെത്രാന്മാർക്കൊപ്പം ഞാൻ ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തുന്നു. യേശു സാഹോദര്യ കൂട്ടായ്മയുടെ അർപ്പണബോധമുള്ള സന്നദ്ധപ്രവർത്തകരെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു.

പ്രാർഥനാപൂർവകമായ ആശീർവാദങ്ങളോടെ, ബന്ധിതരെ മോചിപ്പിക്കുന്ന ക്രിസ്തുവിൽ,

**ബിഷപ് സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ**
(ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ബിഷപ് മാർ ജോസ് പുളിക്കൽ**
(വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ബിഷപ് തോമസ് മാർ യൗസേബിയൂസ്**
(വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

പി. ഒ. സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം, കൊച്ചി: 682 025

---

**N:B:-** 2026 ആഗസ്റ്റ് 9-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുമല്ലോ.

4227/K-5/KCBC/OL/DS 16.07.2026

## ജസ്റ്റിസ് സൺഡേ (നീതി ഞായർ) 2026 ആഗസ്റ്റ് 16
## കെ സി ബി സി എസ്. സി./എസ്. റ്റി./ബി. സി. കമ്മീഷൻ
## പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചതിന്റെ മധുരസ്മരണകൾ അയവിറക്കുന്ന ഈ വേളയിലും ഭാരതത്തിലെ പൗരന്മാരായ ദളിത് ക്രൈസ്തവർ പലവിധത്തിൽ അടിമത്വത്തിലും അവഗണനയിലും കഴിയുകയാണ്. ഇവരുടെ പ്രശ്നങ്ങളെക്കുറിച്ച് സഭാസമൂഹം ആഴത്തിൽ ചിന്തിക്കുന്നതിനും അവരുമായി ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നതിനും വേണ്ടിയാണ് ആഗസ്റ്റ് 15 ന് ശേഷം വരുന്ന ഞായറാഴ്ച 'ജസ്റ്റിസ് സൺഡേ' ആയി സഭ ആചരിക്കുവാൻ CBCI (ഭാരത കത്തോലിക്ക മെത്രാൻ സമിതി) 1986 ൽ തീരുമാനം എടുത്തത്. ഈ വർഷം ആഗസ്റ്റ് 16-ാം തീയതി ജസ്റ്റിസ് സൺഡേ ആയി നാം ആചരിക്കുകയാണ്.

ജാതിയുടെ അടിസ്ഥാനത്തിൽ നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ട അവശലക്ഷങ്ങളുടെ ഉദ്ധാരണത്തിനുവേണ്ടി ഇന്ത്യൻ ഭരണഘടനയിൽ പ്രത്യേക വ്യവസ്ഥകളും പരിരക്ഷകളും ഉൾപ്പെടുത്തിയിട്ടുണ്ട്. എങ്കിലും 1950 ലെ പട്ടികജാതി ഉത്തരവിൻ പ്രകാരം മേൽപ്പറഞ്ഞ ആനുകൂല്യങ്ങളും, പ്രത്യേക സംരക്ഷണവും പ്രസ്തുത വിഭാഗത്തിലെ ഹിന്ദു, സിഖ്, ബുദ്ധമത വിശ്വാസികൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുകയാണ്. തത്ഫലമായി ഇന്ത്യയിലെ പട്ടികജാതി വംശജരായ ക്രിസ്ത്യാനികൾക്ക് പട്ടികജാതിക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ നിഷേധിക്കപ്പെട്ടിരിക്കുന്നു. ഇത് വെറും മതവിവേചനമല്ല പ്രസ്തുത പരോക്ഷമായ മത പീഡനമാണ്. ഈ നടപടി അപരിഷ്കൃതവും, വിവേചനപരവും നിന്ദ്യവുമാണ്. ഭരണഘടന വാഗ്ദാനം ചെയ്യുന്ന മൗലികാവകാശങ്ങളുടെ ലംഘനവും ഭാരതത്തിന്റെ മതേതരത്വത്തിന് കളങ്കം ചാർത്തുന്ന തീരുമാനവുമാണ്.

ക്രിസ്തുമത വിശ്വാസം സ്വീകരിച്ചതിന്റെ പേരിൽ മതേതര രാജ്യമായ ഭാരതത്തിൽ നമ്മുടെ ദളിത് ക്രൈസ്തവ സഹോദരങ്ങൾ ഇന്നും അവഗണനയും വിവേചനവും അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തിയെങ്കിൽ മാത്രമേ ദളിത് ക്രൈസ്തവർക്ക് സമൂഹത്തിൽ നീതിയും പരിരക്ഷയും ലഭിക്കു

കയുള്ളു. ദളിത് ക്രൈസ്തവരെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി കേന്ദ്ര-സംസ്ഥാന ഗവൺമെന്റ് തലത്തിൽ സമ്മർദ്ദം ചെലുത്തിവരുന്നു. ഈ ആവശ്യത്തിലേക്ക് സഭാമക്കൾ എല്ലാവരുടെയും കൂട്ടായ പരിശ്രമവും നിരന്തരമായ പ്രാർത്ഥനയും ആവശ്യമാണ്.

ദളിത് ക്രൈസ്തവ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ വളർച്ചയിൽ കേരളസഭ വഹിക്കുന്നപങ്ക് പ്രശംസനീയമാണ്. എങ്കിലും അവരുടെ ഉയർച്ചക്കായി സഭ ഇനിയും കൂടുതൽ ചെയ്യേണ്ടിയിരിക്കുന്നു. KCBC, SC, ST/ BC കമ്മീഷൻ ദളിത് ക്രൈസ്തവ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ഓരോ രൂപതകളും വിദ്യാർത്ഥികൾക്ക് പ്രത്യേക സാമ്പത്തിക സഹായങ്ങളും ചെയ്തുവരുന്നു. യോഗ്യതയുള്ള ദളിത് ഉദ്യോഗാർത്ഥികൾക്ക് അവരുടെ യോഗ്യതയുടെ അടിസ്ഥാനത്തിൽ സഭാ സ്ഥാപനങ്ങളിലെ തസ്തികകളിൽ പ്രത്യേക പരിഗണന നൽകേണ്ടതാണ്.

ദളിത് ക്രൈസ്തവരുടെ പ്രശ്നം നമ്മുടെ സഭയുടെ മുഴുവൻ പ്രശ്നമായി ഏറ്റെടുക്കുകയും അവരോടുള്ള നമ്മുടെ മനോഭാവങ്ങളിൽ മാറ്റം വരുത്തുകയും മുൻവിധി കൂടാതെ അവരോട് കരുണാപൂർവ്വം പെരുമാറുകയും അവരുടെ എല്ലാ പ്രവർത്തനങ്ങൾക്കും പ്രോത്സാഹനങ്ങളും സഹായ സഹകരണങ്ങളും നൽകുകയും ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു. ദളിത് ക്രൈസ്തവരുടെ ക്ഷേമത്തിനായി KCBC യുടെ മേൽനോട്ടത്തിൽ പ്രവർത്തിച്ചുവരുന്ന ഒരു സംഘടനയാണ് DCMS (ദളിത് കത്തോലിക്കാ മഹാജനസഭ). സംഘടനയുടെ ശാഖകൾ ഇല്ലാത്ത ദളിത് ക്രൈസ്തവരുള്ള ഇടവകകളിൽ അവ രൂപീകരിച്ച് പ്രവർത്തിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ദളിത് കത്തോലിക്കാ വിദ്യാർത്ഥികളുടെ ശാക്തീകരണത്തിന് SC, ST / BC കമ്മീഷൻ ഏർപ്പെടുത്തിയിരിക്കുന്ന അക്കാദമികവും കലാപരവുമായ നാല് പദ്ധതികൾ T.S.D.T.P ഡവലപ്പ്മെന്റ് ടാലന്റ് പ്രോഗ്രാം, സിംഫണി, കരിയർ ഓറിയന്റേഷൻ, മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് കോച്ചിംഗ് ഉടൻ പ്രായോഗികമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുകയാണ്. ജെ. ബി. കോശി കമ്മീഷൻ ദളിത് ക്രൈസ്തവർക്കുവേണ്ടി നൽകിയ ശുപാർശ നടപ്പിലാക്കുവാൻ സർക്കാരിന്റെ മേൽ കൂടുതൽ സമ്മർദ്ദം ചെലുത്തേണ്ടിയിരിക്കുന്നു. നീതി ഞായറായി ഈ വർഷം ആഘോഷിക്കുന്ന ഓഗസ്റ്റ് 16-ാം തീയതി കേരള കത്തോലിക്കാ സഭയിലെ ഇടവകകളിൽ DCMS

പതാക ഉയർത്തുകയും ഈ ദിവസത്തിന്റെ പ്രാധാന്യത്തെപ്പറ്റി ദൈവജനത്തെ ബോധവത്കരിക്കുകയും, പ്രത്യേക പരിപാടികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്. കാരണം നമ്മുടെ ദളിത്കത്തോലിക്ക സഹോദരങ്ങൾ സഭാഗാത്ര ത്തിന്റെ അഭിഭാജ്യ ഘടകമാണല്ലോ. അന്നത്തെ സ്തോത്രകാഴ്ച പ്രത്യേകമായി നമ്മുടെ ദളിത് സഹോദരങ്ങളുടെ ശാക്തീകരണ ത്തിനായി മാറ്റിവയ്ക്കപ്പെടുന്നതാണ്.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ്പ് ഗീവർഗീസ് മാർ അപ്രേം**
ചെയർമാൻ, KCBC SC,ST/BC കമ്മീഷൻ

**ബിഷപ്പ് തോമസ് മാർ യൗസേബിയൂസ്**
വൈസ് ചെയർമാൻ, KCBC SC,ST/BC കമ്മീഷൻ

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് രാജപ്പൻ**
വൈസ് ചെയർമാൻ, KCBC SC,ST/BC കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം, കൊച്ചി: 682 025

---

**N:B:** 2026 ആഗസ്റ്റ് 16-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപ നങ്ങളിലും വായിക്കുമല്ലോ.

# രൂപതാകച്ചേരി വാർത്തകൾ

**1. സ്നേഹസ്മരണ**

ബഹു. മാത്യു കാട്ടറത്ത് അച്ചന്റെ ചരമവാർഷികം ആഗസ്റ്റ് 9-ാം തീയതിയും, ബഹു. കുര്യൻ പുതനപ്ര അച്ചന്റെ ചരമ വാർഷികം ആഗസ്റ്റ് 17 നും, ബഹു. സെബാസ്റ്റ്യൻ പാലക്കീൽ അച്ചന്റെയും, ബഹു. ജോസഫ് മഴുവഞ്ചേരി അച്ചന്റെയും ചരമവാർഷികം സെപ്റ്റംബർ 2 നുമാണ്. ഈ വൈദികരെ നമ്മുടെ ബലികളിലും പ്രാർത്ഥനകളിലും പ്രത്യേകം അനുസ്മരിക്കാം.

**2. തടവറ പ്രേഷിത ദിനം ആഗസ്റ്റ് 09**

ആഗസ്റ്റ് 09 ഞായാഴ്ച തടവറ പ്രേഷിത പ്രവർത്തനങ്ങൾക്കുവേണ്ടി പ്രത്യേകം സ്തോത്രക്കാഴ്ച സ്വീകരിച്ച് രൂപതാകേന്ദ്രത്തിൽ എത്തിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**3. ജസ്റ്റീസ് സൺഡേ - ആഗസ്റ്റ് 16**

ക്രിസ്തുമതം സ്വീകരിച്ചതിന്റെ പേരിൽ മനുഷ്യാവകാശവും പൗരാവകാശവും നിഷേധിക്കപ്പെട്ട ദളിത് ക്രിസ്ത്യാനി സഹോദരങ്ങളെ സ്മരിക്കുന്നതിനും അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും അവർക്ക് നീതി ലഭ്യമാക്കുന്നതിനുമായിട്ടാണല്ലോ ജസ്റ്റീസ് സൺഡേ ആചരിക്കുന്നത്. ദളിത് ക്രൈസ്തവ സഹോദരങ്ങൾക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ നമുക്കും പങ്കാളികളാകാം. ആഗസ്റ്റ് 16 ന് വിശുദ്ധ കുർബാനമധ്യേ നടത്തുന്ന സ്തോത്രക്കാഴ്ച ദളിത് സഹോദരങ്ങളുടെ ഉന്നമനത്തിനായി അയച്ചുകൊടുക്കുവാൻ രൂപതാകേന്ദ്രത്തിൽ എത്തിക്കുമല്ലോ.

**4. പുതിയ നിയമനം**

നമ്മുടെ രൂപതയുടെ പുതിയ ഓഫീസ് സെക്രട്ടറിയായി ബഹു. ബോബി പാലക്കുഴ അച്ചൻ 2026 ജൂലൈ 21 മുതൽ ബിഷപ്സ് ഹൗസിൽ നിയമിതനായി. പുതിയ സേവന മേഖലയിൽ എല്ലാവിധ പ്രാർത്ഥനാശംസകളും നേരുന്നു

**5. നന്ദി**

നമ്മുടെ രൂപതയുടെ ഓഫീസ് സെക്രട്ടറിയായി കഴിഞ്ഞ 3 വർഷക്കാലം ബിഷപ്സ് ഹൗസിൽ സ്തുത്യർഹമായ സേവനം ചെയ്ത് കാനഡയിൽ കിംഗ്സ്റ്റൺ രൂപതയിൽ സേവനം

ചെയ്യുവാനും പഠനത്തിനുമായി പോകുന്ന ബഹു. ആൽബിൻ വളയത്തിൽ അച്ചന് രൂപതയുടെ നന്ദിയും ഭാവി ശുശ്രൂഷ കൾക്ക് എല്ലാവിധ ആശംസകളും നേരുന്നു.

**6. ബഹു. വൈദികരുടെ വാർഷിക ധ്യാനം**

ഈ വർഷത്തെ വൈദികരുടെ വാർഷികധ്യാനം ആദ്യ ബാച്ചിന്റേത് 2026 ആഗസ്റ്റ് 30 ന് ഞായറാഴ്ച വൈകുന്നേരം 7 .15 മുതൽ സെപ്റ്റംബർ 4 വെള്ളി ഉച്ചവരെയും, രണ്ടാമത്തെ ബാച്ചിന്റേത് 2026 സെപ്റ്റംബർ 13 ഞായറാഴ്ച വൈകുന്നേരം 7.15 മുതൽ സെപ്റ്റംബർ 18 വെള്ളിയാഴ്ച ഉച്ചവരെയുമാണ്. ബഹുമാനപ്പെട്ട വൈദികർ ഈ തീയതികൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

ഈ വർഷത്തെ ധ്യാനം നയിക്കുന്നത് വിൻസെൻഷ്യൻ സഭാംഗവും പോട്ട ഡിവൈൻ ധ്യാന കേന്ദ്രത്തിൽ പോപ്പുലർ മിഷൻ ധ്യാനങ്ങളുടെ ഡയറക്റ്ററും ധ്യാനഗുരുവുമായ ബഹു. ജോജോ മാരിപ്പാട്ട് വി. സി. അച്ചനാണ്.

**ഏതാനും ചില കാര്യങ്ങൾ കൂടി ഓർമ്മിപ്പിക്കട്ടെ**

1. ധ്യാനവിവരം മുൻകൂട്ടി ഇടവകകളിൽ അറിയിക്കേണ്ട താണ്. ഇതുവഴി ജനങ്ങൾക്ക് അവരുടെ ആവശ്യങ്ങൾ ക്രമീക രിക്കാനും വൈദികർക്കുവേണ്ടി പ്രാർത്ഥിക്കാനും സാധിക്കും.

2. ഒന്നാം ദിവസം വൈകിട്ട് 7.15 ന് നടക്കുന്ന ജപമാല പ്രാർ ത്ഥന, റംശാനമസ്കാരം എന്നിവയോടെയാണ് ധ്യാനം ആരംഭി ക്കുന്നത്. അവസാനിക്കുന്നത് അവസാന ദിവസം ഉച്ചഭക്ഷണ ത്തോടെയാണ്.

3. ധ്യാനത്തിനു വരുമ്പോൾ കുർബാന കണക്ക് ബുക്ക് കൊണ്ടുവരേണ്ടതാണ്. തക്കതായ കാരണത്താൽ ധ്യാനത്തിൽ സംബന്ധിക്കാൻ സാധിക്കാത്തവർ 2025 സെപ്റ്റംബർ മുതൽ 2026 ഓഗസ്റ്റ് 31 വരെയുള്ള ബൈനേഷന്റെ കണക്കുകൾ കത്തു മുഖേ നയോ, വാട്സ്ആപ്പ് വഴിയോ സെപ്റ്റംബർ അവസാനത്തോടെ യെങ്കിലും ബിഷപ്സ് ഹൗസിൽ അറിയിക്കേണ്ടതാണ്.

4. PPF ന്റെ വരിസംഖ്യ ധ്യാനത്തിന് വരുമ്പോൾ കൊണ്ടു വരണമെന്ന് ഓർമ്മിപ്പിക്കുന്നു.

5. വളരെ ഗൗരവതരമായ കാരണങ്ങളാൽ ധ്യാനത്തിൽ സംബന്ധിക്കാൻ സാധിക്കാത്തവർ അക്കാര്യം മുൻകൂട്ടി അറിയി ക്കുകയും ഡിസംബർ 31 നു മുമ്പായി എവിടെയെങ്കിലും ധ്യാന ത്തിൽ സംബന്ധിച്ച് വിവരം അറിയിക്കുകയും കുർബാന കണക്കു പുസ്തകം ബഹുമാനപ്പെട്ട ജനറാളച്ചന്റെ പക്കൽ പരിശോധന യ്ക്ക് എത്തിക്കുകയും ചെയ്യേണ്ടതാണ്.

## Annual Retreat for Priests 2026- 1st Batch

## (30th Aug. 2026 to 4th Sep. 2026)

**S.N** **Rev. Frs, House Name & Name**

| | |
|---|---|
| 1 | Alumkal Joseph |
| 2 | Ambalathinkal Sebastian |
| 3 | Ambalathara Francis |
| 4 | Arackaparambil Emmanuel |
| 5 | Chakkittakudy Jose |
| 6 | Chakkittukudyil James |
| 7 | Chakkiyath Xavier |
| 8 | Chempalayil Augustine |
| 9 | Chirayilparambil Joseph (Jobin) |
| 10 | Choorapuzhayil John |
| 11 | Chozhenparmbil John |
| 12 | Elemkunnel Joseph ( Tony) |
| 13 | Kachirayil Thomas |
| 14 | Kalambukattu Joseph |
| 15 | Kalappurackal Mathew (Vipin) |
| 16 | Kalappurayil Vincent |
| 17 | Kalarickal Paul |
| 18 | Kaliyaniyil Kuriakose |
| 19 | Kandathinkara Emmanuel |
| 20 | Kappiarumalayil Johny |
| 21 | Kattamkottil Thomas (Anish) |
| 22 | Kattath Thomas |
| 23 | Kavumkal Joseph |
| 24 | Kizhakkanputhupally Varghese (Pratheesh) |

| | |
|---|---|
| 25 | Kocharackal Jose |
| 26 | Kocheril Mathew |
| 27 | Kochumalayil Varghese |
| 28 | Kochuparackal Kurian (Saji) |
| 29 | Koipuram Sebastian |
| 30 | Kollarthottam Mathew |
| 31 | Kottakupurath Thomas |
| 32 | Kulangara Paul |
| 33 | Kunnath Johney |
| 34 | Kuttimakkal James |
| 35 | Kuthukallunkal Francis |
| 36 | Madapallikunnel Mathew |
| 37 | Madappallikunnel Antony (Siby) |
| 38 | Malayil Mathew |
| 39 | Mankottil James |
| 40 | Manthrickal Thomas |
| 41 | Maplassery Babu |
| 42 | Mattam Gervasis |
| 43 | Mecheril Joseph |
| 44 | Moloparambil Jose |
| 45 | Moolayil Thomas |
| 46 | Moothedath Mathew (Babu) |
| 47 | Moothedath Thomas (Shaji) |
| 48 | Mulakodiyankal Varghese |
| 49 | Mulangattil Thomas |
| 50 | Mulavelikkunnel Jacob |
| 51 | Mundolickal Paul |
| 52 | Muthanikkattu Martin |
| 53 | Myladoor George |
| 54 | Nakkuzhikkattu  Mathew |

| | |
|---|---|
| 55 | Nedumkallel Joseph |
| 56 | Nellimalayil Emmanuel |
| 57 | Njallampuzha Thomas |
| 58 | Onampally Alex |
| 59 | Oravaranthara Vincent |
| 60 | Padinjarayil Mathew (Robin) |
| 61 | Painumkal George (Lal) |
| 62 | Pakkanikuzhiyil Sebastian |
| 63 | Palakkattu Augustine |
| 64 | Palath Joseph |
| 65 | Pannackal Mathew |
| 66 | Parackal Varghese |
| 67 | Parunthanolil Thomas |
| 68 | Periappuram Mathew |
| 69 | Poothakkuzhi Jacob |
| 70 | Poothakkuzhiyil Joseph (Christy) |
| 71 | Pudusserry Vincent |
| 72 | Pulikkunnel Devasia |
| 73 | Pulikuzhiyil Abraham |
| 74 | Pulinthanam Jose |
| 75 | Pullamkunnel Joy |
| 76 | Pulpayil Joseph |
| 77 | Punnackapadavil Sebastian |
| 78 | Puthenpurayil Joseph (Sineesh) |
| 79 | Puthenpurayil Manuel (Siju) |
| 80 | Puthukkattil Mathew |
| 81 | Puthukulathil John |
| 82 | Thamarasseril Vincent |
| 83 | Thanniyil Augustine |

| | |
|---|---|
| 84 | Thattuparambil Varghese |
| 85 | Thayyil Jose |
| 86 | Thekkilakattil  Joseph (Ajay) |
| 87 | Thekkilakattil Mathew (Jomesh) |
| 88 | Thenpallil Sebastian |
| 89 | Therakam George |
| 90 | Therakam Thomas Joseph |
| 91 | Thevarkunel Don Bosco |
| 92 | Thuruthel Kuriakose (Joy) |
| 93 | Thuruthiyil Louis |
| 94 | Unnippally Sebastian |
| 95 | Urumbil Joseph |
| 96 | Vadakkel Emmanuel |
| 97 | Vadakkemulanjanal  Michael |
| 98 | Valloppilly Joseph |
| 99 | Vathelil Abraham |
| 100 | Vattakattu Paul (Roy) |
| 101 | Vattakkunnel Jude |
| 102 | Vazhakkala Chacko |
| 103 | Vazhayil Kurian |

## Annual Retreat for Priests 2026 – 2nd Batch
## (13th Sept. – 18th Sept.)

| S.N | Rev. Frs, House Name & Name |
|---|---|
| 1 | Aikkarathazhath Joseph |
| 2 | Alukka George |
| 3 | Arumayil George |
| 4 | Chakkalackal Joseph |
| 5 | Chavaranal Thomas |
| 6 | Chelackapallil Thomas |
| 7 | Chembakkara James |
| 8 | Cheradiyil Cherian |
| 9 | Chettiyassery Joseph |
| 10 | Chirackathottathil Augustine |
| 11 | Chittarackal Varghese |
| 12 | Chittoor Joseph |
| 13 | Edakudiyil Mathew |
| 14 | Edayakondattu Paul |
| 15 | Elamkunnapuzha Joseph |
| 16 | Elavanappara Sebastian |
| 17 | Elavunkal Johny |
| 18 | Elayidath Mani |
| 19 | Elemkunnel Sebastian |
| 20 | Iykarakkanayil Thomas |
| 21 | Kakkattikalayil Sebastian |
| 22 | Kakkonal Thomas |
| 23 | Kalappura Jose |
| 24 | Kalappurackal Abraham (Vinoy) |
| 25 | Kanippillil Varghese |
| 26 | Kalliyattu Devasia |
| 27 | Kallumkamakkal Joseph |
| 28 | Kallupura Johny |

| | |
|---|---|
| 29 | Kappiarumalayil Jose |
| 30 | Karamayil Issac |
| 31 | Karukappally Joseph |
| 32 | Karuthedath Mathew (Manoj) |
| 33 | Karuthedath Mathew (Rajeesh) |
| 34 | Kavalakkadan  Varghese |
| 35 | Keezheth Sebastian |
| 36 | Kizhakkanputhupally John (Santhosh) |
| 37 | Kochuparackal Mathew (Tomy) |
| 38 | Koottala Paul |
| 39 | Korandiyarkunnel Paul |
| 40 | Korattiparambil Vincent |
| 41 | Kottackal Stephen |
| 42 | Kottarathil Joseph |
| 43 | Kottayil Joseph |
| 44 | Koyikattil  Thomas |
| 45 | Kudakkachira Joseph |
| 46 | Kulathinal James |
| 47 | Kumbakeel Kuriakose |
| 48 | Kumbalakuzhiyil  Mathew |
| 49 | Kunnath Joseph |
| 50 | Kunnath Kuriakose |
| 51 | Kunnathettu James |
| 52 | Kuttikattukunnel Thomas |
| 53 | Kuzhikandathil Joseph |
| 54 | Madathil Abraham (Sunny) |
| 55 | Madathiparambil Devasia (Arun) |
| 56 | Mangalathil Thomas |
| 57 | Mampallil George |
| 58 | Manakkunnel Thomas |

| | |
|---|---|
| 59 | Manjakkunnel Mathew |
| 60 | Mavara Stanislaus |
| 61 | Meppurath Chacko |
| 62 | Moonnanal Justine |
| 63 | Mukkattukavunkal Thomas |
| 64 | Mundackamattam Jose |
| 65 | Munjanattu Mathew |
| 66 | Muthirakkalayil Joseph |
| 67 | Muthukathaniyil Varghese |
| 68 | Muthukattil  Shantidas |
| 69 | Nechikatu Joseph |
| 70 | Nellickal Abraham |
| 71 | Nellikkunnel Francis |
| 72 | Nilackappillil Augustine |
| 73 | Olickal Thomas |
| 74 | Ousepparampil Joseph |
| 75 | Padinjarayil George |
| 76 | Painumkal Kuriakose (Binu) |
| 77 | Palakkattu Antony |
| 78 | Palakkuzha Bobby |
| 79 | Palathadathil George |
| 80 | Pallattukunnel Augustine |
| 81 | Pallichankuidiyil Mathai |
| 82 | Paruvummel Joseph |
| 83 | Peechattu Joseph |
| 84 | Perumattikkunnel  Mathew |
| 85 | Perumattikunnel Johny |
| 86 | Pinakkattu Joseph |
| 87 | Plassanal Thomas |

| | |
|---|---|
| 88 | Poikayil Joseph (Jerin) |
| 89 | Ponparackal John |
| 90 | Ponthottiyil Thomas |
| 91 | Pudussery Martin |
| 92 | Punakkattu Chandy |
| 93 | Punchayil Lucka |
| 94 | Puthen Sebstian |
| 95 | Puthenparambil James |
| 96 | Puthenpurackal Mathew (Tomy) |
| 97 | Puthukulangara Thomas |
| 98 | Thekkethil Abraham |
| 99 | Thondiparambil  Sebastian (Biju) |
| 100 | Thondiparambil Kiran |
| 101 | Thuruthel Thomas |
| 102 | Thykkunnumpuram Thomas |
| 103 | Vadasserry Thomas |
| 104 | Vadayaparambil Joseph (Somy) |
| 105 | Vattukulathil Mathew |
| 106 | Vattukunnel Isaac |
| 107 | Vazhachalil Thomas |
| 108 | Vazhakattu Joseph |
| 109 | Venakuzhiyil  Mathai |
| 110 | Vettickal John |

Please note that the names of the religious fathers are not given in the list, since a very few are participating in the retreat organized by the diocese. Hence those who wish to attend the retreat, please contact Rev. Fr. Joseph Paruvummel the Director of Pastoral Centre. His Mobile No. 9447518360.

## Newly Constituted Committees and Councils

**Finance Council -2026 (w.e.f 1st July 2026)**

1. Bishop Jose Porunnedom
2. Bishop Alex Tharamangalam (Aux. Bishop)
3. Fr. Paul Mundolickal (ProtoSyncellus)
4. Fr. Joseph Muthirakalayil (Syncellus)
5. Fr. Jose Kocharackal (Procurator)
6. Fr. Kuriakose (Anoop) Kaliyaniyil
7. Fr. John Choorapuzhayil
8. Fr. Varghese ( Manoj) Kavalakkadan
9. Mr. John Mathew CM

**Building Committee -2026 (w.e.f 1 st July 2026)**

1. Fr. Paul Mundolickal (Protosynellus)
2. Fr. Jose Kocharackal (Procurator)
3. Fr. Biju Mavara
4. Fr. Sibichan Chelakapallil

**Eparchial Consultors – 2026 (w.e.f 1st July 2026)**

1. Bishop Jose Porunnedom
2. Bishop Alex Tharamangalam (Aux. Bishop)
3. Fr. Paul Mundolickal
4. Fr. Joseph( Benny) Muthirakalayil
5. Fr. Kuriakose (Anoop) Kaliyaniyil
6. Fr. Jose Kocharackal
7. Fr. Joseph ( Saji) Nedumkallel
8. Fr. John Choorapuzhayil
9. Fr. George Alukka
10. Fr. Varghese ( Manoj) Kavalakkadan
11. Fr. Stanislaus( Biju) Mavara
12. Fr. Joseph (Sony) Vazhakkattu

The Diocesan Legal Advisor: Mr. Shebin Deepthigiri

**മാർ അലക്സ് താരാമംഗലം**
സഹായമെത്രാൻ

**ബൈബിൾ നേഴ്സറി**

നമ്മുടെ എല്ലാ ഇടവകകളിലും ഓഗസ്റ്റ് 2-ാം തിയതി മുതൽ ബൈബിൾ നേഴ്സറി ആരംഭിച്ച് കുട്ടികളെ ചേർക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**ക്ലാസ്സ് പരീക്ഷ**

ഓഗസ്റ്റ് 9 ഞായറാഴ്ചയാണ് ക്ലാസ്സ് പരീക്ഷ നടത്തേണ്ടത്. ക്ലാസ് അധ്യാപകർതന്നെ ചോദ്യങ്ങൾ തയ്യാറാക്കി നിർബന്ധമായും ക്ലാസ്സ് പരീക്ഷ നടത്തുകയും, അതിന്റെ മാർക്ക് രേഖപ്പെടുത്തുകയും വേണം. സിലബസനുസരിച്ചുള്ള പാഠഭാഗങ്ങൾ തീർത്ത് പരീക്ഷക്കായി കുട്ടികളെ ഒരുക്കേണ്ടതാണ്.

**രൂപതാ വിസിറ്റ്**

ഇടവകകളിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങളെ മനസ്സിലാക്കുന്നതിനും, വിലയിരുത്തുന്നതിനുമായി രൂപതാ ടീമംഗങ്ങൾ ഓഗസ്റ്റ് 2 ഞായറാഴ്ച്ച മുതൽ ഇടവകകളിൽ സന്ദർശനം നടത്തുന്നതാണ്. വിവിധ ഫൊറോനകളിലെ സന്ദർശന തിയ്യതികളും, സന്ദർശന ദിവസങ്ങൾ ഏതാണെന്നും ബഹു. വികാരിയച്ചൻമാരെയും, ഹെഡ്മാസ്റ്റേഴ്സിനെയും അറിയിക്കുന്നതായിരിക്കും.

**DCT Registration 2026-27**

**DCT (Diploma in Catechesis for Teachers)**

DCT കോഴ്സ് പ്രധാനമായും മതാധ്യാപകർക്കുള്ളതാണ്. HCC പൂർത്തിയാക്കിയ മറ്റുള്ളവർക്കും ഈ കോഴ്സ് ചെയ്യാവുന്നതാണ്. ഈ കോഴ്സിനെ സംബന്ധിച്ച വിവരങ്ങൾ ഇടവകകളുടെ വാട്സാപ്പ് ഗ്രൂപ്പുകളിലൂടെ അറിയിക്കുമല്ലോ. ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. ഇടവകകളിലെ IT അധ്യാപകരുടെ സഹകരണത്തോടെ Registration നടത്തുക. നമ്മുടെ വെബ്സൈറ്റ് https://catechismmdy.in/panel ഇടവകയുടെ യൂസർനെയിം & പാസ് വേഡ് ഉപയോഗിച്ച് ലോഗിൻ ചെയ്തുകഴിയുമ്പോൾ വരുന്ന ഇന്റർഫെയ്സിൽ കാണുന്ന Application Menu ഓപ്പൺ ചെയ്ത് DCT സെലക്ട്ചെയ്ത് Open ചെയ്യുക. അപ്പോൾ വരുന്ന Apply Now

ക്ലിക്ക് ചെയ്ത്, New Registration എന്ന Option ഉപയോഗിച്ച് ആപ്ലിക്കേഷൻ ഫോം പൂർത്തിയാക്കേണ്ടതാണ്. ആപ്ലിക്കേഷൻ ഫോമിന്റെ മുകളിലായി Survey Data Bank , Not in Survey എന്നിങ്ങനെ രണ്ട് Option കാണാം. പാരിഷ് സർവ്വേയിൽ ഉൾപ്പെട്ടിട്ടുള്ളവരാണെങ്കിൽ അവരെ Survey Data Bank ൽ രജിസ്റ്റർ ചെയ്യണം. Not in Survey എന്നുള്ളത് സർവ്വേയിൽ ഇല്ലാത്തവരെ Register ചെയ്യാൻ വേണ്ടിയുള്ളതാണ്. കൃത്യമായ വിവരങ്ങൾ എല്ലാം Enter ചെയ്തതിനു ശേഷം Verify ചെയ്ത് Submit ചെയ്യേണ്ടതാണ്. സിസ്റ്റേഴ്സ് രജിസ്ട്രേഷൻ ചെയ്യുമ്പോൾ അവരുടെ സ്കൂൾ സർട്ടിഫിക്കറ്റിൽ ഉള്ള പേര് തന്നെ ചേർക്കുവാൻ ശ്രദ്ധിക്കണം. ഓഗസ്റ്റ് 10 നുള്ളിൽ ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കണം. 12/08/2026 ന് ശേഷം രജിസ്റ്റർ നമ്പർ രൂപതാ ഓഫീസിൽ നിന്ന് Add ചെയ്യും. Print എടുക്കുവാനുള്ള Message രജിസ്റ്റർ ചെയ്തവർക്കുള്ള What's app ഗ്രൂപ്പിൽ ലഭിച്ച് കഴിയുമ്പോൾ 20.08.2026 ന് മുമ്പായി print എടുത്ത് ഓഫീസിൽ എത്തിക്കണം. DCT യുടെ രജിസ്ട്രേഷൻ ഫീസ് 2400 രൂപയാണ്. അതിൽ 1200 രൂപ സ്കോളർഷിപ് ആയി മതബോധന കേന്ദ്രം വഹിക്കുന്നതാണ്.

**മതാധ്യാപക സംഗമം**

**മുള്ളൻകൊല്ലി**

2026 ജൂൺ 28 ന് ഞായറാഴ്ച്ച മുള്ളൻകൊല്ലി മേഖലയിലെ അധ്യാപക സംഗമം മുള്ളൻകൊല്ലി ഫൊറോന പള്ളിയിൽ വച്ച് നടന്നു. 8.45 ന് രജിസ്ട്രേഷനോട് കൂടി ആരംഭിച്ചു. മേഖലാ ഡയറക്ടർ ഫാ. ജോണി കല്ലുപുര ഏവർക്കും സ്വാഗതം ആശംസിച്ചു. തലശ്ശേരി രൂപതാ മതബോധന ടീമംഗം ശ്രീ. ജോബി മൂലയിൽ സാർ ക്ലാസ് നയിച്ചു. ഫൊറോനാ വികാരി ബഹു. ജോർജ് ആലുക്ക അച്ചൻ അധ്യാപകർക്കായി വി. ബലി അർപ്പിച്ചു. ഉച്ചകഴിഞ്ഞ് 3 മണിക്ക് നടന്ന പൊതുസമ്മേളനത്തിൽ മേഖലാ സെക്രട്ടറി ശ്രീമതി സിജി ടീച്ചർ സ്വാഗതം ആശംസിച്ചു. ഫൊറോനാ വികാരിയച്ചൻ അധ്യക്ഷപ്രസംഗം നടത്തി. രൂപതാ ഡയറക്ടർ ബഹു. തോമസ് കച്ചിറയിലച്ചൻ സന്ദേശം നൽകി. മുള്ളൻകൊല്ലി അസി. വികാരി ബഹു. ജോസ് CMI അച്ചൻ ആശംസകളർപ്പിച്ചു. തുടർന്ന് ജൂബിലി ആഘോഷിച്ച അധ്യാപകരെയും, സ്കോളർഷിപ്പ് ലഭിച്ച കുട്ടികളെയും, രൂപതാ പ്രതിഭ സംഗമത്തിൽ പങ്കെടുത്ത കുട്ടികളെയും ആദരിച്ചു. ശിശുമല ഇടവക പ്രധാന അധ്യാപകൻ ജോൺസൺ

സാർ നന്ദി അർപ്പിച്ചു. 193 അധ്യാപകർ പങ്കെടുത്തു. സംഗമത്തിന് നേതൃത്വം നൽകിയ ബഹു. ജോണിയച്ചനും, ഫൊറോനാ ടീമംഗങ്ങൾക്കും, പങ്കെടുത്ത് വിജയിപ്പിച്ച അധ്യാപകർക്കും, സഹകരിച്ച എല്ലാവർക്കും നന്ദി.

**കൽപ്പറ്റ**

2026 ജൂലൈ 12 ന് ഞായറാഴ്ച കൽപ്പറ്റ ഫൊറോനാ മതാധ്യാപകസംഗമം തെനേരി ഫാത്തിമ മാതാ പള്ളിയിൽ വെച്ച് സംഘടിപ്പിച്ചു. രാവിലെ 9.30 ന് രൂപതാ ഡയറക്ടർ ബഹു. തോമസ് കച്ചിറയിൽ അച്ചന്റെ കാർമ്മികത്വത്തിലുള്ള ബലിയർപ്പണത്തോടെ സംഗമം ആരംഭിച്ചു.

കൽപ്പറ്റ മേഖലാ ഡയറക്ടർ ബഹു.പോൾ ഇടയക്കൊണ്ടാട്ടച്ചൻ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. തുടർന്ന് രൂപതാ സഹായ മെത്രാൻ അഭിവന്ദ്യ അലക്സ് താരാമംഗലം പിതാവ് ക്ലാസുകൾക്ക് നേതൃത്വം നൽകി. ഉച്ചകഴിഞ്ഞ് രൂപതാ മതബോധന ടീമംഗം ബഹു. സെബാസ്റ്റ്യൻ പാലംപറമ്പിൽ സാർ സമുദായ ശക്തീകരണ വർഷത്തെ കുറിച്ച് ക്ലാസെടുത്തു. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ മേഖലാ സെക്രട്ടറി ശ്രീ. ജോൺ പുല്ലാപള്ളിൽ ഏവർക്കും സ്വാഗതം ആശംസിച്ചു. കൽപ്പറ്റ ഫൊറോനാ വികാരി ബഹു. തോമസ് കോയിക്കാട്ടിലച്ചൻ മേഖലയിലെ 15 വർഷം പൂർത്തിയാക്കിയ അധ്യാപകരെ ആദരിച്ച് സന്ദേശം നൽകി. തെനേരി ഇടവക പ്രധാനാധ്യാപിക ശ്രീമതി മേഴ്സി ചക്കാലക്കൽ ഏവർക്കും നന്ദിയർപ്പിച്ചു. 172 അധ്യാപകർ പങ്കെടുത്ത സംഗമം വൈകുന്നേരം 4 മണിയോടെ സമാപിച്ചു. സംഗമത്തിന് നേതൃത്വം നൽകിയ മേഖലാ ഡയറക്ടർ ബഹു. പോൾ ഇടയക്കൊണ്ടാട്ട് അച്ചനും മേഖലാ ടീമംഗങ്ങൾക്കും, പങ്കെടുത്ത അധ്യാപകർക്കും, സഹകരിച്ച എല്ലാവർക്കും നന്ദി.

**ഫാ. തോമസ് കച്ചിറയിൽ**
മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹം നിറഞ്ഞവരെ,

ഒരു ക്രൈസ്തവ അത്മായ പ്രേഷിതൻ എപ്രകാരമായിരിക്കണം ക്രിസ്തു സ്നേഹം അപരനിലേക്ക് പകരേണ്ടത് എന്ന് സ്വജീവിതം കൊണ്ട് അടയാളപ്പെടുത്തിയ നമ്മുടെയൊക്കെ മാർഗദീപവും, പ്രചോദനവുമായ കുഞ്ഞേട്ടന്റെ ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി മറ്റൊരു ഓഗസ്റ്റ് മാസം കൂടി കടന്നു വന്നിരിക്കുകയാണ്. കുഞ്ഞേട്ടനെപോലെ തിരുസഭയോട് ചേർന്ന്, ഉത്തമ സഭാതനയരായി മിഷൻലീഗിന്റെ പ്രേഷിത സംസ്കാരത്തെ നമ്മുടെ ശാഖാ, മേഖലാ, രൂപതാ പ്രവർത്തനങ്ങളിലൂടെ നമുക്ക് പ്രഘോഷിക്കാം. പുതിയ പ്രവർത്തന വർഷം രണ്ട് മാസങ്ങൾ പിന്നിടുമ്പോൾ എല്ലാ ശാഖകളിലും, മേഖലകളിലും മിഷൻലീഗ് പ്രവർത്തനങ്ങൾ സജീവമായി നടക്കുന്നു എന്നറിയുന്നതിൽ ഒത്തിരി സന്തോഷം. ശാഖാ, മേഖലാ സാഹിത്യ മത്സരങ്ങൾ വിജയകരമായി പൂർത്തിയാക്കിയ നിങ്ങളെ പ്രത്യേകം അഭിനന്ദിക്കുന്നു. ഓഗസ്റ്റ് നാലിന് വിയാനി ദിനമാണല്ലോ. നമ്മുടെ എല്ലാ വൈദികരെയും നന്ദിയോടെ ഓർക്കാം. ഒപ്പം പരിശുദ്ധ അമ്മയുടെ സ്വർഗാരോപണ തിരുനാളും നമ്മുടെ മാതൃരാജ്യത്തിന്റെ സ്വാതന്ത്ര്യ ദിനവും ആഘോഷിക്കുന്ന മാസമാണല്ലോ ഇത്. നമ്മുടെ രാജ്യത്തിന്റെ ഉത്തമ പൗരന്മാരായി, നാടിന്റെ ഐക്യവും അഖണ്ഡതയും സംരക്ഷിക്കുമെന്ന് നമുക്ക് പ്രതിജ്ഞയെടുക്കാം. വ്യത്യസ്തവും ഫലദായകവുമായ വിവിധ കർമ്മ പരിപാടികളിലൂടെ മുന്നേറുന്ന നിങ്ങൾക്ക് എല്ലാവിധ അഭിനന്ദനങ്ങളും, പിന്തുണയും സ്നേഹപൂർവ്വം അറിയിക്കുന്നു. കുഞ്ഞേട്ടൻ കൊളുത്തി നൽകിയ പ്രേഷിത തീക്ഷ്ണതയും, സഭാസ്നേഹവും ഒട്ടും കൈമോശം വരാതെ എന്നും നമുക്ക് നെഞ്ചോട് ചേർത്ത് വെക്കാം. എല്ലാവർക്കും തുടർന്നും ദൈവാനുഗ്രഹം നിറഞ്ഞ പ്രവർത്തനദിനങ്ങൾ ആശംസിക്കുന്നു.

**സന്തോഷച്ചൻ**

**സെന്റ് തോമസ് ദിനം**

ജൂലൈ 3 ന് സെന്റ് തോമസ് ഡേയും, സഭാ ദിനവും ആഘോഷിച്ചു. അന്നേ ദിനം തോമസ് നാമധാരികളുടെ ഓൺലൈൻ സംഗമം നടത്തി. സംസ്ഥാന പ്രസിഡന്റ് രഞ്ജിത്ത് മുതുപ്ലാക്കൽ ആശംസ അറിയിച്ചു.

**ടീം മീറ്റിംഗ്**

രൂപതാ പ്രവർത്തനത്തിന് സഹായിക്കുന്ന ടീമംഗങ്ങളുടെ സംഗമം ജൂലൈ 9 ന് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ ബഹു. സന്തോഷ് ഒറവാറന്തറ അച്ചൻ ക്ലാസ് എടുത്തു.

**ഡയറക്ടേഴ്സ് ജോ. ഡയറക്ടേഴ്സ് സംഗമം**

രൂപതയിലെ ചെറുപുഷ്പ മിഷൻലീഗ് മേഖലാ ഡയറക്ടേഴ്സ് ജോ. ഡയറക്ടേഴ്സ് സംഗമം ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുകയുണ്ടായി. രൂപതാ ഡയറക്ടർ ഫാ. സന്തോഷ് ഒറവാറന്തറ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. രൂപതാ പ്രസിഡന്റ് സിജിൻ കൂടക്കാട്ട് അധ്യക്ഷം വഹിച്ചു. എക്സിക്യൂട്ടീവ് അംഗങ്ങൾ നേതൃത്വം നൽകി.

**ആദരാഞ്ജലികൾ**

മുൻ രൂപതാ എക്സിക്യൂട്ടീവ് അംഗം വിൻസെന്റ് തലച്ചിറ സാറിന്റെ അമ്മയുടെ നിര്യാണത്തിലും, ഇപ്പോഴത്തെ നിലമ്പൂർ മേഖല ജോ. ഡയറക്ടർ സി. ജെസ്സി ജോസ് SKD യുടെ ചാച്ചന്റെ നിര്യാണത്തിലും രൂപതാ സമിതി അനുശോചനം രേഖപ്പെടുത്തി. ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ മൃതസംസ്കാര കർമ്മങ്ങളിൽ പങ്കെടുത്തു പ്രാർത്ഥിച്ചു.

**ജോ. ഡയറക്ടേഴ്സ് ദിനം**

ജൂലൈ 28 ന് വി. അൽഫോൻസാമ്മയുടെ തിരുനാൾ ജോ. ഡയറക്ടേഴ്സ് ദിനമായി ആചരിച്ചു. ജോ. ഡയറക്ടേഴ്സിന് ഓൺലൈൻ സംഗമം നടത്തി. ശാഖാ, മേഖലാ, രൂപതാ ജോ. ഡയറക്ടേഴ്സിനെ ആദരിച്ചു.

**വിജയ കിരീടം ആര് ചൂടും**

ഫിഫ വേൾഡ് കപ്പ് 2026 വിജയിയെ കണ്ടെത്തുവാനുള്ള പ്രവചന മത്സരം ചെറുപുഷ്പ മിഷൻലിഗിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. മത്സരത്തിൽ വിജയികളായ കൂളിവയൽ ഇടവകാംഗമായ ബെറ്റ്സൺ ജോർജ് പടിഞ്ഞാറേക്കുറ്റിനും പൂളപ്പാടം ഇടവകാംഗമായ ജെയിംസ് പൈനടത്തിനും അഭിനന്ദനങ്ങൾ.

**Priest's Premier  League 2026 ( PPL)**

വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച്, മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന വൈദികർക്ക് സ്നേഹാദരങ്ങളോടെ ഒരു കായിക വിരുന്ന്. മിഷൻലീഗിന്റെയും കെ.സി.വൈ.എം ന്റെയും ആഭിമുഖ്യത്തിൽ ആവേശത്തിന്റെ സ്മാഷുകളും സൗഹൃദത്തിന്റെ റാലികളും തീർക്കാൻ പ്രിയ വൈദികരെ ഓഗസ്റ്റ് 2 ഞായറഴ്ച മേരി മാതാ കോളേജ് ഓഡിറ്റോറിയത്തിലേക്ക് സ്വാഗതം ചെയ്യുന്നു.

**ദ്വാരക മേഖല**

പ്രവർത്തന വർഷ ഉദ്ഘാടനം ഫൊറോന വികാരി ഫാ. ജോണി മലയിൽ നിർവഹിച്ചു. പുതിയ മേഖലാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേലിനും ജോയിന്റ് ഡയറക്ടർ സി. ആഗ്നസ് പുളിമൂട്ടിൽ SABS നും പുതിയ പ്രവർത്തന വർഷത്തിൽ ആശംസകൾ നേർന്നു. മേഖല ഭരണ സമിതിയിലേക്ക് പ്രസിഡന്റായി ജിജോ മംഗലത്തെയും മറ്റു ഭാരവാഹികളെയും തിരഞ്ഞെടുത്തു. മേഖല സാഹിത്യ മത്സരത്തിനായി തയ്യാറെടുപ്പുകൾ നടത്തി.

**ചുങ്കക്കുന്ന് മേഖല**

പ്രവർത്ത വർഷ ഉദ്ഘാടനവും, മാർഗരേഖ പ്രകാശനവും, മേഖലാ കൗൺസിലും ജൂലൈ അഞ്ച് ഞായറാഴ്ച്ച ചുങ്കക്കുന്ന് ഫാത്തിമമാതാ ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. ചുങ്കക്കുന്ന് ഫൊറോന വികാരി ഫാ. ബിജു മാവറ പ്രവർത്തന വർഷ ഉദ്ഘാടനവും, മാനന്തവാടി രൂപതാ പ്രസിഡന്റ് ശ്രീ. സിജിൻ കൂടക്കാട്ട് മാർഗരേഖ പ്രകാശനവും  നിർവഹിച്ചു. മേഖലയുടെ പുതിയ പ്രസിഡന്റായി മാസ്റ്റർ ക്രിസ്റ്റോ വടക്കേക്കരയെ തെരഞ്ഞെടുത്തു.

**നീലഗിരി മേഖല**

മേഖലാ മാനേജിംഗ് കമ്മിറ്റി കൂടുകയും മേഖല ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു. പ്രവർത്തന വർഷം ഉദ്ഘാടനം ചെയ്തു. എക്സിക്യൂട്ടീവ് കൂടുകയും പ്രവർത്തനവർഷ മാർഗ്ഗരേഖ പ്ലാൻ ചെയ്യുകയും ചെയ്തു. ശാഖ ജോ. ഡയറക്ടേഴ്സ് മീറ്റിംഗ് നടത്തി. മേഖലാ സാഹിത്യമത്സരം (സർഗ്ഗപുഷ്പം 26) ജൂലൈ 26 തീയതി നടത്താൻ തീരുമാനിച്ചു.

**കല്ലോടി മേഖല**

രൂപതാ കൗൺസിലിലും പ്രവർത്തന വർഷ ഉദ്ഘാടനത്തിലും മേഖലാ ഭാരവാഹികൾ പങ്കെടുത്തു. മേഖലാ എക്സിക്യൂ

ട്ടീവ് മീറ്റിംഗ് കൂടി. വായനാ ദിനത്തോടനുബന്ധിച്ച് ജൂൺ 19-25 വരെ വായനാ വാരമായി ആചരിച്ചു. പ്രവർത്തന വർഷ ഉദ്ഘാടനവും ജോ. ഡയറക്ടേഴ്സ് സംഗമവും മാർഗരേഖ പ്രകാശനവും നടത്തി. 2025-26 വർഷത്തെ മികച്ച ശാഖകൾക്ക് ട്രോഫി നൽകി ആദരിച്ചു. വി. പത്രോസ്, വി. പൗലോസ് ശ്ലീഹൻമാരുടെ തിരുനാൾ ആഘോഷിച്ചു.

**മുള്ളൻകൊല്ലി മേഖല**

പ്രവർത്തന വർഷ ഉദ്ഘാടനവും മാർഗരേഖ പ്രകാശനവും നടത്തി. ഏയ്ഞ്ചൽസ് മീറ്റ് നടത്തി. മേഖലാ ഡയറക്ടർ റോയി വട്ടക്കാട്ട് അച്ചന്റെ നാമഹേതുകതിരുനാൾ ആഘോഷിച്ചു. ശാഖാ സെക്രട്ടറിമാർക്ക് ട്രെയിനിങ് കൊടുത്തു. മേഖലയുടെ നേതൃത്വത്തിൽ ആരാധന നടത്തി. ശാഖാ ജോയിൻറ് ഡയറക്ടേഴ്സ് മീറ്റിംഗ് നടത്തി.

**മാനന്തവാടി മേഖല**

പ്രവർത്തന വർഷ ഉദ്ഘാടനം നടത്തപ്പെട്ടു. മേഖലയുടെ കീഴിലുള്ള എല്ലാ ശാഖകളും ലഹരിക്കെതിരെ പോസ്റ്റർ രചന, സാഹിത്യ രചനാമത്സരങ്ങൾ, ലഹരിക്കെതിരെ ഒരു ഗോൾ തുടങ്ങിയ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. ദുക്റാന തിരുന്നാളിനോടനുബന്ധിച്ച് മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച ശാഖയെ തിരഞ്ഞെടുത്തു. മേഖലയുടെ കീഴിലുള്ള ശാഖ എക്സിക്യൂട്ടീവ് അംഗങ്ങൾക്ക് ശാഖയിൽ സൂക്ഷിക്കേണ്ട റെക്കോർഡുകൾ, റിപ്പോർട്ടുകൾ എങ്ങനെ എഴുതാം എന്നിവയെ കുറിച്ച് ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന പ്രസിഡന്റ് ശ്രീ. രഞ്ജിത് മുതുപ്ലാക്കൽ ക്ലാസ്സെടുത്തു.

**ശാഖാ വാർത്തകൾ**

**ബാവലി**

സൺഡേ സ്കൂൾ പ്രവേശനോത്സവം നടത്തി. കുട്ടികൾ 1 മണിക്കൂർ ആരാധന നടത്തി. കുട്ടികൾക്ക് ആവശ്യമായ നോട്ടുബുക്കുകൾ വിതരണം ചെയ്തു. പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. രൂപതാ പ്രവർത്തനവർഷ ഉദ്ഘാടനത്തിൽ പങ്കെടുത്തു. കുട്ടികൾക്ക് ഗാന പരിശീലനം, അൾത്താര ശുശ്രൂഷികൾക്ക് പരിശീലനം, തോമാശ്ലീഹായുടെ തിരുനാളിനുള്ള ഒരുക്കങ്ങൾ എന്നിവ നടത്തി. ഇടവകാ കുടുംബം മുഴുവനും കുട്ടികളോടൊപ്പം നിന്ന് മനോഹരമായ രീതിയിൽ ഇടവകയിലെ പ്രവർത്തന വർഷം ഉദ്ഘാടനം ചെയ്തു.

**റിപ്പൺ**

'ലഹരിക്കെതിരെ വല നിറയെ ഗോളുകൾ' എന്ന ആശയവുമായി ഫുട്ബോൾ 'ധമാക്ക' 2026 എന്ന പേരിൽ പെനാൽറ്റി, ഷൂട്ട് ഔട്ട്, ഫ്ളാഷ് മോബ് എന്നിവ നടത്തി. ബഹു. കൃഷി വകുപ്പ് മന്ത്രി ഉദ്ഘടനം ചെയ്തു. സെൻ്റ് തോമസ് ഡേ ആഘോഷിച്ചു. ഇടവക വികാരി ഷിജു അച്ചന് നാമഹേതുകതിരുനാൾ ആശംസകൾ നേർന്നു. തോമസ് നാമധാരികളെ ആദരിച്ചു. അന്നേ ദിവസം വി. കുർബാനയിൽ പങ്കെടുത്ത കുട്ടികളിൽ നിന്നും നറുക്കെടുപ്പിലൂടെ തെരഞ്ഞെടുത്ത 2 കുട്ടികൾക്ക് സമ്മാനം നൽകി. വിശ്വാസ പരിശീലനത്തിൽ മികച്ച വിജയം കൈവരിച്ചവരെ ആദരച്ചു.

**വാഴവറ്റ**

പ്രവർത്തനവർഷ ഉദ്ഘാടനവും EMPOWER 2026-27 പ്രവർത്തനവർഷ മാർഗ്ഗരേഖ പ്രകാശനവും അംഗത്വ സീകരണവും നടത്തി. ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ചു ഫ്ളാഷ് മോബ് സംഘടിപ്പിച്ചു. ഫാദേഴ്സ് ഡേയുടെ ഭാഗമായി ഇടവകയിലെ പിതാക്കന്മാരെ ആദരിച്ചു. വി. പത്രോസ്, വി. പൗലോസ് ശ്ലീഹന്മാരുടെ തിരുനാളിനോടനുബന്ധിച്ചുകഴിഞ്ഞ അൻപത് വർഷത്തിലധികമായി ഇടവകയിൽ ദേവാലശുശ്രൂഷ ചെയ്യുന്ന പത്രോസ് നാമധാരിയായ ബേബി ചേട്ടനെ ആദരിച്ചു.

**മൂലങ്കാവ്**

ദുക്റാന തിരുനാൾ ആഘോഷിച്ചു. അംഗത്വ സ്വീകരണം നടത്തി, വിവിധ കലാപരിപാടികൾ ഉണ്ടായിരുന്നു. കഴിഞ്ഞ വർഷം പഠനത്തിന് മികവ് പുലർത്തിയവർക്കും മുഴുവൻ ഹാജർ ഉള്ളവർക്കും രൂപതാ സ്കോളർഷിപ്പ് ഉള്ളവരെയും ആദരിക്കുകയും സമ്മാനങ്ങൾ നല്കുകയും ചെയ്തു.

**പയ്യംമ്പള്ളി**

പിതൃദിനത്തോടനുബന്ധിച്ച് 'അപ്പനൊരുമ്മ' ഫോട്ടോഗ്രാഫി മത്സരം നടത്തി, സമ്മാനങ്ങൾ നൽകി. ശാഖയിൽ 28/06/2026 ന് പ്രവർത്തനവർഷ ഉദ്ഘാടനവും അംഗത്വ സ്വീകരണവും ഫാ. ജെയിംസ് പുത്തൻപറമ്പിൽ നിർവഹിച്ചു.

**കരിമ്പിൽ**

പ്രേഷിത സൂനം, വചനപഠനം, സഭയെ അറിയാൻ ക്വിസ് എന്നിവ നടത്തി. പ്രവർത്തനവർഷ ഉദ്ഘാടനവും മാർഗരേഖ പ്രകാശനവും നടത്തി. വി. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ

തിരുനാളിനോട് അനുബന്ധിച്ച് ഹൗസ് അടിസ്ഥാനത്തിൽ പോസ്റ്റർ നിർമ്മാണം നടത്തി.

**കല്ലോടി**

പ്രവേശനോത്സവം നടത്തി. പ്രവർത്തനവർഷ ഉദ്ഘാടനം നടത്തി. ലോഗോസ് പഠനം ആരംഭിച്ചു. ലഹരിവിരുദ്ധ വീഡിയോ നിർമ്മിച്ചു. ക്വിസ്സ് മത്സരം നടത്തി. ശാഖാ സാഹിത്യ മത്സരം നടത്തി. മാർഗ്ഗരേഖ തയ്യാറാക്കി. പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ ദിനം നാമധാരികൾക്ക് ആശംസ അർപ്പിച്ചു. മാനേജിംഗ് കമ്മിറ്റി കൂടി. രോഗീസന്ദർശനം നടത്തി. ശാഖാ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. രൂപതാ കൗൺസിലിൽ പങ്കെടുത്തു. മേഖലാ പ്രവർത്തന വർഷ ഉദ്ഘാടത്തിൽ പങ്കെടുത്തു. 2025-26 പ്രവർത്തന വർഷത്തിൽ മേഖലയിൽ കല്ലോടി ശാഖ 2-ാം സ്ഥാനം കരസ്ഥമാക്കി.

**നെടുംബാല**

പിതാക്കൻമാരുടെ ദിനത്തിൽ ഇടവകയിലെ മുതിർന്ന പിതാവിനെ ആദരിച്ചു. ലഹരിവിമുക്ത ദിനത്തിൽ ലഹരിക്കെതിരെ കൈയൊപ്പ്, സന്ദേശം, കവിത, പോസ്റ്റർ എന്നിവ ചെയ്തു. വായനാ ദിനത്തിൽ ഇടവകയിലെ CML അംഗങ്ങളെല്ലാവരും തിരുവചനം വായിച്ചു വായനാദിനത്തിൽ പങ്കുചേർന്നു. ദുക്റാന തിരുനാളിന് വിവിധ പ്രോഗ്രാമുകൾ നടത്തി. അംഗത്വ സ്വീകരണം നടത്തി, ഉന്നത വിജയം നേടിയ കുട്ടികളെയും, മുടങ്ങാതെ വേദപാഠ ക്ലാസ്സിൽ വന്ന കുട്ടികളേയും ആദരിച്ചു.

**ചുങ്കക്കുന്ന്**

രൂപതാ വിസിറ്റ് നടന്നു. വിയാനി ഭവൻ സന്ദർശിച്ചു. വൈദികരുടെ സിമിത്തേരി സന്ദർശിച്ചു പ്രാർത്ഥിച്ചു. ശാഖാ പ്രവർത്തന വർഷം ഉദ്ഘാടനം, മാർഗ്ഗരേഖ പ്രകാശനം, ബഡ്ജറ്റ് അവതരണം എന്നിവ നടത്തി. സാഹിത്യ ശില്പശാല നടത്തി. ഓപ്പറേഷൻ തൂഫാൻ ഐക്യദാർഢ്യം പ്രകടിപ്പിച്ച് ഷൂട്ടൗട്ട് ഉണ്ടായിരുന്നു. ലഹരി വിരുദ്ധ ക്ലബ്ബ് ഉദ്ഘാടനം, ലഹരിവിരുദ്ധ വാരാചരണം, ലഹരിക്കെതിരെ ബോധവൽക്കരണ ക്ലാസ് എന്നിവ നടത്തി. Matha Cup ഫുട്ബോൾ മാച്ച് ഉദ്ഘാടനം പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഉദ്ഘാടനം ചെയ്തു. ലഹരി വിമുക്ത സമൂഹം എന്റെ പ്ലക്കാർഡ് ചലഞ്ച് നടത്തി.

**ചുള്ളിയോട്**

10-ാം ക്ലാസ്സിൽ എല്ലാ വിഷയത്തിനും A+ നേടിയ അശ്വിനെ ആദരിച്ചു. Father's Day യോട് അനുബന്ധിച്ച് തിരുബാലസംഖ്യ കുട്ടികൾ പിതാക്കന്മാരെ ആദരിക്കുകയും അവർ പ്രാർത്ഥിക്കുകയും ചെയ്തു. 15 വർഷം പ്രധാന അധ്യാപകനായി വിരമിച്ച ജോൺ സാറിന് സെന്റ് ഓഫ് നല്കി. ദുക്റാന തിരുനാൾ ആലോഷിക്കുകയും തോമസ് നാമധാരികളെ ആദരിക്കുകയും ചെയ്തു. തോമ്മാശ്ലീഹായെക്കുറിച്ച് ജോയിസ് തറപ്പേൽ ക്ലാസ് എടുത്തു.

**ഏലപ്പീടിക**

ഗ്രൂപ്പടിസ്ഥാനത്തിൽ ലോഗോസ് ക്വിസ് നടത്തി. പാവപ്പെട്ട കുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകി. സാഹിത്യ മൽസരത്തിനുകുട്ടികളെ ഒരുക്കി. ജൂലൈ 3 ന് കുട്ടികളുടെ കലാപരിപാടികൾ നടത്തി. വി. കുർബാനയ്ക്ക് കുട്ടികളെ ഒരുക്കി.

**വടപുറം**

പ്രവർത്തന വർഷം ഉദ്ഘാടനം ചെയ്തു. ഫാദേഴ്സ് ഡേ ആഘോഷിച്ചു. ഫാദേഴ്സിനുവേണ്ടി പ്രത്യേകം പ്രാർത്ഥന നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാളിൽ നാമധാരികളെ ആദരിച്ചു, പോസ്റ്റർ തയ്യാറാക്കി. വിശുദ്ധ തോമാശ്ലീഹായുടെ തിരുനാളിൽ നാമധാരികളെ ആദരിച്ചു. അവരുടെ കാഴ്ചവെപ്പ് നടത്തി. അസാധാരണ സമ്മേളനം വിവിധ കലാപരിപാടികളോടു കൂടെ നടത്തി പൊതുദിവ്യകാരുണ്യ സ്വീകരണം നടത്തി.

**പൂളപ്പാടം**

പ്രവർത്തനവർഷ ഉദ്ഘാടനവും മാർഗ്ഗരേഖ പ്രകാശനവും നടത്തി. തിരുഹൃദയ തിരുനാളിനോട് അനുബന്ധിച്ച് തിരുഹൃദയത്തിന്റെ ചിത്രരചന മത്സരവും, ദൈവകരുണയെ കുറിച്ച് കവിത രചന മത്സരവും, വ്യക്തിപരമായി ലഭിച്ച ദൈവാനുഭവത്തെക്കുറിച്ച് കുറിപ്പെഴുതൽ മത്സരവും നടത്തി. ദുക്റാന തിരുനാളിനോടനുബന്ധിച്ച് അസാധാരണ സമ്മേളനം നടത്തി.

**തെനേരി**

Kalam's World Record's Award നേടിയ കുട്ടികളെ അഭിനന്ദിച്ചു. ദൈവവിളി സെമിനാർ നടത്തി. ലഹരിവിരുദ്ധ ക്ലബ്ബ് രൂപീകരണം, പ്രവർത്തനവർഷ ഉദ്ഘാടനം എന്നിവ നടത്തി. രോഗീ സന്ദർശനം നടത്തി. സാമ്പത്തിക സഹായം നൽകി. ബഹു. വികാരിയ

ച്ചന്റെ നാമഹേതുക തിരുനാൾ ആഘോഷിച്ചു. മേഖലാ പ്രവർത്തന വർഷ ഉദ്ഘാടനത്തിൽ പങ്കെടുത്തു. ദുക്റാന തിരുനാളിൽ തോമസ് നാമധാരികളെ ആദരിച്ചു. അംഗത്വസ്വീകരണം, മാർഗരേഖ പ്രകാശനം, ക്വിസ് മത്സരം എന്നിവ നടത്തി. ലഹരിവിരുദ്ധ സെമിനാറും ലഹരിക്കെതിരെ ഒപ്പ് ശേഖരണവും കൊളാഷ്, പോസ്റ്റർ പ്രദർശനവും നടത്തി.

**നരിവാലമുണ്ട**

പഠനസഹായം നൽകി. വായനാദിനത്തിൽ ബൈബിൾ വായന മത്സരം നടത്തി. എക്സിക്യൂട്ടീവ് അംഗങ്ങളുടെ ഭവനങ്ങൾ സന്ദർശിച്ചു. പിതൃദിനത്തിൽ 4 മക്കൾ ഉള്ള പിതാക്കന്മാരെ ആദരിച്ചു. 12-ാം ക്ലാസിന്റെ നേതൃത്വത്തിൽ ആരാധന നടത്തി. ഷൂട്ട് ഔട്ട് മത്സരം നടത്തി. പത്രോസ് പൗലോസ് നാമധാരികളെ ആദരിച്ചു. സെന്റ് തോമസ് ഡേയ്ക്ക് അയൽ ഇടവക പാലേമാട് സെന്റ് തോമസ് ചർച്ച് സന്ദർശിക്കുകയും അവിടുത്തെ വികാരിയച്ചന് മംഗളം നേരുകയും ചെയ്തു. തോമസ് നാമധാരികളെ ആദരിച്ചു. മാർഗ്ഗരേഖ പ്രകാശനം, അംഗത്വ സ്വീകരണം എന്നിവ നടത്തി.

**കരിമാനി**

പഠനോപകരണങ്ങൾ കാഴ്ച സമർപ്പണം നടത്തി. അവ കരിമാനി പ്രദേശത്തുള്ള നിർദ്ധനരായ കുട്ടികൾക്ക് വിതരണം ചെയ്തു. സൺഡേ സ്കൂൾ കുട്ടികൾക്കായി വിശ്വാസ ജീവിതത്തെക്കുറിച്ചും മതബോധനത്തെകുറിച്ചുമുള്ള സെമിനാർ നടത്തി. പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു. എക്സിക്യൂട്ടിവ് അംഗങ്ങൾ കാഴ്ച സമർപ്പണം നടത്തി. വായനാദിനത്തോടനുബന്ധിച്ച് കുട്ടികൾക്ക് മാസികൾ വിതരണം ചെയ്തു. ലഹരിവിരുദ്ധ ദിനം, പോസ്റ്റർ നിർമ്മാണമത്സര വിജയികൾക്ക് സമ്മാനം നൽകി. ദുക്റാന തിരുനാൾ ആഘോഷിച്ചു. യുവജനങ്ങളെ ആദരിച്ചു. മാർഗ്ഗരേഖ പ്രകാശനം ചെയ്തു. രോഗീസന്ദർശനം നടത്തി.

**മക്കിയാട്**

മാനേജിംഗ് കമ്മിറ്റി കൂടി. 10,+2 പരീക്ഷകളിൽ ഫുൾ എ പ്ലസ് നേടിയ കുട്ടികളെ ആദരിച്ചു. ശാഖയുടെ ന്യൂസ് ലെറ്റർ 'പെനിയേൽ' പ്രകാശനം ചെയ്തു. പ്രവർത്തന വർഷം ഉദ്ഘാടനം ചെയ്തു. മേഖലാ പ്രവർത്തനവർഷ ഉദ്ഘാടനത്തിൽ പങ്കെടുത്തു. ഇടവകയിലെ പാവപ്പെട്ട കുട്ടികൾക്ക് പഠനോപകരണങ്ങൾ നല്കി.

രോഗീ സഹായം നല്കി. ഡോക്ടേഴ്സ് ഡേ ആചരിച്ചു. ദുക്റാന തിരുനാൾ ആഘോഷിച്ചു. തോമസ് നാമധാരികൾക്ക് ഉപഹാരങ്ങൾ നല്കി. വിവിധ മേഖലകളിൽ മികവ് പുലർത്തിയ കുട്ടികളെ ആദരിച്ചു. അംഗത്വസ്വീകരണവും നവീകരണവും നടത്തി.

**മാർട്ടിൻനഗർ**

രൂപതാ പ്രവർത്തന വർഷ ഉദ്ഘാടനത്തിൽ പങ്കെടുത്തു. ജൂൺ 26 ലഹരി വിരുദ്ധ ദിനത്തിൽ മിഷൻലീഗ് അംഗങ്ങൾ ദിവ്യബലിയിൽ പങ്കെടുക്കുകയും ശേഷം ഡയറക്ടറച്ചൻ ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലി കൊടുക്കുകയും ചെയ്തു. പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. മിഷൻലീഗ് അംഗങ്ങളെ ഗ്രൂപ്പുകളായി തിരിച്ചു. 28-ാം തിയ്യതി ശാഖാ പ്രവർത്തനവർഷ ഉദ്ഘാടനം നടത്തി. ശാഖയിൽ നടന്ന പയ്യമ്പള്ളി മേഖല പ്രവർത്തനവർഷ ഉദ്ഘാടനത്തിൽ ഭാരവാഹികൾ പങ്കെടുത്തു.

**ധർമ്മഗിരി**

രൂപതാ കൗൺസിലിൽ പങ്കെടുത്തു. പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു. ആരാധന നടത്തി. പ്രവേശനോത്സവം നടത്തി. പാട്ട് പ്രാക്ടീസ് നടത്തി. തോമസ് നാമധാരികളെ ആദരിച്ചു. രോഗീ സന്ദർശനം നടത്തി. സെമിത്തേരി സന്ദർശിച്ചു. ജൂലൈ 3 വിപുലമായ രീതിയിൽ ആഘോഷിച്ചു. 'ധർമ്മനോനിയ' എന്ന പേരിൽ മാർഗരേഖ പ്രകാശനം ചെയ്തു. ഡയറക്ടർ അച്ചന്റെ നാമകഹേതുക തിരുനാൾ ആഘോഷിച്ചു. മേഖലാ മാനേജിംഗ് കമ്മിറ്റിയിലും, ജോ. ഡയറക്ടേഴ്സ് മീറ്റിങ്ങിലും പങ്കെടുത്തു. അൾത്താര ബാലന്മാർക്ക് പരിശീലനം നൽകി.

**ഓർമ്മിക്കാൻ**

ഓഗസ്റ്റ് 4 : വിയാനി ദിനം
ഓഗസ്റ്റ് 11 : കുഞ്ഞേട്ടൻ അനുസ്മരണ ദിനം
ഓഗസ്റ്റ് 13 : അൾത്താര ബാലന്മാരുടെ ദിനം
ഓഗസ്റ്റ് 15 : സ്വർഗ്ഗാരോപണ തിരുനാൾ, സ്വാതന്ത്ര്യ ദിനം
ഓഗസ്റ്റ് 24 : രൂപതാ സാഹിത്യ മത്സരം, കൂപ്പൺ രൂപതയിൽ എത്തിക്കേണ്ട അവസാനദിനം
ഓഗസ്റ്റ് 28 : ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷിത്വ ദിനം
ഓഗസ്റ്റ് 29 : വി. എവുപ്രാസ്യാമ്മയുടെ തിരുനാൾ

**ജോൺ പുല്ലാപ്പിള്ളിൽ**
സെക്രട്ടറി

## തിരുബാലസഖ്യം

'കുഞ്ഞുങ്ങൾ കുഞ്ഞുങ്ങളെ സഹായിക്കട്ടെ, കുഞ്ഞുങ്ങൾ കുഞ്ഞുങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കട്ടെ' എന്ന ആപ്തവാക്യം ജീവിതത്തിൽ പകർത്തി, കുട്ടികളെ ക്രിസ്തുവിന്റെ സ്നേഹത്തിന്റെയും സേവനത്തിന്റെയും സാക്ഷികളായി വളർത്തിയെടുക്കാൻ പ്രവർത്തിക്കുന്ന സംഘടനയാണ് തിരുബാലസഖ്യം. പ്രാർത്ഥന, വിശ്വാസപരിശീലനം, കാരുണ്യപ്രവർത്തനങ്ങൾ, ജീവിതമൂല്യങ്ങളുടെ പകർച്ച എന്നിവയിലൂടെ വിശ്വാസത്തിലും സ്നേഹത്തിലും സേവനത്തിലും വളരുന്ന ഒരു ബാലതലമുറയെ വാർത്തെടുക്കുക എന്ന മഹത്തായ ദൗത്യവുമായി തിരുബാലസഖ്യത്തിന്റെ പ്രവർത്തനങ്ങൾ മുന്നേറുന്നു.

2026 ജൂൺ 13 ന് മാനന്തവാടി രൂപത മെത്രാൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് രൂപതാ പ്രവർത്തനവർഷത്തിന്റെ ഉദ്ഘാടനവും, 'ഉണ്ണിക്കൂട്ടം 2026-27' എന്ന മാർഗരേഖയുടെ പ്രകാശനവും നിർവഹിച്ചു. ബഹുമാനപ്പെട്ട ഡയറക്ടർ ഫാ. സന്തോഷ് ഒറവാറാന്തറയുടെ നേതൃത്വത്തിൽ, ആനിമേറ്റർ സിസ്റ്റർ ആഗ്നസ് മരിയ എസ്. എച്ച്, പ്രസിഡന്റ് ജിജോ മംഗലം, സെക്രട്ടറി വിനീത മഞ്ഞളി, ഓർഗനൈസർ ആന്റണി മങ്കടപ്ര എന്നിവർ രൂപതാതലത്തിൽ തിരുബാലസഖ്യത്തിന്റെ നേതൃത്വം ഏറ്റെടുത്തു.

**2026 ഓഗസ്റ്റ്**

| | |
|---|---|
| വിശുദ്ധൻ | : വിശുദ്ധ ജോൺ മരിയ വിയാനി |
| തിരുനാൾ | : സ്വർഗാരോപണ തിരുനാൾ |
| നിയോഗം | : എല്ലാ ഇടവക വൈദികർക്കും വേണ്ടി |
| സുകൃതജപം | : എന്റെ അമ്മേ എന്റെ ആശ്രയമേ |
| വചനം | : ഹൃദയ ശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെ കാണും (വി. മത്തായി 5:8). |

**പ്രവർത്തനങ്ങൾ**

* ഇടവകയിലെ വൈദികരെ ആദരിക്കുകയും ആശംസകൾ അറിയിക്കുകയും ചെയ്യുക.
* ബൈബിൾ വചന ചിത്രരചന: ഒരു ബൈബിൾ വാക്യം ഭംഗിയായി എഴുതി അതിനുചുറ്റും നിറങ്ങൾ കൊടുത്ത് മനോഹരമാക്കുക.
* പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണ തിരുനാളിന്റെ സന്ദേശം 3 മിനിറ്റിൽ കൂടാതെ വീഡിയോ എടുത്ത് അയച്ചു തരിക. ഒരു ശാഖയിൽ നിന്ന് 2 പേർക്ക് അവസരം. വീഡിയോ എഡിറ്റ് ചെയ്യരുത്. രൂപതയിലേക്ക് അയച്ച് തരേണ്ട ലാസ്റ്റ് ഡേറ്റ് ഓഗസ്റ്റ് 12.

**വിനീത മഞ്ഞളി** (സെക്രട്ടറി)

## Department of Youth Ministry

**ലൈഫ് ട്രെയിനിങ്**

2026 ജൂൺ മാസം പതിമൂന്നാം തീയതി ശനിയാഴ്ച രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണി വരെ, ദ്വാരക യൂത്ത് മിനിസ്ട്രി ഓഫീസിൽ വച്ച് 2023, 2024, 2025, 2026 എന്നീ ബാച്ചുകളിലെ ലൈഫ് ട്രെയിനിങ് വിദ്യാർത്ഥികൾക്കായി ഏകദിന പരിശീലനം നടത്തപ്പെട്ടു. 60 വിദ്യാർത്ഥികൾ പങ്കെടുത്ത പരിശീലനത്തിന് യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ 'ലൈഫ് ഫോർമേഷൻ ആൻഡ് സ്കിൽസ്' എന്ന വിഷയത്തിൽ ക്ലാസുകൾ നയിച്ചു. സി. ഷിജി മരിയ CMC, സി. കൊച്ചുറാണി SH, എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.

2026 ജൂലൈ പതിനൊന്നാം തീയതി രണ്ടാം ശനിയാഴ്ച രാവിലെ 9.30 മുതൽ വൈകുന്നേരം 4 മണി വരെ ദ്വാരക യൂത്ത് മിനിസ്ട്രി ഓഫീസിൽ വച്ച്, 2021, 2022, 2023, 2024, 2025, 2026 ബാച്ചുകളിലെ ലൈഫ് ട്രെയിനിങ് വിദ്യാർത്ഥികൾക്കായി പരിശീലനം നടത്തപ്പെട്ടു. 55 വിദ്യാർത്ഥികൾ പങ്കെടുത്ത പരിശീലനത്തിന് യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ "Goal Setting and Career Decision Making' എന്ന വിഷയത്തിൽ ക്ലാസുകൾ നയിച്ചു. വിശുദ്ധ കുർബാനയും ആരാധനയും സ്പിരിചൽ ഷെയറിങ്ങും വിദ്യാർത്ഥികൾക്കായി നടത്തപ്പെട്ടു. സി. ഷിജി മരിയ CMC, എവ്‌ലിൻ കൂളിവയൽ എന്നിവർ ക്യാമ്പിന് നേതൃത്വം വഹിച്ചു.

**അനുദിന പരിശീലനം**

ലൈഫ് ട്രെയിനിങ് വിദ്യാർത്ഥികളുടെ അനുദിനം ഉള്ള പരിശീലനം ക്രമീകരിക്കുന്നതിന് വേണ്ടി യൂത്ത് മിനിസ്ട്രി ടീം അംഗങ്ങളുടെ നേതൃത്വത്തിൽ രാവിലെ 5.15 ന് ഗൂഗിൾ മീറ്റ് വഴി പരിശീലനം നൽകുന്നു. ലൈഫ് ട്രെയിനിങ് വിദ്യാർത്ഥികളോടൊപ്പം തന്നെ മാതാപിതാക്കളും ഇതിൽ പങ്കുചേരുന്നു.

**ഫാ. ലാൽ ജേക്കബ് പൈനുങ്കൽ**
ഡയറക്ടർ

# കെ. സി. വൈ. എം

**32-ാമത് അർദ്ധ വാർഷിക സെനറ്റ് സമ്മേളനം**

കെ. സി. വൈ. എം മാനന്തവാടി രൂപതയുടെ 32-ാമത് അർദ്ധ വാർഷിക സമ്മേളനം ദ്വാരക കോർപ്പറേറ്റ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. സമ്മേളനം മുൻ രൂപതാ ഡയറക്ടറും കോർപ്പറേറ്റ് അസോസിയേറ്റ് മാനേജരുമായ ഫാ. റോബിൻ പടിഞ്ഞാറയിൽ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് നിഖിൽ ചൂടിയാങ്കൽ അധ്യക്ഷത വഹിച്ചു. ചടങ്ങിൽ സമുദായശക്തീകരണ വർഷത്തിലെ തിരക്കഥാ മത്സര വിജയിക്കും, ലഹരി വിരുദ്ധ 'റെഡ് റിബൺ' ക്യാമ്പയിനിലും, പരിസ്ഥിതി സംരക്ഷണത്തിനായി നടത്തിയ 'ഗ്രീൻ ഫ്യൂച്ചർ' വാരാചരണത്തിലും മികച്ച പ്രവർത്തനം കാഴ്ചവെച്ച യൂണിറ്റുകൾക്കും മേഖലകൾക്കും ഉപഹാരങ്ങൾ വിതരണം ചെയ്തു. കടുത്ത യാത്രാദുരിതം നേരിടുന്ന വയനാട് ജില്ലയ്ക്ക് അടിയന്തര ആശ്വാസം നൽകാൻ രണ്ട് ബദൽ പാതകൾ ഉടൻ നടപ്പിലാക്കണമെന്ന് സെനറ്റ് സമ്മേളനത്തിൽ പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. സംസ്ഥാന സിൻഡിക്കേറ്റ് അംഗം വിമൽ കൊച്ചുപുരയ്ക്കൽ പ്രമേയം അവതരിപ്പിച്ചു. മേഖലാ, രൂപതാതല റിപ്പോർട്ടുകൾ അവതരിപ്പിക്കുകയും, സംഘടനാ വളർച്ചയെ കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. ജനറൽ സെക്രട്ടറി റോബിൻ ബിജു വടക്കേക്കര സ്വാഗതവും, സെക്രട്ടറി ദിവ്യ പാട്ടശ്ശേരിയിൽ നന്ദിയും പറഞ്ഞു.

**ജാഗ്രത സന്ദേശം**

റെഡ് റിബൺ ക്യാമ്പയിനോട് അനുബന്ധിച്ച് വയനാട്ടിലെ മികച്ച തിയേറ്ററുകളായ ബത്തേരി ഐശ്വര്യയിലും മാനന്തവാടി ജോസിലും ലഹരിക്കെതിരെയുള്ള യുവത്വത്തിന്റെ ജാഗ്രത സന്ദേശം പരസ്യ ചിത്രത്തിലൂടെ നൽകി.

**പേൾ 2026 സാഹിത്യ മത്സരം**

യുവജനങ്ങളുടെ സാഹിത്യ വാസനകൾ പരിപോഷിപ്പിക്കുന്നതിനായി പേൾ 2026 കെ. സി. വൈ. എം. രൂപത/മേഖല സാഹിത്യമത്സരം രൂപതയുടെ 13 മേഖലാ കേന്ദ്രങ്ങളിൽ വച്ച് ജൂൺ 28 ന് നടത്തപ്പെട്ടു. സാഹിത്യ മത്സരത്തിൽ വിവിധ യൂണിറ്റുകളിൽ നിന്ന് നിരവധി മത്സരാർത്ഥികൾ പങ്കെടുത്തു.

**My Christ**

വി. പൗലോസ് ശ്ലീഹായുടെ തിരുനാൾ ദിനത്തിൽ കെ. സി. വൈ. എം. മാനന്തവാടി രൂപതയിലെ യുവജനങ്ങൾ പൗലോസ് ശ്ലീഹായുടെ ലേഖനങ്ങൾ സ്വന്തം കൈപ്പടയിൽ പകർത്തിയെഴുതി സമർപ്പിച്ചു. വചനം എഴുതി സമർപ്പിച്ചവർക്ക് മെമെന്റോ വിതരണം ചെയ്തു.

**ഗ്രീൻ ഫ്യൂച്ചർ**

കെ. സി. വൈ. എം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ ഗ്രീൻ ഫ്യൂച്ചർ പരിസ്ഥിതി വാരാചരണം ജൂൺ 1 മുതൽ 7 വരെ സംഘടിപ്പിച്ചു. ഏഴു ദിവസങ്ങളിലായി വ്യത്യസ്ത തരത്തിലുള്ള പ്രവർത്തനങ്ങളാണ് യൂണിറ്റ്, മേഖലാ തലങ്ങളിൽ നടത്തിയത്. ഗ്രീൻ ഫ്യൂച്ചർ പരിസ്ഥിതി വാരാചരണത്തിലെ മികച്ച മേഖല: മണിമൂളി മേഖല. ഗ്രീൻ ഫ്യൂച്ചർ പരിസ്ഥിതി വാരാചരണത്തിലെ മികച്ച യൂണിറ്റുകൾ കൊട്ടിയൂർ യൂണിറ്റ് (ഒന്നാം സ്ഥാനം) മണിമൂളി യൂണിറ്റ് (രണ്ടാം സ്ഥനം) ചുങ്കക്കുന്ന് യൂണിറ്റ് (മൂന്നാം സ്ഥാനം). മികച്ച പ്രവർത്തനങ്ങൾ കാഴ്ച്ചവെച്ച മേഖലകൾക്കും യൂണിറ്റുകൾക്കും അഭിനന്ദനങ്ങൾ.

**റെഡ് റിബൺ ലഹരി വിരുദ്ധ ക്യാമ്പയിൻ**

ലഹരിയുടെ ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക് നമ്മുടെ സമൂഹത്തെ കാത്തുസൂക്ഷിക്കാൻ മാനന്തവാടി രൂപതാ 2026 ജൂൺ 1 മുതൽ 30 വരെ റെഡ് റിബൺ ലഹരി വിരുദ്ധ ക്യാമ്പയിൻ യൂണിറ്റ് മേഖല രൂപതാ തലങ്ങളിൽ സംഘടിപ്പിച്ചു. വൈവിധ്യമായ പരിപാടികളോടെ ലഹരിക്കെതിരെയുള്ള ബോധവൽക്കരണം നൽകി. റെഡ് റിബൺ ലഹരിവിരുദ്ധ ക്യാമ്പയിന് സമൂഹത്തിലെ വിവിധ മേഖകളിൽ പ്രശസ്തരായ വ്യക്തികൾ ആശംസകൾ അറിയിച്ചു. ബിഷപ്പ് മാർ ജോസ് പൊരുന്നേടം (മാനന്തവാടി രൂപതാ), ജോസഫ് അന്നകുട്ടി ജോസ് (എഴുത്തുകാരൻ, ഇൻഫ്ളുവൻസർ), ജോണി ആന്റണി (സിനിമ സംവിധായകൻ, നടൻ), അഡ്വ. ടി സിദ്ദിഖ് (കേരള സംസ്ഥാന കൃഷി വകുപ്പ് മന്ത്രി), ഫെമിന ജോർജ് (അഭിനേത്രി), സജ്ന സജീവൻ (ഇന്ത്യൻ ക്രിക്കറ്റർ), അഞ്ജു ജോസഫ് (പിന്നണി ഗായിക), ചാണ്ടി ഉമ്മൻ (എംഎൽഎ പുതുപ്പള്ളി) എന്നിവരുടെ ആശംസകൾ സമൂഹമാധ്യമങ്ങളിലൂടെ പങ്കുവെച്ചു. Red - Ribbon ലഹരി വിരുദ്ധ ക്യാമ്പയിൻ മാസാചരണത്തിലെ മികച്ച മേഖലകൾ തരിയോട് മേഖല (ഒന്നാം സ്ഥാനം) മാനന്തവാടി മേഖല (രണ്ടാം സ്ഥാനം). Red - Ribbon ലഹരി വിരുദ്ധ ക്യാമ്പയിൻ മാസാ

ചരണത്തിലെ മികച്ച യൂണിറ്റുകൾ കൊട്ടിയൂർ യൂണിറ്റ് (ഒന്നാം സ്ഥാനം) മണിമൂളി യൂണിറ്റ് (രണ്ടാംസ്ഥാനം) ബത്തേരി യൂണിറ്റ് & ചുങ്കക്കുന്ന് യൂണിറ്റ് (മൂന്നാം സ്ഥാനം). മികച്ച പ്രവർത്തനങ്ങൾ കാഴ്ച്ചവെച്ച മേഖലകൾക്കും യൂണിറ്റുകൾക്കും അഭിനന്ദനങ്ങൾ.

**യുവജന ദിനം**

വി. ഫ്രാൻസിസ് അസീസിയുടെ 800-ാം ചരമവാർഷിക സ്മരണയിൽ കെ. സി. വൈ. എം മണിമൂളി നിലമ്പൂർ മേഖലകളുടെ ആതിഥേയത്വത്തിൽ കെ.സി.വൈ.എം മാനന്തവാടി രൂപത യുവജന ദിനാഘോഷം നടത്തി. മണിമൂളി പാസ്റ്ററൽ സെന്ററിൽ നിന്നും നിലമ്പൂർ വടപുറം സെന്റ് അസീസി ദേവാലയത്തിലേക്ക് സന്ദേശയാത്രയും ഫൈവ് ആൻഡ് ടു ബാന്റിന്റെ മ്യൂസിക്കൽ ഇവന്റും നടന്നു. മാനന്തവാടി രൂപതയുടെ സഹായ മെത്രാൻ അഭിവന്ദ്യ മാർ അലക്സ് താരാമംഗലം പിതാവ് യുവജനദിനത്തിന് ആശംസകൾ നേർന്നു. മേഖലാ രൂപതാ ഭാരവാഹികൾ പരിപാടിക്ക് നേതൃത്വം നൽകി.

**ദിനാചരണങ്ങൾ**

ഈശോയുടെ തിരുഹൃദയതിരുനാൾ, പാദുവായിലെ വി. അന്തോണീസ്, മാതാവിന്റെ വിമലഹൃദയ തിരുനാൾ, വായനാദിനം, ഫാദേഴ്സ് ഡേ, കെ. സി. വൈ. എം. മധ്യസ്ഥൻ വി. തോമസ് മൂർ, വി. പത്രോസ് പൗലോസ് ശ്ലീഹന്മാർ, വി. തോമ ശ്ലീഹ എന്നീ ദിനാചരണങ്ങൾ നടത്തി.

**ആശംസകൾ**

നാമഹേതുക തിരുനാൾ: മാനന്തവാടി രൂപത സഹായ മെത്രാൻ അഭിവന്ദ്യ മാർ അലക്സ് താരാമംഗലം പിതാവിന് നാമഹേതുക തിരുനാളിന്റെ പ്രാർത്ഥനാശംസകൾ നേർന്നു.

**ജന്മദിനാശംസകൾ**

കെ. സി. വൈ. എം. രൂപതാ ജനറൽ സെക്രട്ടറി റോബിൻ ബിജു വടക്കേക്കര, രൂപതാ സിൻഡിക്കേറ്റ് അംഗം ഫാ. അഗസ്റ്റിൻ ചിറക്കത്തോട്ടത്തിൽ എന്നിവർക്ക് ജന്മദിനാശംസകൾ നേർന്നു.

**വിവാഹ ആശംസ**

സംസ്ഥാന സെനറ്റ് അംഗം ഡ്യൂണ മരിയ കിഴക്കേമണ്ണൂരിനും വരൻ അലക്സ് ടോമിനും വിവാഹാശംസകൾ അറിയിച്ചു.

**ആദരാഞ്ജലികൾ**

വയനാട് കള്ളാടി മണ്ണിടിച്ചിലിൽ മരണപ്പെട്ടവർക്ക് ആദരാഞ്ജലികൾ അറിയിച്ചു.

**മേഖലാ വാർത്തകൾ**

**മാനന്തവാടി**

ലഹരി വിരുദ്ധ മാസാചരണം സംഘടിപ്പിച്ചു. ഓൺലൈൻ മുദ്രാവാക്യ രചന, പോസ്റ്റർ നിർമ്മാണ മത്സരങ്ങൾ എന്നിവ നടത്തി. യുവജനങ്ങൾ ബത്തേരി അസംപ്ഷൻ ഡി അഡിക്ഷൻ സെന്റർ സന്ദർശിക്കുകയും ഡോ. ടുട്ടു ജോർജുമായി അനുഭവം പങ്കുവെക്കുകയും ചെയ്തു. 'Say No To Drugs' റീൽസ് മേക്കിങ്, 'ഇരുളടയുന്ന യൗവനം' കൊളാഷ് മത്സരം എന്നിവ സംഘടിപ്പിച്ചു. വിശുദ്ധ പൗലോസ് ശ്ലീഹായുടെ തിരുസ്വരൂപ പ്രയാണം 18 യൂണിറ്റുകളിൽ നടത്തി. ടൗൺ പള്ളി മുതൽ ഗാന്ധി പാർക്ക് വരെ പദയാത്ര നടത്തി. എ. കെ. സി. സി. രൂപതാ പ്രസിഡന്റ് സെബാസ്റ്റ്യൻ പുരക്കൽ സന്ദേശം നൽകി. 'MEGHALA EXPO 2K26, അടിക്കുറിപ്പ്, പോസ്റ്റർ മേക്കിംഗ് മത്സരങ്ങൾ എന്നിവ നടത്തി. മേഖലയുടെ അർദ്ധവാർഷിക സെനറ്റ് നടത്തി. സിസ്റ്റർ ലിസ് മാത്യു ലഹരിയുടെ പ്രത്യാഘാതങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസ് നയിച്ചു.

**യൂണിറ്റ് വാർത്തകൾ**

**കൊട്ടിയൂർ**

ജൂൺ മാസത്തിൽ 30 ദിവസത്തിൽ ലഹരിവിരുദ്ധ പരിസ്ഥിതി ക്യാമ്പയിൻ നടത്തി. ഫാ. ഷിന്റോ കുളങ്ങരയുടെ അധ്യക്ഷതയിൽ ലഹരി വിരുദ്ധ ക്ലബ്ബ് രൂപീകരിച്ചു. ബൈക്ക് റാലി, റെഡ് കാർഡ് ടു ഡിലീറ്റ്, റെഡ് ബുക്ക് ചലഞ്ച്, വീട് സന്ദർശനം, ഷോർട്ട് ഫിലിം, സോഷ്യൽ മീഡിയ ക്യാമ്പയിൻ എന്നിവ നടത്തി. പരിസ്ഥിതിക്കായി ഇക്കോ ഓഡിറ്റ്, ഫോറസ്റ്റ് തോട് ശുചീകരണം, സീഡ് ബോംബ് വിതരണം, വൃക്ഷത്തൈ നടീൽ, മിയാവാക്കി കാട്, എക്കോ ക്ലബ്ബ് എന്നിവ സംഘടിപ്പിച്ചു. ട്രക്കിംഗ്, നീന്തൽ, യോഗ, മെഡിറ്റേഷൻ, ഡിജിറ്റൽ ഡിറ്റോക്സ്, കായിക മത്സരങ്ങൾ എന്നിവ നടത്തി. പോലീസ്, ഹരിതസേന എന്നിവരുടെ സഹകരണത്തോടെ നടന്ന ക്യാമ്പയിൻ ജൂൺ 30ന് ലഹരി വിരുദ്ധ പ്രതിജ്ഞയോടെ സമാപിച്ചു.

**വെള്ളൂന്നി**

പരിസ്ഥിതി വാരാചരണം വ്യത്യസ്തമായ പരിപാടികളോടെ യൂണിറ്റിൽ സംഘടിപ്പിച്ചു. എസ്. എസ്. എൽ. സി, പ്ലസ് ടു ഉന്നത വിജയികളെ മെമെന്റോ നൽകി ആദരിച്ചു. വി. തോമസ് മൂർ,

വി. പൗലോസ് ദിനാചരണങ്ങളും റെഡ് റിബ്ബൺ ലഹരി വിരുദ്ധ സെമിനാറും സംഘടിപ്പിച്ചു.

**ചുങ്കക്കുന്ന്**

ജൂൺ മാസം 'റെഡ് റിബൺ ആന്റി ഡ്രഗ് ക്യാമ്പയിൻ' നടത്തി. പോസ്റ്ററുകളിലൂടെ ബോധവൽക്കരണം നൽകി. എസ്. ഐ. ഇതിഹാസ് ലഹരി വിരുദ്ധ ക്ലാസ് നയിച്ചു. കൊളാഷ് മത്സരവും മാതാ കപ്പ് ഫുട്ബോളും നടത്തി. ജൂൺ 17 വരെ 'ഗ്രീൻ ഫ്യൂച്ചർ' ക്യാമ്പയിൻ നടത്തി (വൃക്ഷത്തൈ വിതരണം, ഇസിഗ്നേച്ചർ, സെൽഫി മത്സരം, ശുചീകരണം, പോസ്റ്റർ വിതരണം). വായനാദിനം, ദിവ്യ കാരുണ്യ തിരുനാൾ, വി. മറിയം ത്രേസ്യ തിരുനാൾ എന്നിവയ്ക്ക് പ്രത്യേക പ്രാർത്ഥനാ പോസ്റ്ററുകൾ പങ്കുവെച്ചു.

**ദീപ്തിഗിരി**

കെ. സി. വൈ. എം. മെമ്പർഷിപ്പ് ക്യാമ്പയിൻ പൂർത്തിയാക്കി. ഇടവക ജനങ്ങളെ പങ്കെടുപ്പിച്ച് ലഹരി വിരുദ്ധ ബോധവൽക്കരണ റാലി നടത്തി. സൺഡേ സ്കൂൾ കുട്ടികൾക്കായി പോസ്റ്റർ രചനാ മത്സരം നടത്തി. കലാപരിപാടികളോടെ യുവജന ദിനം ആചരിച്ചു. മേഖലാ സാഹിത്യ മത്സരങ്ങളിൽ പങ്കെടുത്തു. സിൻഡിക്കേറ്റും സെനറ്റും കൂടി പ്രവർത്തനങ്ങൾ ചർച്ച ചെയ്തു.

**പേരിയ**

അംഗത്വ സ്വീകരണവും നവീകരണവും നടത്തി. പുതിയ അംഗങ്ങൾക്കായി ഇനീഷ്യേഷൻ (Initiation) പ്രോഗ്രാം സംഘടിപ്പിച്ചു. ലഹരി വിരുദ്ധ പ്രതിജ്ഞ എടുത്തു.

**വലിയകൊല്ലി**

ജൂൺ-ജൂലൈ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു. വി. അന്തോണീസിന്റെ തിരുനാൾ ഒരുക്കങ്ങളിൽ സഹകരിച്ചു. വി. പൗലോസ് ശ്ലീഹായുടെ തിരുസ്വരൂപം അലങ്കരിച്ച് മാധ്യസ്ഥം തേടി. ഉന്നത വിജയികളെ ആദരിച്ചു. മേഖലയുടെ 'പേൾ 2026' സാഹിത്യ മത്സരങ്ങളിലും ലഹരി വിരുദ്ധ പോസ്റ്റർ രചനയിലും പങ്കെടുത്തു.

**കരിമാനി**

പരിശുദ്ധ കുർബാനയുടെ തിരുനാൾ ദിനത്തിൽ സിസ്റ്റേഴ്സിനായി പ്രാർത്ഥിച്ചു. പരിസ്ഥിതി ദിനത്തിൽ ഫലവൃക്ഷത്തൈകൾ നട്ടു. പഠനോപകരണങ്ങൾ ശേഖരിച്ച് വിതരണം ചെയ്തു. ഈശോയുടെ തിരുഹൃദയ തിരുനാളിൽ കുടുംബങ്ങളെ സമർപ്പിച്ച് ജപമാല ചൊല്ലി. വി. പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ തിരു

സ്വരൂപ പ്രയാണത്തിൽ പങ്കെടുത്തു. ലഹരി വിരുദ്ധ പ്രതിജ്ഞയും പോസ്റ്റർ നിർമ്മാണവും സാഹിത്യ മത്സരങ്ങളും നടത്തി.

**പയ്യംപള്ളി**

പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളെ ആസ്പദമാക്കി പഠന ലേഖനം പ്രസിദ്ധീകരിച്ചു. ലഹരി വിരുദ്ധ ബോധവൽക്കരണത്തിന്റെ ഭാഗമായി ഫ്ളാഷ് മോബും 'ലഹരിക്കെതിരെ ഗോൾ' പെനാൽറ്റി ഷൂട്ടൗട്ടും നടത്തി. പരിസ്ഥിതി ദിനത്തിൽ ബസ് സ്റ്റോപ്പും പൊതുവഴികളും ശുചീകരിച്ചു. വൃക്ഷത്തൈകൾ നട്ടു.

**മുതിരേരി**

വി. പൗലോസ് ശ്ലീഹായുടെ തിരുസ്വരൂപ പ്രയാണത്തിന് സ്വീകരണം നൽകി. രൂപതാ സാഹിത്യ മത്സരത്തിലും മേഖല സെനറ്റിലും പങ്കെടുത്തു. പ്രായമായവരെയും രോഗികളെയും ഭവനങ്ങൾ സന്ദർശിച്ച് പ്രാർത്ഥിച്ചു. ലോഗോസ് ക്വിസ് ഒരുക്ക പരീക്ഷകളിൽ പങ്കെടുത്തു.

**ആടിക്കൊല്ലി**

'ഫെയ്ത്ത്, യൂത്ത്, ഫ്യൂച്ചർ' പ്രമേയത്തിൽ പ്രവർത്തനങ്ങൾ നടത്തി. റമ്പാൻ പാട്ട്, യുവജനങ്ങളെ ആദരിക്കൽ, ലഹരി വിരുദ്ധ സിഗ്നേച്ചർ ക്യാമ്പയിൻ, ഫിഫ കിക്ക്, കലാപരിപാടികൾ, ലക്കി യൂത്ത് ബംമ്പർ എന്നിവ നടത്തി.

**നെടുമ്പാല**

ലഹരി വിരുദ്ധ വാരാചരണത്തിന്റെ ഭാഗമായി ഒപ്പുശേഖരണവും 'ലഹരിക്കെതിരെ ഒരു ഗോൾ കിക്ക്' പ്രോഗ്രാമും നടത്തി. യുവജന ദിനത്തിൽ കാഴ്ച സമർപ്പണവും യുവജനങ്ങളെ ആദരിക്കലും സംഘടിപ്പിച്ചു.

**റോബിൻ ബിജു വടക്കേക്കര**
ജനറൽ സെക്രട്ടറി

# കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി

മാനന്തവാടി രൂപത മദ്യലഹരിവിരുദ്ധ സമിതി ലഹരി വിരുദ്ധ വാരാചരണം 2026 ജൂൺ 21 മുതൽ 27 തീയതി വരെ ആചരിച്ചു. വാരാചരണ ഉദ്ഘാടനം ഇരുപത്തിയൊന്നാം തീയതി ഞായറാഴ്ച രാവിലെ വിശുദ്ധ കുർബാനയ്ക്കു ശേഷം പനമരം സെന്റ് ജൂഡ് പള്ളിയിൽ വെച്ച് കോഴിക്കോട് ജില്ല എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ ശ്രീ. ജിമ്മി ജോസഫ് ഉദ്ഘാടനം നിർവഹിച്ചു, തുടർന്ന് പള്ളിയങ്കണത്തിൽ വച്ച് ലഹരിക്കെതിരെ കയ്യൊപ്പ് ചാർത്തലും നടന്നു. 24-6-2026 ന് കബനിഗിരി നിർമല യു. പി, ഹൈസ്കൂളുകളിൽ വെച്ച് നടത്തപ്പെട്ട സെമിനാറുകൾക്കു ശേഷം ലഹരിക്കെതിരെ മനുഷ്യചങ്ങലയും ഒരുക്കി. ലഹരിവിരുദ്ധ വാരാചരണത്തിന്റെ സമാപന സമ്മേളനം നടവയൽ സെന്റ് തോമസ് സ്കൂളിൽ വച്ച് നടത്തപ്പെട്ടു. സ്കൂൾ മാനേജർ ഫാ. വിൻസന്റ് കളപ്പുരക്കൽ അധ്യക്ഷത വഹിച്ച യോഗത്തിൽ മദ്യലഹരി വിരുദ്ധ സമിതി രൂപതാ ഡയറക്ടർ ഫാ. ബിജു തൊണ്ടിപ്പറമ്പിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. ലഹരിക്കെതിരെയുള്ള മാസികയുടെ പ്രകാശനം രൂപതാ പ്രസിഡന്റ് ശ്രീ. രാജു വലിയറ നിർവഹിച്ചു. രൂപതാ സമിതിയംഗം ശ്രീ. ഒ. പി. അബ്രഹാം. ലഹരിക്കെതിരേ ബോധവൽക്കരണ ക്ലാസ് എടുത്തു. ലഹരിക്കെതിരെ സന്ദേശ ഗാനം, ലഘുലേഖ വിതരണം, ഫ്ളാഷ് മോബ്, ദീപശിഖാ പ്രയാണം, ബലൂൺ സംരക്ഷണ മതിൽ, ലഹരി വിരുദ്ധ പ്രതിജ്ഞ, നടവയൽ ടൗണിലേക്ക് സൈക്കിൾ റാലി എന്നിവ സമാപന സമ്മേളനത്തിന്റെ മാറ്റുകൂട്ടി. ലഹരി വിരുദ്ധ വാരാചരണത്തിന്റെ ഭാഗമായി കബനിഗിരി യു. പി, ഹൈസ്കൂളിലും, പനമരം പള്ളിയിലും നടവയൽ സ്കൂളിലും നടത്തപ്പെട്ട പരിപാടികളിൽ ലഹരി വിരുദ്ധ സമിതി ഡയറക്ടർ, പ്രസിഡന്റ് എന്നിവർക്കു പുറമേ സെക്രട്ടറി മാത്യൂസ് പുതുപ്പറമ്പിൽ, അംഗങ്ങളായ ജെയിംസ് പുതുശ്ശേരി, ബേബി പേടപ്പാട്ട്, ലില്ലി പെരുമ്പനാനിക്കൽ, മരിയ ഇഞ്ചികാലായിൽ, ടെസ്സി കറുത്തേടത്ത്, റീത്ത സ്റ്റാൻലി, കുര്യൻ കാലുവള്ളിത്തറ, ഷാജി കേദാരം എന്നിവർ പങ്കെടുത്തു.

12-6-2026 ന് ദ്വാരക ഓഫീസിൽ കൂടിയ രൂപതാ സമിതി യോഗത്തിൽ ഭാവി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു. ജൂലൈ മാസത്തിൽ ദ്വാരക മേഖലയ്ക്ക് കീഴിലുള്ള ഇടവകകൾ സന്ദർശിച്ച് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ഈ മേഖലയിൽ സജീവമാക്കുവാൻ തീരുമാനിച്ചു.

**ഫാ. ബിജു തൊണ്ടിപ്പറമ്പിൽ**
ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

**വിവാഹ ഒരുക്ക കോഴ്സ്**

ജൂലൈ മാസം 10 മുതൽ 12 വരെ നടന്ന വിവാഹ ഒരുക്ക കോഴ്സിൽ 61 പേർ പങ്കെടുത്തു. ബോയ്സ്ടൗൺ സീയോൻ ധ്യാന കേന്ദ്രത്തിൽ വച്ച് ഓഗസ്റ്റ് മാസം 7, 8, 9 തീയതികളിൽ വിവാഹ ഒരുക്ക കോഴ്സ് നടത്തപ്പെടുന്നു. സെപ്റ്റംബർ മാസത്തിലെ കോഴ്സ് 10, 11, 12 തീയതികളിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ ആയിരിക്കും.

**രൂപതാ വാർത്തകൾ**

**മാതൃവേദി**

ഈശോയുടെ തിരുഹൃദയ വണക്കത്തിനായി പ്രത്യേകം മാറ്റിവച്ചിരിക്കുന്ന ജൂൺ മാസത്തിൽ എല്ലാ ദിവസങ്ങളിലും അമ്മ മാർ തിരുഹൃദയ വണക്കമാസം ആചരിക്കുകയും തിരുഹൃദയ തിരുനാൾ ദിനത്തിൽ തിരുഹൃദയ പ്രതിഷ്ഠ നടത്തുകയും തിരു ഹൃദയ ജപമാല ചൊല്ലുകയും തിരുഹൃദയ വണക്കത്തിന്റെ പ്രാധാന്യ ത്തെയും പ്രസക്തിയെയും കുറിച്ചുള്ള വീഡിയോ തയ്യാറാക്കുകയും എല്ലാവർക്കും നൽകുകയും ചെയ്തു. പരിശുദ്ധ കന്യകാമറിയ ത്തിന്റെ വിമലഹൃദയ തിരുനാൾ ദിനത്തിൽ മാതാക്കൾ വിശുദ്ധ കുർബാനയിൽ സംബന്ധിക്കുകയും കുടുംബങ്ങളെ മാതാവിന്റെ വിമലഹൃദയത്തിന് സമർപ്പിക്കുകയും ചെയ്തു. ലഹരിക്കടിപെട്ട വർക്കും ലഹരിയോട് ആസക്തിയുള്ളവർക്കും വേണ്ടി ചെയിൻ റോസറി, രൂപതയിലെ എല്ലാ വൈദികർക്കും സന്യസ്തർക്കും വേണ്ടി ദിവ്യകാരുണ്യ ആരാധന എന്നിവ നടത്തി. വിവിധ യൂണി റ്റുകളിലും മേഖലകളിലും പരിസ്ഥിതി ദിനത്തിൽ പരിസ്ഥിതി സൗഹൃദപരമായ പ്രവർത്തനങ്ങളും സെമിനാറും, ലഹരിവിരുദ്ധ ദിനത്തിൽ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തി. സീതാമൗണ്ട്, മൂലങ്കാവ് ഇടവകകളിലെ മാതൃവേദി യൂണിറ്റുകളിൽ 'സമുദായ ശക്തീകരണത്തിൽ മാതാക്കളുടെ പങ്ക്' എന്ന വിഷയത്തിൽ പ്രസിഡണ്ട് മേഴ്സി അമരികാട്ട് ക്ലാസ്സ ടെടുത്തു. ജൂൺ 16 ന് നടന്ന രൂപതാ എക്സിക്യൂട്ടീവ് മീറ്റിങ്ങിൽ

വച്ച് ഫാമിലി അപ്പോസ്റ്റലേറ്റിന്റെയും അനുബന്ധ ഡിപ്പാർട്ട്മെന്റു കളുടെയും ഓഫീസ് സെക്രട്ടറി ആയി ചാർജെടുത്ത സിസ്റ്റർ ദിവ്യ SH നെ പ്രസിഡണ്ട് ശ്രീമതി മേഴ്സി അമരികാട്ട് ബൊക്കെ നൽകി സ്വാഗതം ചെയ്തു.

**മരിയൻ സിംഗിൾസ്**

രൂപതാ മീറ്റിംഗ് നടത്തി. 18 അംഗങ്ങൾ പങ്കെടുത്തു. അടുത്ത മീറ്റിംഗ് ഓഗസ്റ്റ് 18.

**മേഖലാ വാർത്തകൾ**

**മണിമൂളി**

പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി ആനിമേറ്റർ സിസ്റ്ററും മേഖലാ ഭാരവാഹികളും ചേർന്ന് ഫലവൃക്ഷ തൈകൾ നട്ടു. ലഹരിവിരുദ്ധ ദിനത്തിന്റെ ഭാഗമായി കൊളാഷ് മത്സരം നടത്തി മികച്ച യൂണിറ്റിനെ തിരഞ്ഞെടുത്ത് സമ്മാനം നൽകി. കരുണ കൊന്ത പാതിരിപ്പാടം യൂണിറ്റിനുവേണ്ടി ചൊല്ലി കാഴ്ചവച്ചു. വിദ്യാർത്ഥികൾക്ക് പഠനസഹായം നൽകി. സെമിനാരി വിദ്യാർ ത്ഥികൾക്കുള്ള സഹായം കൊടുക്കാൻ തീരുമാനിച്ചു.

**മുള്ളൻകൊല്ലി**

ലഹരിയാസക്തരെയും അവരുടെ കുടുംബങ്ങളെയും സമർ പ്പിച്ചുകൊണ്ട് ചെയിൻ റോസറി ചൊല്ലി. പ്രകൃതിക്ഷോഭങ്ങൾ മൂലം വിഷമിക്കുന്ന ലോകത്തിലെ എല്ലാ ആളുകളെയും സമർ പ്പിച്ച് ദിവ്യകാരുണ്യ ആരാധന നടത്തി. പരിശുദ്ധ കുർബാനയുടെ തിരുനാളിൽ നിത്യാരാധന ചാപ്പൽ സന്ദർശിച്ച് ആരാധന നടത്തി. തിരുഹൃദയ തിരുനാളിൽ തിരുഹൃദയ ദേവാലയം സന്ദർശിച്ച് തിരുഹൃദയ കൊന്ത ചൊല്ലി പ്രാർത്ഥിച്ചു. ലഹരി വിരുദ്ധ ദിന ത്തിൽ ലഹരിക്കെതിരെ പ്രതിജ്ഞ എടുക്കുകയും ലഹരിയാസക്ത രുടെ മോചനത്തിനായി കരുണക്കൊന്ത ചൊല്ലുകയും ചെയ്തു.

**ദ്വാരക**

മേഖലയുടെ നേതൃത്വത്തിൽ നടന്ന ലഹരിവിരുദ്ധ റാലി യിൽ എല്ലാ യൂണിറ്റുകളിൽ നിന്നും അമ്മമാർ പങ്കെടുത്തു. വൈദി കർ, സന്യസ്ഥർ എന്നിവർക്ക് വേണ്ടി യൂണിറ്റുകളിൽ ദിവ്യകാ രുണ്യ ആരാധന നടത്തി. മേഖലാതലത്തിൽ നടന്ന മാതാവിനെ അലങ്കരിക്കൽ മത്സരത്തിൽ ദ്വാരക യൂണിറ്റ് ഒന്നാം സ്ഥാനം കരസ്ഥമാക്കി.

## ശാഖാ വാർത്തകൾ

### ആടിക്കൊല്ലി

ലഹരി വിരുദ്ധ ദിനത്തിൽ വിവിധ രീതിയിൽ ഉള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു. സ്കൂൾ കിറ്റിനായി മേഖലയ്ക്ക് സംഭാവന നൽകി. മാതൃവേദിയുടെ സാമ്പത്തിക ഭദ്രതയ്ക്ക് വേണ്ടി 52 പേരെ ഉൾപ്പെടുത്തി നറുക്കുചിട്ടി ആരംഭിച്ചു. സാന്ത്വനം വായ്പ പദ്ധതിയിലൂടെ 'സാമ്പത്തികമായി ബുദ്ധിമുട്ടുള്ള മാതൃവേദി അംഗങ്ങൾക്ക് 10000 രൂപ വരെ പലിശ രഹിതവായ്പ, രണ്ടു മാസത്തേക്ക് നൽകുന്നു. സാധുജന സഹായ ഇനത്തിൽ 7800 രൂപയും രോഗീ സഹായം ആയിട്ട് 1000 രൂപയും വിദ്യാഭ്യാസ സഹായമായി 1000 രൂപയും നൽകി.

### പുതുശ്ശേരിക്കടവ്

പരിശുദ്ധ കുർബാനയുടെ തിരുനാൾ, തിരുഹൃദയ തിരുനാൾ, മാതാവിന്റെ വിമല ഹൃദയത്തിരുനാൾ, വിശുദ്ധ അന്തോനീസിന്റെ തിരുനാൾ, വിശുദ്ധ പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ എന്നിവ ആചരിച്ചു. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ക്വിസ് മത്സരവും ഫലവൃക്ഷ തൈകൾ നടലും നടത്തി. വായനാദിനത്തിൽ പുസ്തകവിതരണം നടത്തി. ഇടവകയിലെ പത്ത് കുടുംബങ്ങളിലെ കുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകി.

### പൂക്കോട്ടുംപാടം

പരിസ്ഥിതി ദിനത്തിൽ അമ്മമാർ വൃക്ഷ തൈകൾ നടുകയും ഫോട്ടോ ഗ്രൂപ്പിൽ പോസ്റ്റ് ചെയ്യുകയും ചെയ്തു. തിരുഹൃദയ വണക്ക മാസം ജപം ചൊല്ലി ഗ്രൂപ്പിൽ പോസ്റ്റ് ചെയ്തു. ലോക സമാധാനത്തിനായി ചെയിൻ റോസറി നടത്തി. സെമിനാരി ഫണ്ട് ശേഖരിച്ചു. മികച്ച ക്ഷീര കർഷകയെ ആദരിച്ചു. വണക്ക മാസ സമാപന ദിവസം നേർച്ച നൽകി.

### തോമാട്ടുചാൽ

പുതിയ അധ്യായന വർഷം ആരംഭത്തിൽ കുട്ടികൾക്ക് വേണ്ടി പ്രത്യേക പ്രാർത്ഥന നടന്നു. ഇടവകയിലെ ആതുരസേവനരംഗത്ത് പ്രവർത്തിക്കുന്നവരെ ആദരിച്ചു. ലഹരി ദിനത്തോടനുബന്ധിച്ച് അമ്മമാർ ലഹരി വിരുദ്ധ പോസ്റ്റർ തയ്യാറാക്കി ഗ്രൂപ്പുകളിൽ ഇട്ടു. സമുദായ ശക്തീകരണ നേതൃത്വ ക്യാമ്പ് ഇടവകയിൽ വെച്ച് നടന്നു. ശനിയാഴ്ച പള്ളിയും പരിസരവും വൃത്തിയാക്കി.

**പന്തിപ്പൊയിൽ**

വേദപാഠം ഒന്നാം ക്ലാസിലേക്ക് ചേർന്ന കുഞ്ഞുമക്കൾക്ക് പ്രവേശനോത്സവം പ്രമാണിച്ച് മിഠായി വിതരണം നടത്തി. വന്യ മൃഗശല്യ സംരക്ഷണത്തിനായി എല്ലാ ദിവസവും വിശ്വാസപ്ര മാണം ചൊല്ലി കാഴ്ചവച്ചു. ഇടവകയിലെ ഒരമ്മയ്ക്ക് മാതൃവേദി സഹായം നൽകി. അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനത്തിൽ ലഹരി ഉപയോഗിക്കുന്നവരുടെ മോചനത്തിനു വേണ്ടിയും ഉപയോഗത്തിന് എതിരായും കരുണ കൊന്ത ചൊല്ലി കാഴ്ചവെച്ചു. ലഹരി വിരുദ്ധ ബോധവൽക്കരണ വീഡിയോ നിർമ്മിച്ച ഗ്രൂപ്പുകളിൽ ഷെയർ ചെയ്തു.

**കരിമാനി**

യുവജനങ്ങളെ ഈശോയുടെ തിരുഹൃദയത്തിലേക്ക് സമർ പ്പിച്ച് ജപമാല ചൊല്ലി. മേഖല നിർദ്ദേശിച്ചിരുന്ന തിരുഹൃദയ ജപ മാല ചൊല്ലി വിവാഹ തടസ്സം നേരിടുന്ന യുവജനങ്ങൾക്കായി പ്രാർത്ഥിച്ചു. രോഗീ സന്ദർശനം, ഭവന സന്ദർശനം നടത്തി. മദ്യ പാനികൾക്കും ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നവർക്കും വേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിച്ചു. വിശുദ്ധ പത്രോസിന്റെ തിരുശേഷിപ്പ് പ്രയാണം യൂണിറ്റിൽ എത്തിയപ്പോൾ അമ്മമാർ സ്വീകരിച്ചു. പഠനോ പകരണങ്ങൾ സ്വരൂപിച്ച് അർഹരായ വിദ്യാർഥികൾക്ക് നൽകി.

**താളിപ്പാടം**

തിരുഹൃദയ തിരുനാളിനോട് അനുബന്ധിച്ച് തിരുഹൃദയ വണക്കമാസം ഗ്രൂപ്പുകളിൽ ഷെയർ ചെയ്തു. പരിസ്ഥിതി ദിന ത്തോട് അനുബന്ധിച്ച് അമ്മമാർ വീടുകളിൽ വൃക്ഷത്തൈകൾ നട്ടു. തിരുഹൃദയ തിരുനാളിനോട് അനുബന്ധിച്ച് മഠത്തിൽ വച്ച് 13 മണിക്കൂർ ആരാധനയിൽ എല്ലാ അമ്മമാരും പങ്കെടുത്തു. സെമിനാരി വിദ്യാർഥികൾക്ക് സഹായം നൽകി. ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് കൊളാഷ് നിർമ്മാണത്തിൽ അമ്മമാർ പങ്കെടുത്തു.

**പനവല്ലി**

ജൂൺ മാസത്തിൽ മാതൃവേദിയുടെ ഡയറക്ടർ സ്ഥാനം ഏറ്റെടുത്ത ബഹു. വിപിൻ കളപ്പുരയ്ക്കൽ അച്ചനെയും പുതിയ ആനി മേറ്ററായി ചാർജെടുത്ത അൻസ സിസ്റ്ററെയും വളരെ സ്നേഹ ത്തോടെ സ്വാഗതം ചെയ്തു. മീറ്റിംഗും കാഴ്ചവെയ്പ്പും നടത്തി.

**പ്രശാന്തഗിരി**

പരിസ്ഥിതി ദിനത്തിൽ അമ്മമാർ വാർഡ് അടിസ്ഥാനത്തിൽ

തൈകൾ നട്ടു. ജൂൺ 12 ന് ഈശോയുടെ തിരുഹൃദയ തിരുനാളിനോട് അനുബന്ധിച്ച് ഈശോയുടെ തിരുഹൃദയരൂപം വീടുകളിൽ അലങ്കരിച്ച് കുടുംബാംഗങ്ങൾ എല്ലാവരും ഒരുമിച്ചിരുന്ന് പ്രാർത്ഥിക്കുന്ന മത്സരം നടത്തി. അനുദിന ആരാധന, ജപമാല, വിശുദ്ധ കുർബാനയിലെ വായനകൾ, ആഴ്ച തോറും ഉള്ള പള്ളി ക്ലീനിംങ്, ഞായറാഴ്ചകളിലെ കാഴ്ചവെയ്പ്പ്, ബയോവിൻ പൊടികളുടെ വിതരണം ഇവയെല്ലാം അമ്മമാരുടെ നേതൃത്വത്തിൽ വളരെ കൃത്യമായി നടന്നുവരുന്നു.

**വാളാട്**

മാനന്തവാടി രൂപത മേഖലകളിൽ നടത്തി വരുന്ന ചെയിൻ റോസറി വാളാട് യൂണിറ്റിന് കിട്ടിയ ദിവസം മുഴുവൻ അമ്മമാർ തിരുഹൃദയ ജപമാല ചൊല്ലുകയും ഓരോരുത്തരും ചൊല്ലിയ ജപമാലകളുടെ എണ്ണം ഗ്രൂപ്പിൽ ഇടുകയും ചെയ്തു. അനുദിന ആരാധന, കരുണകൊന്ത, വിശുദ്ധ കുർബാനയിലെ വായനകൾ, ആഴ്ചതോറും ഉള്ള പള്ളി ക്ലീനിംങ്, എല്ലാം ഭംഗിയായി നടന്നുവരുന്നു.

**കുറുമണി**

പരിശുദ്ധ കുർബാനയുടെ തിരുനാൾ ദിനം ദിവ്യബലിയിൽ സംബന്ധിക്കുകയും വൈകുന്നേരം ഒരു മണിക്കൂർ ആരാധന നടത്തുകയും ചെയ്തു. പരിസ്ഥിതി ദിനത്തിൽ ഭവനങ്ങളിൽ വൃക്ഷത്തൈ നട്ട് ആചരിച്ചു. തിരുഹൃദയ വണക്കമാസം ഭവനങ്ങളിൽ വായിച്ചു. മേഖലയുടെ ലോക സമാധാനത്തിനായുള്ള ചെയിൻ റോസറിയിൽ പങ്കുചേർന്നു. ലഹരിവിരുദ്ധ ദിനം പോസ്റ്റർ നിർമ്മിച്ച് ആചരിച്ചു. വിശുദ്ധരുടെ പുസ്തകം കൈമാറി വായിച്ച് വരുന്നു.

**ബോസ്പാറ**

പരിസ്ഥിതി ദിനത്തിൽ വികാരിയച്ചന്റെ നേതൃത്വത്തിൽ വൃക്ഷത്തൈകൾ നടുകയും വീടും പരിസരവും വൃത്തിയാക്കുകയും ചെയ്തു. രോഗീ സന്ദർശനം നടത്തി. വൈദികരുടെ മാസധ്യാനത്തിൽ വൈദികർക്ക് വേണ്ട സഹായങ്ങൾ ചെയ്യുവാൻ മാതൃവേദി അംഗങ്ങൾ ഒത്തുചേർന്നു. രോഗിയായ അമ്മയ്ക്ക് ചികിത്സാ സഹായം നൽകി. സെമിനാരി ഫണ്ട് 3000 രൂപ മേഖലക്ക് നൽകി.

**പാടിച്ചിറ**

പെയ്ൻ ആൻഡ് പാലിയേറ്റിവിൽ കിടപ്പു രോഗികളെ ശുശ്രൂഷിക്കുവാൻ അമ്മമാർ പോകുന്നു. ആനിമേറ്ററിന്റെ കൂടെ അമ്മമാർ കിടപ്പുരോഗികളെയും കാൻസർ രോഗികളെയും സന്ദർശനം

നടത്തുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് പള്ളി പരിസരത്ത് മരത്തൈ നട്ടു. വികലാംഗരായവരുടെ അഗതിമന്ദിരം സന്ദർശിക്കുകയും അവർക്കു ചെറിയ ധനസഹായം ചെയ്യുകയും ചെയ്തു.

**മരക്കടവ്**

നിർദ്ധന കുടുംബത്തിലെ വിദ്യാർഥിക്ക് 2000 രൂപ സഹായം നൽകി. രോഗീ സന്ദർശനം നടത്തി. നിർദ്ധന വിദ്യാർത്ഥിക്ക് പഠനോപകരണങ്ങൾ നൽകാൻ 3000 രൂപ മേഖലയിൽ നിന്ന് മരക്കടവ് ശാഖക്ക് ലഭിച്ചു. പരിസ്ഥിതി ദിനത്തിൽ അമ്മമാർ വികാരിയച്ചന്റെ നേതൃത്വത്തിൽ ഫലവൃക്ഷ തൈകൾ നട്ടു. SSLC, PLUS TWO ഫുൾ A പ്ലസ് കിട്ടിയ കുട്ടികൾക്ക് പാരിതോഷികം നൽകി. വിശുദ്ധ മറിയം ത്രേസ്യയുടെ ഓർമ്മദിനത്തിൽ വിശുദ്ധയെ പരിചയപ്പെടുത്തി വീഡിയോ തയ്യാറാക്കി.

**വഞ്ഞോട്**

പരിസ്ഥിതി ദിനം അമ്മമാർ വൃക്ഷത്തൈ നട്ടു ആചരിച്ചു. ദേവാലയം നിർമ്മാണ ധനശേഖരനാർത്ഥം അമ്മമാർ നിത്യോപയോഗ സാധനങ്ങൾ വിറ്റു വരവ് നടത്തുന്നു. അമ്മമാരുടെ നേതൃത്വത്തിൽ ദേവാലയ നിർമ്മാണ നിയോഗാർത്ഥം മധ്യസ്ഥ പ്രാർത്ഥന നടത്തിവരുന്നു. പന്തക്കുസ്താ തിരുനാൾ പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ വിശുദ്ധ കുർബാനയുടെ തിരുനാൾ ദിനങ്ങളിൽ അമ്മമാർ വിശുദ്ധബലിയിൽ പങ്കെടുത്ത് പ്രാർത്ഥിച്ചു. രോഗീ സന്ദർശനം, ഭവന സന്ദർശനം നടത്തി. സെമിനാരി ഫണ്ട് നൽകി.

**കുറുമ്പാല**

തനിച്ചു താമസിക്കുന്ന വൃദ്ധ ദമ്പതികൾക്ക് 1630 രൂപയുടെ ഭക്ഷണസാധനങ്ങളും സ്റ്റേഷനറിയും അടങ്ങുന്ന കിറ്റ് നൽകി. അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനത്തിൽ അമ്മമാർ വീഡിയോ ചെയ്ത് ഗ്രൂപ്പിൽ ഷെയർ ചെയ്യുകയും സ്റ്റാറ്റസ് ഇടുകയും ചെയ്തു. അന്നേദിവസം കരുണകൊന്ത ചൊല്ലി ലഹരിക്കടിപ്പെട്ടവർക്ക് വേണ്ടി പ്രാർത്ഥിച്ചു. കുട്ടികളിൽ കാണുന്ന ലഹരി ഉപയോഗത്തെക്കുറിച്ചും അതിന്റെ മാരകമായ പ്രത്യാഘാതങ്ങളെയും കുറിച്ചുള്ള ക്ലാസ്സ് വേദപാഠം പഠിക്കുന്ന അഞ്ചാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് വേണ്ടി നടത്തി. ശ്രീ. ബിനു രാജൻ (MSW) ക്ലാസുകൾ നയിച്ചു.

**കേളകം**

സാമ്പത്തികമായി പിന്നോട്ട് നിൽക്കുന്ന കുട്ടികൾക്ക് പഠനോപകരണങ്ങൾ, സ്കൂൾ യൂണിഫോം എന്നിവ വാങ്ങിക്കൊടുത്തു. അക്രൈസ്തവരായ കിടപ്പു രോഗിക്ക് സാമ്പത്തിക സഹായം നൽകി. +2, 10 ക്ലാസ്സുകളിൽ ഇടവകയിൽ ഉന്നത വിജയം നേടിയ കുട്ടികൾക്ക് ക്യാഷ് അവാർഡ് നൽകി. മാസത്തിലെ എല്ലാ രണ്ടാമത്തെ ചൊവ്വാഴ്ചയും മരിയഭവനിൽ പൊതിച്ചോറ് നൽകി വരുന്നു. ഇടവകയിൽ സാമ്പത്തികമായി പിന്നോട്ട് നിൽക്കുന്ന ഒരു കുടുംബത്തിനു ആശുപത്രിയിൽ പോകാൻ ധനസഹായം കൊടുത്തു. മാതൃവേദിയിലെ അമ്മമാർ മരിയഭവൻ സന്ദർശിച്ചു, അവിടെ ക്ലീൻ ചെയ്തു, സാമ്പത്തിക സഹായം നൽകി. അമ്മമാരുടെ ഉപവാസത്തിലൂടെ ലഭിക്കുന്ന തുക ജീവകാരുണ്യ പ്രവർത്തനത്തിനായി ഉപയോഗിക്കുന്നു.

**നടവയൽ**

അനുദിന വിശുദ്ധരെ സോഷ്യൽ മീഡിയയിലൂടെ പരിചയപ്പെടുത്തി. ശാലോം ടി.വി.യുടെ ജപമാല ഷൂട്ടിങ്ങിൽ പങ്കെടുത്തു. തിരുഹൃദയ ജപമാല വി. കുർബാന സ്വീകരിച്ചതിനു ശേഷവും യാത്രാവേളകളിലും മറ്റ് അവസരങ്ങളിലും ചൊല്ലി പ്രാർത്ഥിച്ചു. പരിസ്ഥിതിദിനത്തിൽ ചെടികൾ നട്ടു. ദേവാലയവും, പരിസരവും, നിലവിളക്കും വൃത്തിയാക്കി. സെമിനാരി വിദ്യാർത്ഥികൾക്കുള്ള ധനസഹായം ശേഖരിച്ചുകൊണ്ടിരിക്കുന്നു. അനാഥാലയ സന്ദർശനവും, സഹായവും ചെയ്തു വരുന്നു. രോഗീ സഹായം, സാധു സഹായം ഈ ഇനങ്ങളിലായി 2575 രൂപയുടെ ധനസഹായം നല്കി.

**നെടുമ്പാല**

തിരുഹൃദയ തിരുനാളിനൊരുക്കമായി 3333 സുകൃത ജപം ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിൽ പ്രത്യേക നിയോഗാർത്ഥം ചൊല്ലി. 13 മണിക്കൂർ ആരാധനയിൽ പങ്കുചേർന്നു. തിരുഹൃദയ പ്രതിഷ്ഠ, തിരുഹൃദയ ജപമാല എന്നിവ ഭവനങ്ങളിൽ ചൊല്ലി. വായനാദിനത്തിൽ ബൈബിൾ, മാഗ്നിഫിക്കാത്ത് വായിച്ചു. പിതൃദിനത്തിൽ പിതാക്കന്മാരെ ഭവനങ്ങളിൽ അമ്മമാരുടെ നേതൃത്വത്തിൽ ആദരിച്ചു. ലഹരിവിരുദ്ധ ദിനാചരണത്തിൽ പ്രതിജ്ഞ, ലഹരിക്കെതിരെ ഒരു കയ്യൊപ്പ് എന്നിവയിൽ അമ്മമാർ പങ്കുചേർന്നു.

**ഫാ. ജോസഫ് പരുവുമ്മേൽ &**
**ഫാ. ബിനു വടക്കേൽ**

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

ക്രിസ്തുവിന്റെ സ്നേഹത്താൽ പ്രചോദിതരായി സമൂഹത്തിന്റെ അതിരുകളിലേക്ക് തള്ളപ്പെട്ടവർക്ക് പ്രത്യാശയുടെ പ്രകാശമാവുക എന്ന ലക്ഷ്യത്തോടെയാണ് സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി (SSVP) രൂപതയിൽ പ്രവർത്തിക്കുന്നത്. നമ്മുടെ സ്വർഗ്ഗീയ മധ്യസ്ഥനായ വിശുദ്ധ വിൻസെന്റ് ഡി പോളിന്റെയും വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസാനാമിന്റെയും ആത്മീയ ചൈതന്യം ഉൾക്കൊണ്ട്, അശരണരിലും രോഗികളിലും ഈശോയുടെ മുഖം ദർശിക്കാൻ ഓരോ വിൻസെൻഷ്യൻ അംഗത്തിനും സാധിക്കുന്നുണ്ട്. വിവിധ ഇടവക കോൺഫറൻസുകളുടെയും ഉദാരമതികളുടെയും കൂട്ടായ സഹകരണത്തോടെ രൂപതയിലുടനീളം വിൻസെൻഷ്യൻ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കുന്നതിന് സർവ്വശക്തനായ ദൈവത്തിനു നന്ദി പറയുന്നു.

**സി. സി. ബോർഡ് പുനഃസംഘടന**

4-7-2026 ന് വി. ജിയോർജിയോ ഫ്രസാറ്റിയുടെ തിരുനാൾ ദിനത്തിൽ നടന്ന സി. സി. യോഗത്തിൽ ബ്ര. ജോസഫ് ചാത്തമല പ്രാരംഭ പ്രാർത്ഥന നടത്തി. ആത്മീയ ഉപദേഷ്ടാവ് റവ. ഫാ. ജോജോ കുടക്കച്ചിറ ആത്മീയ സന്ദേശം നൽകി. ഒരുമിച്ച് നിന്നുകൊണ്ട് സംഘടനയെ നയിക്കണമെന്നും, ബോർഡ് അംഗങ്ങൾക്ക് ഏകസ്വരം ആയിരിക്കണമെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു.

തുടർന്ന് സി.സി. പ്രസിഡന്റ് ബ്രദർ ഷൈജൻ തടങ്ങഴിയിൽ അധ്യക്ഷപ്രസംഗം നടത്തി. നിയമാവലിയിലെ 24:13 അനുസരിച്ച് ബോർഡ് അംഗങ്ങൾ എല്ലാവർഷവും പ്രതിജ്ഞ പുതുക്കേണ്ടതാണെന്ന് അദ്ദേഹം യോഗത്തെ അറിയിച്ചു. കോൺഫറൻസുകൾ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത അദ്ദേഹം ഊന്നിപ്പറഞ്ഞു. സ്ഥാനങ്ങൾ അല്ല, ഉത്തരവാദിത്തങ്ങൾ ആണ് ബോർഡ് അംഗങ്ങൾ ഏറ്റെടുക്കേണ്ടത് എന്ന് അദ്ദേഹം യോഗത്തെ അറിയിച്ചു. റവ. ഫാ. ജോജോ കുടക്കച്ചിറ പ്രാർത്ഥനാശീർവ്വാദം നൽകി. സി. സി. പ്രസിഡണ്ട് ബോർഡ് അംഗങ്ങൾക്ക് സത്യപ്രതിജ്ഞ ചൊല്ലി കൊടുത്തു.

തുടർന്ന് ബോർഡ് അംഗങ്ങൾ മീറ്റിംഗ് കൂടി ഭാവിപ്രവർത്തനങ്ങൾ ചർച്ച ചെയ്തു. ഓഗസ്റ്റ് 8 ന് അടുത്ത സി.സി. മീറ്റിംഗും, സെപ്റ്റംബർ 12 ന് സി.സി. വാർഷികവും (ദ്വാരക കോർപ്പറേറ്റ് എഡ്യൂക്കേഷൻ ഓഫീസ് ഹാൾ) നടത്താൻ തീരുമാനിച്ചു. സി. സി. വാർഷികത്തിന് അഭിവന്ദ്യ മാർ അലക്സ് താരാമംഗലം പിതാവിനെ ഉദ്ഘാടകനായി ക്ഷണിക്കാൻ തീരുമാനിച്ചു.

**പുനഃസംഘടിപ്പിക്കപ്പെട്ട സി. സി. ബോർഡിലെ അംഗങ്ങൾ**

1) ബ്രദർ ഷാജി പൂവത്താനി - വൈസ്പ്രസിഡന്റ്
2) ബ്രദർ ജോസഫ് ചാത്തമല - സെക്രട്ടറി
3) സിസ്റ്റർ വത്സമ്മ ഇളയച്ചാനിക്കൽ - ജോ. സെക്രട്ടറി
4) ബ്രദർ വിൻസെന്റ് റാത്തപള്ളി - ട്രഷറർ
5) ബ്രദർ ജയ്സൺ വടക്കേക്കുടിയിൽ- യൂത്ത് കോഡിനേറ്റർ
6) സിസ്റ്റർ ഹണി മരിയ ഷാജി - വനിതാ പ്രതിനിധി

**ഏരിയ കൗൺസിൽ വാർത്തകൾ**

**പാടിച്ചിറ എ. സി.**

ജൂൺ 14, ജൂലൈ 12 നും എ. സി. യോഗം ചേർന്നു. കോൺഫറൻസുകൾ മാസത്തിൽ ഒരു ദിവസം ദൈവാലയത്തിൽ ഒരുമിച്ചു ചേർന്ന്, പ്രാർത്ഥന നടത്തുന്നു. 10 നേഴ്സിംഗ്, എഞ്ചിനീയറിംഗ്, സ്കൂൾ വിദ്യാർത്ഥികൾക്ക് സാമ്പത്തികസഹായം നൽകി.

ഒരു യുവാവിനെ ലഹരി വിമോചന ചികിത്സാ കേന്ദ്രത്തിൽ കൊണ്ടുചെന്നാക്കാൻ സഹായിക്കുകയും ചികിത്സാ ചിലവുകൾക്കായി ഒരു തുക നൽകുകയും ചെയ്തു. എല്ലാ കോൺഫറൻസുകളും രോഗീസന്ദർശനം നടത്തുകയും, ആവശ്യമായ സാമ്പത്തിക സഹായം നൽകുകയും ചെയ്യുന്നു. 10 ഭവനങ്ങൾക്ക് ഭക്ഷണ സഹായം നൽകി. 3 വ്യക്തികൾക്ക് വസ്ത്രം നൽകി.

കിടപ്പുരോഗിയെ കുളിപ്പിക്കുക, വീടും പരിസരവും വൃത്തിയാക്കുക എന്നീ പ്രവർത്തനങ്ങൾ സ്ഥിരമായി ചെയ്തുവരുന്നു.

**കല്ലോടി എ. സി.**

ജൂലൈ 4: വി. ജിയോർജിയോ ഫ്രസാറ്റിയുടെ തിരുനാൾ മക്കിയാട് ഇടവക പള്ളിയിൽ വെച്ച് ആഘോഷിച്ചു.

ജൂൺ 28 കല്ലോടി എ. സി. യിലെ 10-ാമത് കോൺഫറൻസായി ദീപ്തിഗിരി സെന്റ് തോമസ് കോൺഫറൻസ് പുനഃസംഘടിപ്പിച്ചു. ബ്രദർ സജി വാണിയംകിഴക്കേൽ (പ്രസിഡന്റ്).

കല്ലോടി എ. സി. യുടെ തിരഞ്ഞെടുപ്പ് ജൂലൈ 5 ന് മക്കിയാട് സെന്റ് ജൂഡ്സ് പള്ളിയിൽ നടന്നു. യോഗത്തിൽ ബ്രദർ

ബിനോ കടുപ്പിൽ കല്ലോടി എ.സി. യുടെ പുതിയ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു.

**കൊട്ടിയൂർ എ. സി.**

ജൂലൈ 5 ഞായറാഴ്ച ചുങ്കക്കുന്ന് ഓഫീസിൽ വച്ച് കൊട്ടിയൂർ എ. സി. യോഗം ചേർന്നു. സി. സി. പ്രസിഡണ്ട് ബ്രദർ ഷൈജൻ തടങ്ങഴിയിൽ, സെക്രട്ടറി ബ്രദർ ജോസുകുട്ടി ചാത്തമല, എ. സി. ട്രഷറർ ബ്രദർ മത്തായികുഞ്ഞ് എന്നിവർ ചേർന്ന് കോൺഫറൻസുകളുടെ വാർഷിക റിപ്പോർട്ട് വിവരങ്ങൾ ഓഡിറ്റ് ചെയ്തു. ജൂലൈ 6 വ്യാഴാഴ്ച ചുങ്കക്കുന്ന് ഫാത്തിമമാതാ, സെന്റ് അൽഫോൻസ് കോൺഫറൻസ് അംഗങ്ങൾ വികാരിയച്ചനോടും സിസ്റ്റേഴ്സിനോടും ഒപ്പം ഓസാനം ഭവൻ സന്ദർശിച്ചു. ചുങ്കക്കുന്ന് ഫൊറോന വികാരി റവ. ഫാ. ബിജു മാവറ വിശുദ്ധ കുർബാന അർപ്പിക്കുകയും അപ്പച്ചന്മാർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. അപ്പച്ചൻമാർക്ക് സ്നേഹവിരുന്ന് നൽകി. ഓസാനം ഭവനിലേക്ക് സാധനസാമഗ്രികളും സംഭാവനയും നൽകുകയും ചെയ്തു.

ജൂലൈ 12 ഞായറാഴ്ച ബ്രദർ ഷൈജൻ തടങ്ങഴിയിൽ, ബ്രദർ സോണി പൂത്തറ, ബ്രദർ സ്റ്റാനി തട്ടാപറമ്പിൽ, സി. പ്രിയ തടങ്ങഴിയിൽ എന്നിവർ വെള്ളൂന്നി പ്രൊവിഡൻസ് ഇടവക സന്ദർശിക്കുകയും സെന്റ് ഫ്രാൻസീസ് അസീസി കോൺഫറൻസ് പുനഃസംഘടിപ്പിക്കുകയും ചെയ്തു. ബ്രദർ നവീൻ ചാക്കോ കുഴിപള്ളിൽ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു. ഇടവക വികാരി റവ. ഫാ. ജോണി ഇലവുങ്കൽ അനുഗ്രഹപ്രഭാഷണം നടത്തി.

**പുൽപ്പള്ളി എ. സി.**

ജൂലൈ 4 ശനിയാഴ്ച മരകാവ് സാന്തോം കോൺഫറൻസും സെന്റ് മേരീസ് കോൺഫറൻസ് അംഗങ്ങളും ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനോടൊപ്പം ഓസാനം ഭവൻ സന്ദർശിക്കുകയും പിടിയും കോഴിയിറച്ചിയും പാകം ചെയ്ത് അപ്പച്ചൻമാരോടൊപ്പം ഭക്ഷണം കഴിക്കുകയും സന്തോഷം പങ്കുവെയ്ക്കുകയും ചെയ്തു. കോൺഫറൻസ് സംഭരിച്ച ഭക്ഷണ സാധനങ്ങൾ ഓസാനം ഭവനിൽ ഏൽപ്പിക്കുകയും ചെയ്തു.

ജൂലൈ 5 ഞായറാഴ്ച  മുള്ളൻകൊല്ലി സെന്റ് മേരീസ് ഫൊറോന ദേവാലയത്തിൽ പുൽപ്പള്ളി ഏരിയ കൗൺസിൽ യോഗം നടത്തി. എല്ലാ കോൺഫറൻസ് ഭാരവാഹികളും  മീറ്റിങ്ങിൽ സംബ

ഡിച്ചു. ഓഗസ്റ്റ് 22 ന് മരകാവ് സെന്റ് തോമസ് പാരീഷ് ഹാളിൽ വച്ച് എ. സി. വാർഷികം നടത്താൻ തീരുമാനിച്ചു.

കോൺഫറൻസുകൾ ഇല്ലാത്ത ഇടവകകളിൽ ബഹുമാനപ്പെട്ട വികാരിയച്ചന്മാരെ കാണാൻ എ. സി. പ്രസിഡന്റ് ബ്രദർ അജി വിരിപ്പാമറ്റം, മരകാവ് സാന്തോം കോൺഫറൻസ് പ്രസിഡന്റ് ബ്രദർ ബാബു നമ്പുടാകത്തെയും ചുമതലപ്പെടുത്തി.

ജൂലൈ 5 ന് മുള്ളൻ കൊല്ലി സെന്റ് മേരീസ് കോൺഫറൻസ് ഓസാനം ഭവൻ സന്ദർശിക്കുകയും തേങ്ങയും മറ്റു പച്ചക്കറികളും സംഭാവനയും ധനസഹായവും നല്കുകയും ചെയ്തു.

എ. സി. മീറ്റിങ്ങ് തീരുമാനപ്രകാരം കോൺഫറൻസുകൾ രൂപീകരിക്കുന്നതിന് ഇൻഫന്റ് ജീസസ് ചർച്ച് പട്ടാണികൂപ്പ് വികാരി ബഹു. ജോജോ ഔസേപ്പറമ്പിൽ അച്ചനെയും, അമരക്കുനി സെന്റ് ജൂഡ് ചർച്ച് വികാരി ബഹു. ബിജു ഉറുമ്പിൽ അച്ചനെയും, ഇരുളം വികാരി ബഹു. റോയി വട്ടക്കാട്ട് അച്ചനെയും കണ്ട് സംസാരിച്ചു. എല്ലാ വികാരിയച്ചന്മാരും കോൺഫറൻസ് രൂപികരിക്കാൻ വേണ്ട സഹായങ്ങൾ വഗ്ദാനം ചെയ്തു.

**കുറുമ്പാല എ. സി.**

ജൂൺ 21 ന് ഞായറാഴ്ച കുറുമ്പാല സെന്റ് ജോസഫ്സ് ദേവാലയത്തിൽ ആത്മീയ ഉപദേഷ്ടാവ് ബഹു.ജോജോ കുടക്കച്ചിറ അച്ചന്റെ സാന്നിധ്യത്തിൽ ഏരിയ കൗൺസിൽ യോഗം ചേർന്നു. എല്ലാ കോൺഫറൻസ് ഭാരവാഹികളും യോഗത്തിൽ പങ്കെടുത്തു. മിഷൻ കേന്ദ്രങ്ങൾ സന്ദർശിക്കാൻ തീരുമാനിച്ചു. വിദ്യാഭ്യാസ സഹായമായി 4000 രൂപയും, രോഗീ സഹായമായി 2000 രൂപയും നല്കി.

**തരിയോട് എ. സി.**

തരിയോട് എ സി യിലെ വിൻസെൻഷ്യൻ പ്രവർത്തകർ രോഗീ സന്ദർശനം നടത്തുകയും സഹായധനം നൽകുകയും ചെയ്തു. തരിയോട് സെന്റ് തെരേസ കോൺഫറൻസ് മാതൃവേദിയുമായി ചേർന്ന് വിധവകൾക്കുവേണ്ടി നവോമി സംഗമവും സെമിനാറും നടത്തി.

**ഓസാനം ഭവൻ, നടവയൽ**

ജൂൺ 16 ന് ഓസാനം ഭവനിൽ ഹോമിയോ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ഡോക്ടർമാരുടെയും നേഴ്സുമാരുടെയും സേവനം സ്തുത്യർഹമായിരുന്നു. എല്ലാ അപ്പച്ചന്മാർക്കും മരുന്നുകൾ നൽകി.

ജൂൺ 28 ന് കൽപ്പറ്റ എ. സി. യിലെ മേപ്പാടി സെന്റ് ജോസഫ് കോൺഫറൻസ് അംഗങ്ങൾ ഓസാനം ഭവൻ സന്ദർശിക്കുകയും സംഭാവന നൽകുകയും ചെയ്തു.

ജൂലൈ 3 ദുക്റാന തിരുനാൾ രാവിലെ 7.30 ന് ലാസലറ്റ് വൈദികൻ റവ. ഫാ. ബെന്നി വിശുദ്ധ കുർബാന അർപ്പിക്കുകയും, അപ്പച്ചന്മാർക്ക് സ്നേഹസന്ദേശം നൽകുകയും ചെയ്തു.

ജൂലൈ 4: പുൽപ്പള്ളി എ. സി. യിലെ മരകാവ് സാന്തോം കോൺഫറൻസ് & സെന്റ് മേരീസ് കോൺഫറൻസുകൾ സംയുക്ത മായി അച്ചച്ചന്മാർക്ക് പിടിയും കോഴിയും ഉണ്ടാക്കി നൽകുകയും അപ്പച്ചൻമാരെ ശുശ്രൂഷിക്കുകയും ചെയ്തു.

ജൂലൈ 5 മുള്ളൻകൊല്ലി സെന്റ് മേരീസ് കോൺഫറൻസ് അംഗങ്ങൾ ഓസാനം ഭവൻ സന്ദർശിക്കുകയും സംഭാവനയും പച്ചക്കറി സാധനങ്ങളും നൽകുകയും ചെയ്തു.

ജൂലൈ 9 കൊട്ടിയൂർ എ. സി. യിലെ ചുങ്കക്കുന്ന് ഫാത്തിമാ മാതാ, സെന്റ് അൽഫോൻസാ കോൺഫറൻസുകളിലെ 40 ഓളം അംഗങ്ങൾ, അച്ചച്ചന്മാരെ സന്ദർശിച്ചു. രാവിലെ 10.15 ന് ചുങ്ക ക്കുന്ന് ഫൊറോന പള്ളി വികാരി റവ. ഫാ. ബിജു മാവറ വി. കുർബാന അർപ്പിച്ചു. അപ്പച്ചന്മാർക്ക് വേണ്ടി പ്രത്യേക പ്രാർത്ഥന നടത്തി. അപ്പച്ചന്മാർക്ക് സ്നേഹവിരുന്ന് നൽകി. ചുങ്കക്കുന്ന് കോൺഫറൻസുകൾ സാധനസാമഗ്രികളും സംഭാവനയും നൽ കുകയും ചെയ്തു.

ജൂലൈ 12 കല്ലോടി എ. സി. ഭാരവാഹികൾ ബ്രദർ മാത്യു വിന്റെ നേതൃത്വത്തിൽ ഓസാനം ഭവൻ സന്ദർശിക്കുകയും, അപ്പ ച്ചന്മാർക്ക് ഉച്ചഭക്ഷണം നൽകുകയും ചെയ്തു.

**ബ്രദർ ഷൈജൻ തടങ്ങഴിയിൽ**
സി.സി. പ്രസിഡന്റ്

## ചാത്തങ്കോട്ടുനട നബാർഡ് നീരുറവ സംരക്ഷണ പദ്ധതിക്ക് തുടക്കമായി

പ്രകൃതിയിലെ ജലസ്രോതസ്സുകൾ പ്രത്യേകിച്ച് നീരുറവകൾ ശാസ്ത്രീയമായി പ്രയോജനപ്പെടുത്തി ജലസംരക്ഷണം ഒരുക്കാനുള്ള നീരുറവ അടിസ്ഥാനമാക്കിയുള്ള നീർത്തട വികസന പദ്ധതിക്ക് കാവിലംപാറ ഗ്രാമപഞ്ചായത്തിലെ ചാത്തങ്കോട്ടുനടയിൽ തുടക്കമായി. കാവിലുംപാറ ഗ്രാമപഞ്ചായത്തിലെ 04, 05, 06 വാർഡുകളിൽപെടുന്ന ചാത്തങ്കോട്ടുനടയിൽ ആണ് ഈ സമഗ്ര പദ്ധതി നടപ്പിലാക്കുന്നത്. നബാർഡിന്റെ നീർത്തട വികസന ഫണ്ടിൽപ്പെടുത്തി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സാങ്കേതിക സഹായത്തോടെ പ്രദേശത്തു രൂപീകൃതമായ നീർത്തട കമ്മിറ്റിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. നീരുറവകളിലെ ജലലഭ്യത കൂട്ടുകയും ഗുണനിലവാരം മെച്ചപ്പെടുത്തുകയും ആണ് പ്രധാന ലക്ഷ്യം. ഇതിനായി ശാസ്ത്രീയ മണ്ണ്, ജലസംരക്ഷണ പ്രവർത്തികൾ നടപ്പാക്കും. തൊഴിലുറപ്പ് പദ്ധതിയും കൃഷിഭവൻ വഴിയുള്ള പദ്ധതികളും സംയോജിപ്പിക്കും. ജലസംരക്ഷണത്തിനുള്ള വിവിധ സാങ്കേതിക ജൈവികമുറകൾ, വനിതാ വികസനം, മനുഷ്യവിഭവശേഷി വികസനം എന്നീ ഇനങ്ങളിൽ ആയാണ് പദ്ധതി ഫണ്ട് വിനിയോഗിക്കപ്പെടുന്നത്. ഗ്രാമനീർത്തട സമിതി പദ്ധതി പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കും. രണ്ട് ഘട്ടങ്ങളിലായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിൽ ആദ്യഘട്ട പ്രവർത്തങ്ങളുടെ ഭാഗമായി നിർമ്മിച്ച സ്പ്രിങ് ബോക്സിന്റെ ഉദ്ഘാടനം നിർവഹിച്ചുകൊണ്ടാണ് പദ്ധതി പ്രവർത്തനങ്ങൾ ഔദ്യോഗികമായി ആരംഭിച്ചത്. പ്രവർത്തന ഉദ്ഘാടനം നബാർഡ് കോഴിക്കോട് ജില്ലാ മാനേജർ വി. രാകേഷ് നിർവ്വഹിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ അദ്ധ്യക്ഷത വഹിച്ചു. കാവിലുംപാറ ഗ്രാമപഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ബോബി മൂക്കൻതോട്ടം, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി. എ., ഗ്രാമ നീർത്തട സമിതി പ്രസിഡന്റ് ടോമി പ്ലാക്കാട്ട്, സെക്രട്ടറി ജോസ് തകിടിയേൽ, വൈസ് പ്രസി

ഡന്റ് സാലി സജി, ജോയിന്റ് സെക്രട്ടറി സെബാസ്റ്റ്യൻ കെ. പി., ട്രഷറർ ജിജി കട്ടക്കയം, വയനാട് സോഷ്യൽ സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം കോർഡിനേറ്റർമാരായ റോബിൻ ജോസഫ് ഗ്രാമനീർത്തട സമിതി സെക്രട്ടറി എന്നിവർ സംസാരിച്ചു.

**അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനാചരണം: ലഹരി വിരുദ്ധ സന്ദേശവുമായി റാലിയും ബോധവത്കരണ പരിപാടിയും നടത്തി**

അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി കേരള സംസ്ഥാന എക്സൈസ് വകുപ്പ്, വയനാട് ജില്ല സാമൂഹ്യ നീതി വകുപ്പ്, മാനന്തവാടി പോലീസ് വകുപ്പ്, വിമുക്തി-നശാമുക്ത് ഭാരത് അഭിയാൻ, കാരിത്താസ് ഇന്ത്യയുടെ പിന്തുണയോടെ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കുന്ന സേഫ് വിതിൻ പ്രോജക്റ്റ് ടീം എന്നിവയുടെ നേതൃത്വത്തിൽ പരിപാടി ഡബ്ല്യു. എസ്. എസ്. എസ്. ഹാളിൽ സംഘടിപ്പിച്ചു. രാവിലെ 10 മണിക്ക് മാനന്തവാടി ലിറ്റിൽ ഫ്ളവർ യു. പി. സ്കൂൾ ഗ്രൗണ്ടിൽ നിന്ന് ഡി. വൈ. എസ്. പി. ശ്രീ. ലതീഷ് വി. ലഹരി വിരുദ്ധ സന്ദേശറാലി ഫ്ളാഗ് ഓഫ് ചെയ്തു. വിദ്യാർത്ഥികളും പൊതുജനങ്ങളുമടക്കം 350-ഓളം പേർ പങ്കെടുത്ത ലഹരിവിരുദ്ധ സന്ദേശറാലി, തോണിച്ചാൽ എമ്മാവൂസ് വില്ലയിലെ വിദ്യാർത്ഥികളുടെ ബാൻഡ് മേളത്തിന്റെ അകമ്പടിയോടെ ഗാന്ധിപാർക്ക് വഴി ഡബ്ല്യു. എസ്. എസ്. എസ്. ഹാളിൽ സമാപിച്ചു. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ സാമൂഹ്യനീതി വകുപ്പ് വയനാട് ജില്ലാ ഓഫീസിലെ സീനിയർ സൂപ്രണ്ട് ശ്രീ. പ്രജിത്ത് കെ. കെ. സ്വാഗതം ആശംസിച്ചു. മാനന്തവാടി മുനിസിപ്പാലിറ്റി ചെയർപേഴ്സൺ ശ്രീ. ജേക്കബ് സെബാസ്റ്റ്യൻ അധ്യക്ഷത വഹിച്ചു. മാനന്തവാടി നിയോജക മണ്ഡലം എം. എൽ. എ. ശ്രീമതി ഉഷാ വിജയൻ പരിപാടി ഉദ്ഘാടനം ചെയ്തു. മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മീനാക്ഷി രാമൻ ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ഡി. വൈ. എസ്. പി. ശ്രീ. ലതീഷ് വി. ലഹരിവിരുദ്ധ സന്ദേശം നൽകി. ചടങ്ങിൽ വാർഡ് കൗൺസിലർമാരായ ശ്രീ. ഹംസ പി. കെ., ശ്രീമതി ജനിഷ സുനീഷ്, WSSS എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ, മാനന്തവാടി സ്റ്റേഷൻ ഇൻസ്പെക്ടർ ശ്രീ. റഫീഖ് പി., ശ്രേയസ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ഡേവിഡ് ആലിങ്കൽ, കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലി ഡയറക്ടർ ഫാ. ബിജോ തോമസ്, NMBA ജില്ലാ കമ്മിറ്റി അംഗവും വിരമിച്ച പോലീസ് സൂപ്രണ്ടുമായ ശ്രീ. പ്രിൻസ് എബ്രഹാം എന്നിവർ ആശംസകൾ നേർന്നു. തോണിച്ചാൽ എമ്മാവൂസ് വില്ലയിലെ

വിദ്യാർത്ഥികൾ ഫ്ളാഷ് മോബ് അവതരിപ്പിച്ചു. തുടർന്ന് നടന്ന പരിപാടിയിൽ ഡിയോൺ എന്ന വിദ്യാർത്ഥി വിവിധ സ്കൂളുകളെ പ്രതിനിധീകരിച്ച് ലഹരിയുടെ ദൂഷ്യ ഫലങ്ങളെക്കുറിച്ചും, മയക്കു മരുന്ന് മാത്രമല്ല മൊബൈൽ ഫോൺ അമിത ഉപയോഗവും ഒരു ലഹരിയാണെന്ന സന്ദേശവും പങ്കുവെച്ചു. പരിപാടിയുടെ ഭാഗമായി വിമുക്തി താലൂക്ക് കോ-ഓർഡിനേറ്റർ ശ്രീ. വിജേഷ്കുമാർ പി. ലഹരി ഉപയോഗത്തിന്റെ സാമൂഹികവും ആരോഗ്യപരവുമായ പ്രത്യാഘാതങ്ങൾ, യുവജനങ്ങളുടെ ഉത്തരവാദിത്വം, ലഹരി മുക്ത സമൂഹത്തിന്റെ ആവശ്യകത എന്നിവയെക്കുറിച്ച് ബോധവത്കരണ ക്ലാസ് നയിച്ചു. എസ്. പി. സി., എൻ. എസ്. എസ്. ഉൾപ്പെടെ വിവിധ സ്കൂളുകളിൽ നിന്നുള്ള വിദ്യാർത്ഥികൾ പരിപാടിയിൽ പങ്കെടുത്തു. അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനത്തിന്റെ പ്രാധാന്യം, ലഹരി ഉപയോഗത്തിന്റെ അപകടങ്ങൾ, അതിൽ നിന്ന് അകന്നു നിൽക്കേണ്ടതിന്റെ ആവശ്യകത എന്നിവ വിദ്യാർത്ഥികളിൽ ബോധ്യപ്പെടുത്താൻ പരിപാടിക്ക് സാധിച്ചു. കേരള സംസ്ഥാന എക്സൈസ് വകുപ്പ് സാമൂഹ്യനീതി വകുപ്പ്, നശാമുക്ത് ഭാരത് അഭിയാൻ എന്നിവയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച പരിപാടി WSSS ജീവനക്കാരുടെയും എക്സൈസ് വകുപ്പ് സംഘത്തിന്റെയും സഹകരണത്തോടെ വിജയകരമായി സമാപിച്ചു. ചടങ്ങിന് എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ. ദിലീപ് എം. നന്ദി രേഖപ്പെടുത്തി.

**കനത്തമഴയിൽ ദുരിതമനുഭവിക്കുന്ന 350 ആദിവാസി കുടുംബങ്ങൾക്ക് താർപോളിനും കമ്പിളിപ്പുതപ്പുകളും വിതരണം ചെയ്തു**

കനത്ത മഴയെ തുടർന്ന് ദുരിതത്തിലായ വയനാട്ടിലെ 350 ആദിവാസി കുടുംബങ്ങൾക്ക് വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി(WSSS) യുടെ നേതൃത്വത്തിൽ ആമസോൺ കമ്പനിയുടെ CSR ഫണ്ട്, ഡൊണേറ്റ് കാർട്ട് ഫൗണ്ടേഷന്റെ സഹകരണത്തോടെ താർപോളിൻ ഷീറ്റുകളും കമ്പിളിപ്പുതപ്പുകളും വിതരണം ചെയ്തു. ആദിവാസി കുടുംബങ്ങളുടെ ചോർന്നൊലിക്കുന്നതും മഴയിൽ തകർച്ച നേരിടുന്നതുമായ വീടുകൾ താൽക്കാലികമായി സംരക്ഷിക്കുന്നതിനാണ് താർപോളിൻ ഷീറ്റുകൾ വിതരണം ചെയ്യുന്നത്. മഴയും തണുപ്പും മൂലം ഏറെ പ്രയാസം അനുഭവിക്കുന്ന കുട്ടികളെയും വയോജനങ്ങളെയും സംരക്ഷിക്കുന്നതിനായി കമ്പിളിപ്പുതപ്പുകളും നൽകുന്നുണ്ട്. പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം മാനന്തവാടി നിയോജക മണ്ഡലം എം. എൽ. എ. ശ്രീമതി ഉഷാ വിജയൻ നിർവഹിച്ചു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ജോയിന്റ് ഡയറക്ടർ ഫാ. ജോണി കുന്നത്ത് അധ്യക്ഷത വഹിച്ചു. ചടങ്ങിൽ തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം. ജി.

ബിജു, വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി വൈസ് പ്രസിഡന്റ് സെബാസ്റ്റ്യൻ പാലംപറമ്പിൽ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ പി. എ. ജോസ്, പ്രൊജക്റ്റ് കോഓർഡിനേറ്റർ റോബിൻ ജോസഫ് എന്നിവർ സംസാരിച്ചു. കാലാവസ്ഥാ വ്യതിയാനവും തുടർച്ചയായ കനത്ത മഴയും മൂലം ഏറ്റവും കൂടുതൽ ദുരിതമനുഭവിക്കുന്നത് ആദിവാസി സമൂഹമാണെന്നും, അവരുടെ അടിയന്തര ആവശ്യങ്ങൾ പരിഹരിക്കുന്നതിനും സുരക്ഷ ഉറപ്പാക്കുന്നതിനുമായി ഇത്തരത്തിലുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങൾ തുടർന്നും നടപ്പാക്കുമെന്നും WSSS അധികൃതർ അറിയിച്ചു.

**നബാർഡ് കേരള റീജിയണൽ ടീം സന്ദർശനം നടത്തി**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി തിരുനെല്ലി ഗ്രാമപഞ്ചായത്തിൽ മുള്ളൻകൊല്ലി നീർത്തട പ്രദേശത്ത് നടപ്പിലാക്കി വന്നിരുന്ന നബാർഡ് നീരുറവ സംരക്ഷണ പദ്ധതിയുടെ അവസാനഘട്ട വിലയിരുത്തലിനായി നബാർഡ് കേരള റീജിയണൽ ഓഫീസിലെ അസിസ്റ്റന്റ് മാനേജർ നിഖിൽ ഗൈക്വാഡ്, കൺസൽട്ടന്റ് പി. ശ്രീബാലാജി എന്നിവർ നീർത്തട പ്രദേശത്ത് സന്ദർശനം നടത്തി. സന്ദർശനത്തിന്റെ ഭാഗമായി നീർത്തട കമ്മിറ്റി അംഗങ്ങളുമായി ചർച്ച, രേഖകളുടെ പരിശോധന എന്നിവ നടത്തി. കൂടാതെ നീർത്തട പ്രദേശത്ത് നടപ്പിലാക്കിയ നീരുറവ സംരക്ഷണം, കിണർ റീചാർജിങ്, ചെക്ക് ഡാം നിർമ്മാണം, ജൈവ വള നിർമ്മാണം, ചെറുകിട ജലസേചനം, കുളം നവീകരണം, മുട്ടക്കോഴി വളർത്തൽ, മൺകയ്യാല നിർമ്മാണം, കല്ല് കയ്യാല നിർമ്മാണം, നീർക്കുഴി നിർമ്മാണം തുടങ്ങിയ പദ്ധതി പ്രവർത്തങ്ങൾ നേരിട്ട് കണ്ടു മനസ്സിലാക്കി. സന്ദർശനത്തിന് വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ജോയിന്റ് ഡയറക്ടർ ഫാ. ജോണി കുന്നത്ത്, പ്രോഗ്രാം ഓഫീസർ ജോസ് പി. എ., പ്രൊജക്റ്റ് കോർഡിനേറ്റർമാരായ റോബിൻ ജോസഫ്, ദീപു ജോസഫ്, നീർത്തട കമ്മിറ്റി അംഗങ്ങളായ പി. സുനിൽകുമാർ, ചന്ദ്രിക സതീഷ് ബാബു എന്നിവർ നേതൃത്വം നൽകി.

**എടവക ഗ്രാമപഞ്ചായത്തിൽ ദുരന്തസാധ്യത പ്രദേശങ്ങളിൽ ഗ്രാമയാത്ര നടത്തി**

ദുരന്ത സാധ്യത പ്രദേശങ്ങളിലെ മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിനും ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുമായി പുതു ആശയവുമായി എടവക ഗ്രാമപഞ്ചായത്ത് ദുരന്ത സാധ്യത പ്രദേശ

ങ്ങളിൽ ഗ്രാമയാത്ര നടത്തി. രാവിലെ 10.30 ന് ഒരപ്പ് പകൽ വീട്ടിൽ ഗ്രാമയാത്രയുടെ ഔപചാരികമായ ഉദ്ഘാടനം പ്രസിഡണ്ട് ഗിരിജ സുധാകരൻ നിർവഹിച്ചു. തുടർന്ന് മുൻകാലങ്ങളിൽ പ്രളയം ഉണ്ടായ സ്ഥലങ്ങളിൽ അതാത് വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ സ്ഥിരം സമിതി അധ്യക്ഷൻമാരും മറ്റ് ഭരണസമിതി അംഗങ്ങളും ആർ. ആർ. ടി. അംഗങ്ങളും, വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി കോഡിനേറ്റർമാരും പ്രദേശവാസികളും ചേർന്ന് പ്രളയ സാധ്യത വിലയിരുത്തൽ നടത്തി. മുൻപ് ദുരന്തത്തെ അഭിമുഖീകരിച്ച പ്രദേശവാസികളിൽ നിന്ന് അഭിപ്രായം ആരാഞ്ഞും, എന്തൊക്കെ മുന്നൊരുക്കങ്ങൾ നടത്തണമെന്നും ചോദിച്ചറിഞ്ഞു. ലൈഫ് കോച്ച് എ. കെ. ഷാനവാസ്, പഞ്ചായത്ത് സെക്രട്ടറി മുഹമ്മദ് ഇഖ്ബാൽ, WSSS സേഫ് വിതിൻ പ്രോജക്ട് അംഗമായ സി. ദിവ്യ S D, പ്രൊജക്റ്റ് കോർഡിനേറ്റർ ഡെൽന മേരി ജെയ്സൺ എന്നിവർ പ്രദേശവാസികൾക്ക് അടിയന്തിര സാഹചര്യങ്ങൾ നേരിടുവാനുള്ള ബോധവൽക്കരണം നടത്തി.

പ്രധാന പ്രളയ ബാധിത പ്രദേശങ്ങളായിരുന്ന ചൊവ്വ, ഒരപ്പ് അഗ്രഹാരം, വേങ്ങാരക്കടവ്, കാക്കഞ്ചേരി, കമ്മന, ചെറുവയൽ, പായോട്, പാണ്ടിക്കടവ് എന്നിവിടങ്ങളിൽ നടത്തിയ ഗ്രാമയാത്ര ചാമാടിപ്പൊയിലിൽ സമാപിച്ചു. വയനാട് ജില്ലയിൽ തന്നെ ആദ്യമായാണ് ഒരു പഞ്ചായത്ത് മഴക്കാലപൂർവ്വ ഗ്രാമയാത്ര നടത്തുന്നത്. വാർഡ് അടിസ്ഥാനത്തിൽ വാർഡ് മെമ്പർ ചെയർമാൻ ആയുള്ള ആർ. ആർ. ടി. ഗ്രൂപ്പുകൾ അടിയന്തര സാഹചര്യങ്ങളിൽ ദുരന്തമുഖങ്ങളിൽ രക്ഷാപ്രവർത്തനം നടത്തുകയും മറ്റു വാർഡുകളിലെ ഗ്രൂപ്പുകളുമായി സഹകരിച്ച് ഇത്തരം സാഹചര്യങ്ങൾ നിയന്ത്രിക്കുകയും ചെയ്യുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

**വീ ലീഡ് പദ്ധതിയുടെ ഭാഗമായി കൂൺ കൃഷിയിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി വീലീഡ് പദ്ധതിയുടെ ഭാഗമായി കൂൺകൃഷിയെകുറിച്ച് പരിശീലന പരിപാടി സംഘടിപ്പിച്ചു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയിൽ നടന്ന പരിശീലന പരിപാടി വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ജോയിന്റ് ഡയറക്ടർ റവ. ഫാ. ജോണി കുന്നത്തിന്റെ അദ്ധ്യക്ഷതയിൽ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ ഉദ്ഘാടനം ചെയ്തു. വീലീഡ് പദ്ധതി ജില്ലാ കോഡിനേറ്റർ വരുൺ ടി. പി. പദ്ധതി വിശദീകരണം നടത്തി. നടവയലിൽ വ്യാവസായിക അടി

സ്ഥാനത്തിൽ കൂൺ കൃഷി നടത്തുന്ന മിനി പി. എൽ. പരിശീലനത്തിന് നേതൃത്വം നൽകി. വീലീഡ് ഫീൽഡ് കോ ഓർഡിനേറ്റർ നിമ്മി അഗസ്റ്റിൻ, വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി. എ., കോഡിനേറ്റർമാരായ ചിഞ്ചു മരിയ പീറ്റർ, ജാൻസി ജിജോ, ഫീൽഡ് കോഡിനേറ്റർമാരായ ലിജ കുര്യാക്കോസ് ആലീസ് സിസിൽ, ബിൻസി വർഗീസ്, ജിനി ഷിനു, എന്നിവർ സംസാരിച്ചു. സ്വന്തമായി കൂൺ ഉണ്ടാക്കിയെടുക്കുക, വ്യക്തിതലത്തിലും സ്വാശ്രയ സംഘതലത്തിലും കൂൺ ഉത്പാദിപ്പിച്ച് വിപണനം നടത്തുക, വരുമാന വർദ്ധക പദ്ധതികൾ ആരംഭിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് പരിശീലന പരിപാടി സംഘടിപ്പിച്ചത്. പരിശീലനം പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. കൂടാതെ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പ സൗകര്യവും സാങ്കേതിക സഹായവും നൽകും.

**പ്രകൃതിഭംഗി വസ്ത്രങ്ങളിൽ വിരിയിച്ച് "GAIA 2k26' മാനന്തവാടിയിൽ ഫാഷൻഷോ ശ്രദ്ധേയമായി**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ (WSSS) കീഴിൽ പ്രവർത്തിക്കുന്ന വുമൺസ് വെൽഫെയർ അസോസിയേഷനിലെ രണ്ടാം വർഷ ഫാഷൻ ഡിസൈനിങ് ആൻഡ് ഗാർമെന്റ് ടെക്നോളജി (FDGT) വിദ്യാർത്ഥികൾ സംഘടിപ്പിച്ച ഫാഷൻഷോ 'GAIA 2k26' ശ്രദ്ധേയമായി. കേരള ഗവൺമെന്റ് ടെക്നിക്കൽ എഡ്യൂക്കേഷൻ കോഴ്സിന്റെ ഭാഗമായുള്ള തങ്ങളുടെ പ്രൊജക്റ്റ് വർക്കിന്റെ അടിസ്ഥാനത്തിലാണ് വിദ്യാർത്ഥികൾ ഈ ഫാഷൻ വിരുന്ന് ഒരുക്കിയത്.

'പ്രകൃതി' (Nature) തീം ആയി സ്വീകരിച്ച വിദ്യാർത്ഥികൾ സ്വന്തമായി ഡിസൈൻ ചെയ്ത വസ്ത്രങ്ങൾ ധരിച്ചാണ് മോഡലുകൾ റാംപിലെത്തിയത്. വസ്ത്രങ്ങളിലെ പുതുമയാർന്ന ഡിസൈനുകളും നിറക്കൂട്ടുകളും കാണികൾക്ക് വേറിട്ടൊരു ദൃശ്യവിരുന്നാണ് സമ്മാനിച്ചത്. ഒന്നാം വർഷ വിദ്യാർത്ഥികളും അധ്യാപകരും ആണ് പരിപാടിയുടെ വിജയത്തിന് പിന്നിൽ നേതൃത്വപരമായ പങ്ക് വഹിച്ചത്.

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ജോയിന്റ് ഡയറക്ടർ ഫാ. ജോണി കുന്നത്തിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ WSSS എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ പരിപാടിയുടെ ഔദ്യോഗിക ഉദ്ഘാടനം നിർവ്വഹിച്ചു. പി. എ. ജോസ് (WSSS പ്രോഗ്രാം ഓഫീസർ) ജാൻസി ജിജോ (FDGT സെന്റർ ഇൻചാർജ്) ചിഞ്ചു മരിയ (SWS കോ-ഓർഡിനേറ്റർ)

കൃഷ്ണേന്ദു പി. എസ്., ജിസ്ന ജോർജ് (ട്രെനർമാർ) സി. ദിവ്യ ജോസഫ് SD, ആലീസ് സിസിൽ (SWS റീജിയണൽ കോ-ഓർഡിനേറ്റർ) ഒന്നാം വർഷ വിദ്യാർത്ഥികളായ ഡിൻസി നൊബെർട്ട്, ഫാത്തിമത്ത് സാദിയ, നിഹാല എന്നിവരും ചടങ്ങിൽ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. വിദ്യാർത്ഥികളുടെ സർഗ്ഗാത്മകതയെയും കഠിനാധ്വാനത്തെയും പ്രശംസിച്ചുകൊണ്ട് വൻ ജനപങ്കാളിത്തത്തോടെയാണ് പരിപാടി സമാപിച്ചത്.

**നബാർഡ് ഗ്രാമ വികസനത്തിനും കാലാവസ്ഥാ പ്രതിരോധത്തിനും കൂടുതൽ പ്രാധാന്യം നൽകും**

നബാർഡ് ഗ്രാമവികസനത്തിനും കാലാവസ്ഥാ പ്രതിരോധത്തിനും കൂടുതൽ പ്രാധാന്യം നൽകും എന്ന് നബാർഡ് ജില്ലാ മാനേജർ ആർ. ആനന്ദ് വ്യക്തമാക്കി. നബാർഡിന്റെ 45-ാം സ്ഥാപക ദിനാഘോഷം വയനാട് ജില്ലയിലെ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി നടപ്പിലാക്കുന്ന പുലിക്കാട് നീരുറവ സംരക്ഷണ പദ്ധതി പ്രദേശത്ത് ഫലവൃക്ഷതൈ നട്ടു ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

1982 ജൂലൈ 12-ന് സ്ഥാപിതമായ നബാർഡ് രാജ്യത്തെ ഗ്രാമവികസനത്തിന്റെ പ്രധാന ധനകാര്യ-വികസന സ്ഥാപനമായി പ്രവർത്തിച്ചുവരികയാണെന്ന് പറഞ്ഞു. കാർഷിക വികസനം, പ്രകൃതി വിഭവ പരിപാലനം, കാലാവസ്ഥാ വ്യതിയാനത്തെ നേരിടുന്നതിനുള്ള പദ്ധതികൾ, ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനം, നൈപുണ്യ വികസനം, സംരംഭകത്വ പ്രോത്സാഹനം എന്നിവയാണ് നബാർഡിന്റെ പ്രധാന പ്രവർത്തന മേഖലകൾ. കേരളത്തിൽ പ്രതിവർഷം ഏകദേശം 20,000 കോടി രൂപയുടെ വികസന ധന സഹായവും 20-25 കോടി രൂപയുടെ ഗ്രാന്റ് അധിഷ്ഠിത വികസന പദ്ധതികളും നബാർഡ് നടപ്പാക്കി വരുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ഭാവിയിലും കാർഷിക ഉൽപ്പാദനക്ഷമത വർധിപ്പിക്കുന്നതിനും പ്രകൃതിവിഭവ സംരക്ഷണത്തിനും കാലാവസ്ഥാ പ്രതിരോധശേഷി ശക്തിപ്പെടുത്തുന്നതിനും സുസ്ഥിര ഗ്രാമവികസനത്തിനും മുൻഗണന നൽകി നബാർഡ് പ്രവർത്തനം തുടരുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. എടവക ഗ്രാമപഞ്ചായത്ത് മെമ്പർ ഷിൽസൺ കോക്കണ്ടത്തിൽ അദ്ധ്യക്ഷത വഹിച്ചു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി. എ., പ്രോജക്റ്റ് കോർഡിനേറ്റർ റോബിൻ ജോസഫ്, നീർത്തട കമ്മിറ്റി ചെയർമാൻ വർഗീസ് കെ. ജെ., സെക്രട്ടറി സിനോജ് പി. ജെ. എന്നിവർ സംസാരിച്ചു.

**സോഷ്യൽ വെൽഫയർ സൊസൈറ്റി (sws)**
**തോണിച്ചാലിൽ പുതിയ SWS യൂണിറ്റിന് തുടക്കമായി**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായി ഏകോപിപ്പിക്കുകയും സാമൂഹ്യ സേവന പ്രവർത്തനങ്ങൾ കൂടുതൽ ജനങ്ങളിലേക്ക് വ്യാപിപ്പിക്കുകയും ചെയ്യുന്നതിനായി തോണിച്ചാൽ കേന്ദ്രമായി പുതിയ സോഷ്യൽ വെൽഫെയർ സൊസൈറ്റി(SWS) യൂണിറ്റിന് തുടക്കമായി.

തോണിച്ചാൽ സെന്റ് സെബാസ്റ്റ്യൻ പാരിഷ് ഹാളിൽ നടന്ന ഉദ്ഘാടന സമ്മേളനം WSSS ജോയിന്റ് ഡയറക്ടർ റവ. ഫാ. ജോണി കുന്നത്ത് ഉദ്ഘാടനം ചെയ്തു. തോണിച്ചാൽ സെന്റ് സെബാസ്റ്റ്യൻ ദേവാലയ വികാരി റവ. ഫാ. ബിജോ കറുകപ്പള്ളി അധ്യക്ഷത വഹിച്ചു. WSSS എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ മുഖ്യപ്രഭാഷണം നടത്തി. SWS കോഡിനേറ്റർ ചിഞ്ചു മരിയ പീറ്റർ, എസ്. ഡബ്ല്യു. എസ്. റീജിയണൽ കോഡിനേറ്റർ ബിൻസി വർഗീസ് എന്നിവർ ആശംസകൾ അറിയിക്കുകയും ചെയ്തു. ഏകദേശം 55 പേർ പങ്കെടുത്ത യോഗത്തിൽ ജോഷി പി. എം. തകരപ്പള്ളി പ്രസിഡണ്ടായും ഷീജ മോൾ ജെയ്സൺ പൊന്നോല സെക്രട്ടറിയായും പുതിയ SWS യൂണിറ്റിന്റെ ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെട്ടു. പുതിയ യൂണിറ്റിന്റെ പ്രവർത്തനങ്ങൾ പ്രദേശത്തെ സാമൂഹിക വികസനത്തിനും കുടുംബശാക്തീകരണത്തിനും കൂടുതൽ കരുത്തേകുമെന്ന പ്രത്യാശയും പരിപാടിയിൽ പങ്കുവെച്ചു.

**SWS മീറ്റിംഗുകൾ**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ (WSSS) നേതൃത്വത്തിൽ മംഗലശ്ശേരി, ചുങ്കക്കുന്ന്, കോട്ടത്തറ, പുതുശ്ശേരിക്കടവ്, പോരൂർ, മൊതക്കര, പ്രശാന്തഗിരി, തലപ്പുഴ, കുറുമണി, പാൽചുരം, ചെന്നലോട്, ഏലപ്പീടിക, ജൂഡ്സ്മൗണ്ട്, വഞ്ഞോട്, വാളേരി, കുഞ്ഞോം, നിരവിൽപുഴ, അമ്പായത്തോട്, വെള്ളൂന്നി, കൊട്ടിയൂർ, കണിയാരം, പടമല, കമ്മന, കാരക്കാമല, ഒഴുക്കന്മൂല, ചുള്ളിയാന, ആറാട്ടുതറ, തൃശ്ശിലേരി, പയ്യമ്പള്ളി, ചെറുകാട്ടൂർ, ദ്വാരക, ഒണ്ടയങ്ങാടി, എടയൂർകുന്ന്, തവിഞ്ഞാൽ, സീതാമൗണ്ട്, കല്ലോടി, ശശിമല, പാടിച്ചിറ, മരകാവ്, നടവയൽ, പാറത്തോട്ടം, വലിയകൊല്ലി, പട്ടാണിക്കൂപ്പ്, പുതിയിടം, തോണിച്ചാൽ, ആലാറ്റിൽ എന്നിവിടങ്ങളിൽ സോഷ്യൽ വെൽഫെയർ സൊസൈറ്റി (SWS) മീറ്റിംഗുകൾ സംഘടിപ്പിച്ചു.

WSSS ജോയിന്റ് ഡയറക്ടർ ഫാ. ജോണി കുന്നത്ത്, SWS

കോഡിനേറ്റർ ചിഞ്ചു മരിയ പീറ്റർ, പട്ടാണിക്കൂപ്പ് വികാരി റവ. ഫാ. ജോജോ ഔസേപറമ്പിൽ, റവ. ഫാ. തോമസ് വാഴച്ചാലിൽ, റവ. ഫാ. ജിമ്മി മൂലയിൽ, ചുങ്കക്കുന്ന് അസിസ്റ്റന്റ് വികാരി റവ. ഫാ. ക്രിസ്റ്റി, ജൂഡ്സ്മൗണ്ട്, വികാരി റവ. ഫാ. മനോജ് കാക്കോനാൽ, പാൽചുരം വികാരി റവ. ഫാ. പ്രതീഷ് കിഴക്കൻ പുതുപ്പള്ളി, പയ്യമ്പള്ളി വികാരി റവ. ഫാ. ജെയിംസ് പുത്തൻപറമ്പിൽ എന്നിവരും SWS റീജിയണൽ കോഡിനേറ്റർമാരായ ആലീസ് സിസിൽ, ബിൻസി വർഗീസ്, ജിനി ഷിനു, ലിജ കുര്യാക്കോസ് എന്നിവരും മീറ്റിംഗുകൾക്ക് നേതൃത്വം നൽകി.

**സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ചു**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ വിവിധ പദ്ധതികളും സേവനങ്ങളും കൂടുതൽ ഇടവകകളിലേക്കും കുടുംബങ്ങളിലേക്കും വ്യാപിപ്പിക്കുക, വരുമാന വർധനയ്ക്കുള്ള സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക, ആവശ്യമായ തൊഴിൽ പരിശീലനങ്ങൾ നൽകുക, സമ്പാദ്യശീലം വളർത്തുക എന്നീ ലക്ഷ്യങ്ങളോടെ നൂൽപുഴ, ഒഴുക്കന്മൂല, അയനിക്കാമൂല എന്നീ പ്രദേശങ്ങളിൽ പുതിയ സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ചു.

**സോപ്പ് നിർമ്മാണ പരിശീലനം**

സ്വയംതൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഒഴുക്കന്മൂല, അഞ്ചുകുന്ന്, തവിഞ്ഞാൽ, കേളക്കവല എന്നീ പ്രദേശങ്ങളിൽ സോപ്പ്നിർമ്മാണ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. പരിശീലനത്തിലൂടെ പങ്കെടുത്തവർക്ക് ഗുണമേന്മയുള്ള ഉൽപ്പന്ന നിർമ്മാണത്തിനാവശ്യമായ സാങ്കേതിക അറിവും പ്രായോഗിക പരിശീലനവും നൽകി.

**ഫാഷൻ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് ടെക്നോളജി (FDGT)**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ, വളരെയധികം തൊഴിൽ സാധ്യതകളുള്ള FDGT (2 years) കോഴ്സിലേക്ക് 2026-2028 വർഷത്തേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. കേരള ടെക്നിക്കൽ എഡ്യുക്കേഷന്റെ പി. എസ്. സി. അംഗീകാരത്തോട് കൂടിയ കോഴ്സാണിത്. SSLC യോഗ്യത ഉള്ള ദ്വിവർഷ കോഴ്സിലേക്ക് അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ 9645430856, 04935-240314 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

**ഫാ. ജോണി കുന്നത്ത്**
ജോയിന്റ് ഡയറക്ടർ, WSSS

## ജീവസ് & കെ. എൽ. എം

(Department for Labour and Welfare - Diocese of Mananthavady)

**പാരീഷ് കമ്മിറ്റി അംഗങ്ങളുടെ പരിശീലനം**

സമുദായശക്തീകരണ വർഷാചരണത്തിന്റെ ഭാഗമായി നടത്തിവരുന്ന പാരിഷ്കമ്മിറ്റി അംഗങ്ങളുടെ പരിശീലനത്തിൽ സാമൂഹ്യ സുരക്ഷാ പദ്ധതികളെക്കുറിച്ചും സർക്കാർ പദ്ധതികളെക്കുറിച്ചും വിശദീകരിക്കുകയും തുടർപ്രവർത്തനങ്ങൾക്ക് രൂപം നല്കുന്നതിനുള്ള ക്രമീകരണങ്ങൾ നല്കുന്നതിനെകുറിച്ചും ക്ലാസ്സുകൾ നല്കുകയുണ്ടായി. തുടർന്ന് ഇടവകാടിസ്ഥാനത്തിൽ ആരംഭിക്കാവുന്ന പ്രവർത്തനങ്ങളെ കുറിച്ച് പാരീഷ് കോഡിനേറ്റർമാർക്ക് പരിശീലനം നല്കുന്നതാണ്.

**പാരിഷ് ടീം ട്രെയിനിംഗ്**

സാമൂഹ്യ സുരക്ഷാ പദ്ധതികളും സർക്കാർ ആനുകൂല്യങ്ങളും കുടുംബങ്ങൾക്ക് ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കുന്നതിനുമായി പാരിഷ് ടീമിന് ട്രെയിനിംഗ് സംഘടിപ്പിക്കുന്നു. പാരീഷ് കോഡിനേറ്റർമാരും പ്രവർത്തനങ്ങളിൽ സഹായിക്കാൻ പറ്റുന്ന മറ്റൊരാളും ഉൾപ്പെടെ ഇടവകയിൽ നിന്നും രണ്ടു പേർക്ക് പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്. ജൂലൈ 25 ന് wsss ഓഡിറ്റോറിയത്തിൽ വെച്ച് ആദ്യഘട്ട പരിശീലനം നടക്കും. രാവിലെ 10 മണി മുതൽ 3 മണി വരെയാണ് പരിശീലനം. ഓഗസ്റ്റ് മാസം 9 ന് നിലമ്പൂർ ലിറ്റിൽ ഫ്ളവർ ഫോറോനാ ദേവാലയത്തിൽ വെച്ച് രണ്ടാമത്തെ ബാച്ച് പരിശീലനവും നടക്കും. കോഡിനേറ്റർമാർ ഇതിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**കെ.എൽ.എം രൂപതാ സമിതി**

കേരളാ ലേബർ മൂവ്മെന്റ് രൂപതാ സമിതി വിവിധ തൊഴിലാളി ഫോറം പ്രതിനിധികളെ കൂടി ഉൾകൊള്ളിച്ച് പുനഃസംഘടിപ്പിച്ചു.

| | |
|---|---|
| ബിജു പോൾ പുയ്ക്കുന്നേൽ | - പ്രസിഡന്റ് |
| മാത്യു ഞൊൻമാക്കൽ | - സെക്രട്ടറി |
| സിസിലി മാത്യു മോനിപ്പള്ളിൽ | - വൈസ് പ്രസിഡന്റ് |
| സവിത എം. കെ. തകരപ്പള്ളിയിൽ | - ജോയിന്റ് സെക്രട്ടറി |
| ജോബി തോമസ് വേണാട് | - KCTTF |
| ഷിന്റോ തോമസ് വാനത്ത് | - SNTU |
| മനോജ് വെളിയത്ത് | - FWP |
| സൗമ്യ ബാബു മലയിൽ | - KTWF |
| മിനിമോൾ കൊല്ലപറമ്പിൽ | - ഓഫീസ് കോഡിനേറ്റർ |

**അനുശോചനം**

കെ. എൽ. എം. രൂപതാ പ്രസിഡന്റും സംസ്ഥാന വൈസ് പ്രസിഡന്റുമായ ബിജു പുയ്ക്കുന്നേലിന്റെ പിതാവ് പൈലിയുടെ നിര്യാണത്തിൽ രൂപതാ സമിതി അനുശോചനം രേഖപ്പെടുത്തി. wsss ജോയിന്റ് ഡയറക്ടർ ഫാ. ജോണി കുന്നത്തിന്റേയും KLM ഡയറക്ടർ സെബാസ്റ്റ്യൻ പാലംപറമ്പിലിന്റേയും നേതൃത്വത്തിൻ KLM, wsss, ടീം അംഗങ്ങൾ ഭവനത്തിൽ എത്തി ആദരാഞ്ജലികൾ അർപ്പിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.

**ക്ഷേമനിധി**

വിവിധ ക്ഷേമനിധിയിൽ നിന്നും പെൻഷൻ ലഭിക്കുന്ന തൊഴിലാളികൾ വാർഷിക മസ്റ്ററിംഗ് ചെയ്യേണ്ട സമയമാണ്. 17-07-2026 മുതൽ 30-09-2026 വരെ കാലയളവിനുള്ളിൽ പൂർത്തിയാക്കേണ്ടതാണ്. ആധാർകാർഡ്, ആധാർ ലിങ്ക് ഫോൺ എന്നിവ കൊണ്ടുപോകണം.

**സ്കൂൾ കിറ്റ് വിതരണം**

തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള (bpl) കുടുംബങ്ങളിലെ മക്കൾക്ക് സ്കൂൾ കിറ്റ് വിതരണം 03-07-2026 ന് കൽപ്പറ്റ ജില്ലാ ക്ഷേമനിധി ഓഫീസിൽ വച്ച് നടന്നു.

**ആനുകൂല്യം**

ക്ഷേമനിധിയുടെ പബ്ലിക് സൈറ്റിൽ മെമ്പർ പ്രൊഫൈലിൽ അംഗത്തിന്റെ ഡാറ്റ കംപ്ലീറ്റ് അല്ലെങ്കിൽ പേയ്മെന്റ് നടത്താൻ കഴിയില്ല, അക്ഷയ വഴി ആനുകൂല്യത്തിന് അപേക്ഷിക്കുന്നവർ ശ്രദ്ധിക്കുമല്ലോ.

**ആവശ്യമായ രേഖകൾ** - ഫോട്ടോ, ഒപ്പ്, യൂണിയൻ സാക്ഷ്യപത്രം, വയസ്സ് തെളിയിക്കുന്ന രേഖ.

വിവാഹ ധനസഹായം, പ്രസവ ധനസഹായം, സ്കോളർഷിപ്പ്, ചികിത്സാ സഹായം എന്നിവയ്ക്ക് ഈ മാസം അപേക്ഷ സമർപ്പിച്ചു.

**സ്വാവലംബൻ**

കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ സ്വാവലംബനിൽ ചേർന്നവരുടെ റിട്ടയർമെന്റ് ആനുകൂല്യം 11 പേർക്ക് ഈ മാസം ലഭിച്ചു.

**സെബാസ്റ്റ്യൻ പാലംപറമ്പിൽ**
രൂപതാ ഡയറക്ടർ

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

### 1. മേഖലാ ഇവാലുവേഷൻ മീറ്റിംഗ്

NDS ന്റെ മേഖലാ ഇവാലുവേഷൻ മീറ്റിംഗ് 18.07.2026 ശനിയാഴ്ച്ച രാവിലെ 11 മണിമുതൽ NDS മേഖലാ ഓഫീസിൽവെച്ച് നടത്തപ്പെട്ടു. NDS എക്സിക്യൂട്ടീവ് ഡയറക്ടർ ബഹു. നിഷ്വിൻ തേൻപള്ളിയിൽ അച്ചൻ മീറ്റിംഗിന് നേതൃത്വം വഹിച്ചു. NDS വിമലഗിരി, ബോസ്പാറ, കയ്യൂന്നി, കൽപ്ര, ധർമ്മഗിരി, യൂണിറ്റുകളിലെ കോഡിനേറ്റർമാർ അതാത് യൂണിറ്റുകളുടെ ജൂൺ, ജൂലൈ മാസങ്ങളിലെ പ്രവർത്തന റിപ്പോർട്ടും ക്രഡിറ്റ് യൂണിയന്റെ കണക്കും അവതരിപ്പിച്ചു. യൂണിറ്റുകളിൽ നടപ്പിലാക്കിയ മികച്ച പ്രവർത്തനങ്ങളെ എടുത്ത് പറഞ്ഞ് അച്ചൻ യൂണിറ്റിന് മേഖലയുടെ അഭിനന്ദനങ്ങൾ അറിയിച്ചു. മേഖലയുടെ നേതൃത്വത്തിൽ സന്ദർശനം നടത്താത്ത യൂണിറ്റുകളിലേക്ക് ഈ മാസം തന്നെ സന്ദർശനം ഉണ്ടാകുമെന്നും, അതിനുവേണ്ട ക്രമീകരണങ്ങൾ അതാത് യൂണിറ്റുകളുടെ നേതൃത്വത്തിൽ നടത്തണമെന്നും അച്ചൻ നിർദ്ദേശം നല്കി.

### 2. NDS കൽപ്ര യൂണിറ്റ് സന്ദർശനം

NDS കൽപ്ര യൂണിറ്റിൽ 30.06.2026 ന് NDS എക്സിക്യൂട്ടിവ് ഡയറക്ടർ ബഹു. നിഷ്വിൻ തേൻപള്ളിയിൽ അച്ചന്റെയും, പ്രോജക്ട് കോഡിനേറ്റർ ജോഷിയുടെ നേതൃത്വത്തിൽ സന്ദർശനം നടത്തി. NDS ന്റെ പുതിയ എക്സിക്യൂട്ടീവ് ഡയറക്ടറായി ചുമതലയേറ്റെടുത്ത നിഷ്വിൻ അച്ചനെ കൽപ്ര യൂണിറ്റിന്റെ ഭാരവാഹികൾ സ്വാഗതം ആശംസിക്കുകയും പൂക്കൾ നല്കി സ്വീകരിക്കുകയും ചെയ്തു. യൂണിറ്റ് പ്രസിഡണ്ട് ശ്രീ. ജോസഫ് കളപ്പുരയ്ക്കൽ മീറ്റിംഗിന് സ്വാഗതം ആശംസിച്ചു. തുടർന്ന് യൂണിറ്റിന്റെയും, സ്വാശ്രയസംഘങ്ങളുടെയും പ്രവർത്തന റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. മേഖലാ കോഡിനേറ്റർ ശ്രീ. ജോഷി NDS ന്റ ആരംഭവും, വളർച്ചയും, നിലവിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന പദ്ധതികളും അംഗങ്ങൾക്ക് പരിചയപ്പെടുത്തി. തുടർന്ന് NDS എക്സിക്യൂട്ടിവ് ഡയറക്ടർ ബഹു. നിഷ്വിൻ തേൻപള്ളിയിൽ അച്ചൻ, വളരെ മികച്ച രീതിയിൽ പ്രവർ

ത്തനങ്ങളുമായി മുന്നോട്ടുപോകുന്ന NDS കൽപ്ര യൂണിറ്റിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും, അഭിനന്ദനങ്ങൾ അറിയിക്കുകയും ചെയ്തു. യൂണിറ്റ് കോഡിനേറ്റർ ശ്രീമതി ലൂസി ആന്റണി ഏവർക്കും നന്ദി പറഞ്ഞു.

**3. SAFP – FDP 6 Year Plan തയ്യാറാക്കൽ**

സേവ് എ ഫാമിലി പ്രോഗ്രാമിന്റെ ഭാഗമായ ഫാമിലി ഡെവലപ്പ്മെന്റ് പ്രോജക്ട് NDS ന്റെ ആഭിമുഖ്യത്തിൽ നീലഗിരിയിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഈ പദ്ധതിയുടെ ഗുണഭോക്താക്കളായ 225 കുടുംബങ്ങളെയും സന്ദർശിച്ച് അടുത്ത 6 വർഷത്തേക്ക് അവർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളെകുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്ന ജോലികൾ പ്രോജക്ട് കോഡിനേറ്റർ ശ്രീമതി ടിൻസിയുടെ നേതൃത്വത്തിൽ പുരോഗമിച്ചുവരുന്നു.

**4. പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ സർവ്വീസ്**

NDS ന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന പെയിൻ & പാലിയേറ്റിവ് കെയർ പ്രവർത്തനങ്ങൾ 2026 ജൂലൈ മാസം 10, 11, 13, 14 തിയതികളിലായി പാട്ടവയൽ, കയ്യൂന്നി, മാങ്ങംവയൽ പ്രദേശങ്ങളിൽ പാലിയേറ്റിവ് കെയർ ശുശ്രൂഷകൾ ചെയ്തു. 5 കിടപ്പുരോഗികൾക്ക് Catheterization ചെയ്തു. കുന്നലാടി, പെരുമ്പള്ളി കോളനിയിൽ 20 രോഗികൾക്ക് മരുന്നുകൾ നല്കി. UTI തടയാനും, വരാതിരിക്കാനും ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് ബോധവത്ക്കരണ സെമിനാർ നടത്തി. രോഗികളുടെ ബി. പി, SP02 എന്നിവ പരിശോധിക്കുകയും സ്റ്റേഷനറി സാധനങ്ങൾ ആവശ്യമായവർക്ക് അത് മേടിച്ച് നല്കുകയും ചെയ്തു. കിടപ്പ് രോഗികളായവർക്ക് ബാക്ക് കെയർ കൊടുക്കുകയും, തുടർന്ന് അത് നല്കാൻ രോഗിയെ പരിചരിക്കുന്നവരെ പഠിപ്പിക്കുകയും ചെയ്തു. ക്യാൻസർ രോഗികൾക്ക് മുറിവ് വൃത്തിയാക്കി ഡ്രസിംഗ് ചെയ്തു.

**4. കരുണൈ ആംബുലൻസ് സർവ്വീസ്**

ഈ മാസം ആംബുലൻസ് പാട്ടവയൽ, നെല്ലാക്കോട്ട, വെള്ളരി, കൽപ്ര, കയ്യൂന്നി, കുന്നലാടി എന്നീ പ്രദേശങ്ങളിൽ പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കു പോകുകയും, പാട്ടവയൽ, ബത്തേരി, നെല്ലാക്കോട്ടയിലേക്കും രോഗികളുമായി പോകുകയും, നിർദ്ദനരായ രോഗികൾക്ക് ആംബുലൻസിന്റെ സേവനം ലഭ്യമാക്കുകയും ചെയ്തു.

## 5. യൂണിറ്റ്തല പ്രവർത്തനങ്ങൾ

### ബോസ്പാറ

ബോസ്പാറ യൂണിറ്റിന്റെ എക്സിക്യൂട്ടീവ്, വിലയിരുത്തൽ മീറ്റിംങ്ങുകൾ 04.07.2026 ശനിയാഴ്ച്ച നടത്തി. NDS ഡയറക്ടർ ബഹു. ജെയ്നേഷ് അച്ചൻ മീറ്റിംഗിന് നേതൃത്വം നല്കി. യൂണിറ്റിന്റെ കീഴിലുള്ള ഗ്രൂപ്പുകളിലെ പ്രസിഡന്റുമാർ മഴക്കാല രോഗങ്ങളെക്കുറിച്ചും, അതിന് മുന്നൊരുക്കമായി വീടും, പരിസരവും വൃത്തിയായി സൂക്ഷിക്കുക, വ്യക്തി ശുചിത്വം പാലിക്കുക എന്നിവയെക്കുറിച്ചും ഗ്രൂപ്പുകളിൽ അംഗങ്ങളെ പ്രത്യേകം ഓർമ്മപ്പെടുത്തി. വൃദ്ധ സന്ദർശനവും, രോഗീ സന്ദർശനവും നടത്തി ചെറിയ സാമ്പത്തിക സഹായം നല്കുകയും ചെയ്തു. യൂണിറ്റിന്റെ 3 JLG ഗ്രൂപ്പുകൾക്ക് ദേവർഷോല ഇന്ത്യൻ ബാങ്കിൽനിന്നും അനുവദിച്ച ലോൺ മുഴുവൻ അടച്ച് തീർക്കുകയും ഒരു ഗ്രൂപ്പിന് ലോൺ പുതുക്കി നല്കുകയും ചെയ്തു.

### വിമലഗിരി

വിമലഗിരി യൂണിറ്റ് എക്സിക്യൂട്ടീവ് മീറ്റിംഗ്, വിലയിരുത്തൽ മീറ്റിംഗ് എന്നിവ കൃത്യമായി നടത്തി. പ്രതീക്ഷ ഗ്രൂപ്പിന്റെയും, ജ്യോതി ഗ്രൂപ്പിന്റെയും നേതൃത്വത്തിൽ റോഡിന്റെ ഇരുവശങ്ങളിലെയും കാട് വെട്ടി വൃത്തിയാക്കി. യൂണിറ്റിന്റെ 2 JLG ഗ്രൂപ്പുകൾക്ക് ഗൂഡല്ലൂർ കാനറാ ബാങ്കിൽനിന്നും അനുവദിച്ച ലോൺ മുഴുവൻ അടച്ച് തീർക്കുകയും ഒരു ഗ്രൂപ്പിന് ലോൺ പുതുക്കി നല്കുകയും ചെയ്തു.

### കൽപ്ര

03.06.2026 ന് ബഹു. ജോർജ്ജ്കുട്ടി അച്ചന്റെ നേതൃത്വത്തിൽ യൂണിറ്റ് കമ്മിറ്റി മീറ്റിംഗ് നടത്തുകയും യൂണിറ്റിന്റെ റിപ്പോർട്ടും കണക്കും അവതരിപ്പിക്കുകയും ചെയ്തു. 30.06.2026 ന് ചേർന്ന യൂണിറ്റിന്റെ ഇവാലുവേഷൻ മീറ്റിംഗിൽ മേഖലാ എക്സിക്യൂട്ടീവ് ഡയറക്ടർ ബഹു. നിഷ്വിൻ അച്ചനും, മേഖലാ കോഡിനേറ്റർ ജോഷിയും മീറ്റിംഗിൽ പങ്കെടുത്തു. സെന്റ്. മേരീസ് ഗ്രൂപ്പ് പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി ഫലവൃക്ഷതൈകൾ നടുകയും, കറുകുറ്റി സ്കൂൾ പരിസരം വൃത്തിയാക്കുകയും ചെയ്തു. എല്ലാ ഗ്രൂപ്പംഗങ്ങളും വീടിന്റെ പരിസരത്തുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുകയും ഫലവൃക്ഷതൈകൾ നടുകയും ചെയ്തു. രോഗീസഹായമായി 10000 രൂപ സമാഹരിക്കുകയും അത് നല്കുകയും ചെയ്തു.

**ധർമ്മഗിരി**

യൂണിറ്റ് കർമ്മസമിതിയും, ഗ്രൂപ്പുകളുടെ ഇവാലുവേഷൻ മീറ്റിംഗും സംയുക്തമായി 03.06.2026 ന് പുതിയ ഡയറക്ടറായ ബഹു. ജോയി തുരുത്തേലച്ചന്റെ അദ്ധ്യക്ഷതയിൽ മേഖലാ എക്സി ക്യൂട്ടീവ് ഡയറക്ടർ ബഹു. നിഷ്വിൻ അച്ചന്റെയും മേഖലാ കോഡി നേറ്റർ ജോഷിയുടെയും സാന്നിധ്യത്തിൽ നടത്തപ്പെട്ടു. യൂണിറ്റ് കോഡിനേറ്റർ ഏവർക്കും സ്വാഗതം ആശംസിച്ചു. എല്ലാ ഗ്രൂപ്പുകളും മീറ്റിംഗിൽ പങ്കെടുക്കുകയും അവരുടെ റിപ്പോർട്ടും കണക്കും അവതരിപ്പിക്കുകയും ചെയ്തു. യൂണിറ്റ് കോഡിനേറ്റർ വാർഷിക റിപ്പേർട്ടും കണക്കും അവതരിപ്പിച്ചു. ക്രഡിറ്റ് യൂണിയനിൽ നിക്ഷേപം സ്വീകരിക്കുകയും, പുതിയ ലോണുകൾ പാസാക്കുകയും ചെയ്തു. ഒരു യൂണിറ്റ് അംഗത്തിന് ഭവനനിർമ്മാണ സഹായമായി 10000 രൂപ നല്കി.

**കയ്യൂന്നി**

യൂണിറ്റ് കർമ്മസമിതി മീറ്റിംഗ് 04.06.2026 നും, ഗ്രൂപ്പുക ളുടെ ഇവാലുവേഷൻ മീറ്റിംഗ് 28.06.2026 നും യൂണിറ്റ് പ്രസിഡന്റ് ശ്രീ. ഷാജിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ഗ്രൂപ്പുകളുടെയും, യൂണിറ്റിന്റെയും പ്രവർത്തനറിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. ജൂൺ 26 ആഗോള ലോക ലഹരിവിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി ലഹരിയുടെ ദൂഷ്യവശങ്ങളെകുറിച്ചും, പ്രത്യേകിച്ച് കുട്ടി കളിൽ ലഹരി വരുത്തുന്ന മാറ്റങ്ങളെകുറിച്ചും, അത് സമൂഹത്തിന് എപ്രകാരമാണ് നാശമായി മാറുന്നതെന്നും അംഗങ്ങളെ ബോധവത് ക്കരിച്ചു. പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി വിവിധ ഗ്രൂപ്പുക ളുടെ നേതൃത്വത്തിൽ വൃക്ഷതൈകൾ നട്ടു. കൃപ ഗ്രൂപ്പ്, ആക്സിഡന്റ് സംഭവിച്ച് കിടപ്പിലായ ഒരു അംഗത്തെ സന്ദർശിക്കുകയും, ധന സഹായം നല്കുകയും ചെയ്തു. ചൈതന്യ ഗ്രൂപ്പ് മഴക്കാല രോഗ പ്രതിരോധത്തിന് നാട്ടറിവുകൾ പങ്കുവെച്ചു. യൂണിറ്റ് ഭാരവാഹി കളുടെ 2 പുതിയ ഗ്രൂപ്പുകൾ പ്രവർത്തനം ആരംഭിച്ചു.

**ഫാ. ബിജു പൊൻപാറയ്ക്കൽ**
മാനേജിംങ്ങ് ഡയറക്ടർ
**ഫാ. നിഷ്വിൻ ടി. തോമസ്**
എക്സിക്യൂട്ടീവ് ഡയറക്ടർ
നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റി




### ഫൊറോന സമിതികൾക്ക് പുതിയ ഡയറക്ടർമാർ

കത്തോലിക്കാ കോൺഗ്രസ് ഫൊറോന സമിതികൾക്ക് പുതിയ ഡയറക്ടർ അച്ചൻമാരെ അതാത് ഫൊറോന വൈദിക സമ്മേളനം തെരഞ്ഞെടുത്തു. വൈദികരുടെ സ്ഥലംമാറ്റം മൂലം ഒഴിവുണ്ടായ ഫൊറോനകൾക്കാണ് പുതിയ ഡയറക്ടർമാർ ഉണ്ടായത്.

ചുങ്കക്കുന്ന് ഫൊറോന: റവ. ഫാ. പ്രതീഷ് കിഴക്കൻപുതുപ്പള്ളി
നടവയൽ ഫൊറോന: റവ. ഫാ. ജെയ്സ് ചെട്ട്യാശ്ശേരി
നിലമ്പൂർ ഫൊറോന: റവ. ഫാ. ടോമി പുത്തൻപുര
മാനന്തവാടി ഫൊറോന: റവ. ഫാ. തോമസ് പ്ലാശനാൽ

എല്ലാ ബഹുമാന്യ വൈദികർക്കും കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിലേക്ക് സ്വാഗതം.

### വന്യജീവി ആക്രമണം: സായാഹ്ന പ്രതിഷേധസദസും പന്തം കൊളുത്തി പ്രകടനവും നടത്തി

**മാനന്തവാടി**

വർദ്ധിച്ചുവരുന്ന വന്യജീവി ആക്രമണത്തിന് ശാശ്വത പരിഹാരം കാണണമെന്ന് ആവശ്യപ്പെട്ടുകൊണ്ട്, കത്തോലിക്ക കോൺഗ്രസ് മാനന്തവാടി രൂപതാ സമിതിയുടെ നേതൃത്വത്തിൽ, മാനന്തവാടി ഗാന്ധിപാർക്കിൽ 2026 ജൂൺ 20 ന് സായാഹ്ന പ്രതിഷേധ സദസും തുടർന്ന് മാനന്തവാടി ടൗണിൽ പന്തം കൊളുത്തി പ്രകടനവും നടത്തി. സായാഹ്ന പ്രതിഷേധ സദസ് കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ വൈസ് പ്രസിഡണ്ട് ഡോ. കെ. പി. സാജു കൊല്ലപ്പള്ളി ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ അധ്യക്ഷത വഹിച്ചു. രൂപതാ വൈസ് പ്രസിഡന്റ് റെനിൽ കഴുതാടിയിൽ സ്വാഗതം ആശംസിച്ചു. സജി ഫിലിപ്പ്, അഡ്വ. ഗ്ലാഡിസ് ചെറിയാൻ, ബീന കരിമാംകുഴി, സുനിൽ പാലമറ്റം, സേവിയർ കൊച്ചുകുളത്തിങ്കൽ, ജീജോ മംഗലത്ത്, ഡോ. കാർമ്മലി എന്നിവർ പ്രസംഗിച്ചു. പന്തം കൊളുത്തി പ്രകടനം പ്രതിഷേധ ജ്വാല തെളിയിച്ചു കൊണ്ട് രൂപതാ ഡയറക്ടർ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ ഉദ്ഘാടനം ചെയ്തു. പന്തം കൊളുത്തി പ്രകടനത്തിന്

മാനന്തവാടി ഫൊറോന സെക്രട്ടറി സെബാസ്റ്റ്യൻ കെ. യു., സജി ഇരട്ടമുണ്ടക്കൽ, വിൻസന്റ് ചാരുവേലിൽ, ജോൺസൺ കുറ്റിക്കാട്ടിൽ, ചാൾസ് വടാശ്ശേരി, മോളി മാമൂട്ടിൽ, മെസ്സിന തടത്തിൽ, എന്നിവർ നേതൃത്വം നൽകി.

**വനിത ഫോറം**

കത്തോലിക്ക കോൺഗ്രസ് വുമൺസ് കൗൺസിൽ മാനന്തവാടി രൂപതാ ഘടകം രൂപീകരിച്ചു. ഗ്ലോബൽ കോഡിനേറ്റർ അഡ്വ. ഗ്ലാഡിസ് ചെറിയാൻ അധ്യക്ഷത വഹിച്ചു. ഗ്ലോബൽ വൈസ് പ്രസിഡന്റ് ഡോ. കെ. പി. സാജു കൊല്ലപള്ളി ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ ആമുഖപ്രഭാഷണം നടത്തി. രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ, സെക്രട്ടറി മോളി മാമ്മൂട്ടിൽ, അന്നക്കുട്ടി ഉണ്ണിക്കുന്നേൽ എന്നിവർ പ്രസംഗിച്ചു. രൂപതാ ജനറൽ കോഡിനേറ്ററായി ബീന ജോസ് കരിമാംകുന്നേൽ മുള്ളൻകൊല്ലി, ഡോ. കാർമലി ജോൺ ദ്വാരക, ജിഷ മോൻസി ചെന്നലോട്, ഷൈനി മഠത്തിൽ മുള്ളൻകൊല്ലി, ബിന്ദു ബൈജു, അഡ്വ. എൽബി മാത്യു പുതിയിടംകുന്ന് എന്നിവരെ കോർഡിനേറ്റർമാരായും തിരഞ്ഞെടുത്തു.

**ദേശീയ കൺവെൻഷൻ**

കത്തോലിക്കാ കോൺഗ്രസിന്റെ പ്രഥമ ദേശീയ സമ്മേളനം 2026 ആഗസ്റ്റ് 1, 2 തീയതികളിൽ കല്യാൺ രൂപതയുടെ നേതൃത്വത്തിൽ കല്യാൺ രൂപതാ അനിമേഷൻ ആൻഡ് റിന്യൂവൽ സെന്ററിൽ വെച്ച് നടക്കും. മാനന്തവാടി രൂപതയെ പ്രതിനിധീകരിച്ച് ഡയറക്ടർ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ, പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ, ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പുരക്കൽ, ട്രഷറർ സജി ഫിലിപ്പ്, അഡ്വ. ഗ്ലാഡിസ് ചെറിയാൻ, ഡോ. കെ. പി. സാജു കൊല്ലപ്പള്ളി, റെനിൽ കഴുതാടിയിൽ എന്നിവർ പങ്കെടുക്കും.

**നേതൃസംഗമം**

കത്തോലിക്ക കോൺഗ്രസ് ബത്തേരി ഫൊറോന കമ്മിറ്റിയുടെ നേതൃത്വത്തിൽ തോമാട്ടുചാൽ സെന്റ് തോമസ് പള്ളി ഓഡിറ്റോറിയത്തിൽ വച്ച് 2026 ജൂൺ 28 ന് ഞായറാഴ്ച ഫൊറോനാ നേതൃസംഗമം നടത്തി. കത്തോലിക്ക കോൺഗ്രസ്, കെ. സി. വൈ. എം, മിഷൻലീഗ്, മാതൃവേദി, വിൻസന്റ് ഡി പോൾ, സംഘടനകളിൽ നിന്ന് മൂന്നുപേർ വീതവും (പ്രസിഡന്റ്, വൈസ് പ്രസിഡണ്ട്, സെക്രട്ടറി) സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ എന്നിവരാണ് നേതൃ

സംഗമത്തിൽ പങ്കെടുത്തത്. സമുദായശക്തികരണ വർഷത്തിന്റെ ഭാഗമായാണ് സംഗമം സംഘടിപ്പിച്ചത്. മാനന്തവാടി രൂപതാ വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ നേതൃസംഗമം ഉദ്ഘാടനം ചെയ്തു. ഫൊറോനാ വികാരി ഫാ. തോമസ് മണക്കുന്നേൽ അധ്യക്ഷത വഹിച്ചു. തോമാട്ടുചാൽ സെന്റ് തോമസ് പള്ളി വികാരി ഫാ. മാർട്ടിൻ പുതുശ്ശേരി സ്വാഗതം ആശംസിച്ചു. ഫൊറോനാ ഡയറക്ടർ ഫാ. ജോസ് മേച്ചേരി ആമുഖപ്രഭാഷണം നടത്തി. രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ, തോമാട്ടുചാൽ യൂണിറ്റ് പ്രസിഡന്റ് തോമസ് ചേലക്കൽ, ഡേവി മങ്കുഴ, ചാൾസ് വടാശേരി, മോളി മാമ്മൂട്ടിൽ, തോമസ് പട്ടമന, സാജു പുലിക്കോട്ടിൽ എന്നിവർ പ്രസംഗിച്ചു. കത്തോലിക്കാ കോൺഗ്രസ് രൂപതാ ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പുരക്കൽ ക്ലാസ് എടുത്തു. ചർച്ചകൾക്ക് രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ നേതൃത്വം നൽകി. 200 ഓളം സംഘടന നേതാക്കൾ സംഗമത്തിൽ പങ്കെടുത്തു. ഫാ. ജയ്സൺ കുഴികണ്ടത്തിൽ, ഫാ. ജെയിംസ് മാങ്കോട്ടിൽ, ഷിന്റോ പുലിക്കുഴിയിൽ, ഫാ. റിജോസ് അരുമായിൽ എന്നീ ഇടവക വൈദികർ സംഗമത്തിൽ ആദ്യവസാനം പങ്കെടുത്തു എന്നത് യൂണിറ്റ് നേതാക്കന്മാർക്ക് ആവേശമായി. നേതൃസംഗമത്തിൽ പങ്കെടുത്ത എല്ലാവർക്കും സെന്റ് തോമസ് ഇടവകയുടെ നേതൃത്വത്തിൽ കപ്പബിരിയാണി നൽകി.

**മുള്ളൻകൊല്ലി ഫൊറോന നേതൃ സംഗമം**

കത്തോലിക്കാകോൺഗ്രസ് മുള്ളൻകൊല്ലി ഫൊറോനയുടെ നേതൃസംഗമം ആടിക്കൊല്ലി പള്ളി ഓഡിറ്റോറിയത്തിൽ ജൂലൈ 12 ന് ഞായറാഴ്ച നടന്നു. 12 ഇടവകകളിൽ നിന്നായി 125 പേർ നേതൃസംഗമത്തിൽ പങ്കെടുത്തു. നേതൃസംഗമത്തിന് കത്തോലിക്കാ കോൺഗ്രസ് മുള്ളൻകൊല്ലി ഫൊറോനാ ഡയറക്ടർ ഫാ. സുനിൽ വട്ടുകുന്നേൽ സ്വാഗതം ആശംസിച്ചു. ഫൊറോനാ വികാരി ഫാ. ജോർജ് ആലുക്ക ഉദ്ഘാടനം ചെയ്തു. ഫൊറോനാ പ്രസിഡന്റ് സുനിൽ പാലമറ്റം അധ്യക്ഷത വഹിച്ചു. രൂപതാ ഡയറക്ടർ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ മുഖ്യപ്രഭാഷണം നടത്തി. രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ, ഗ്ലോബൽ വൈസ് പ്രസിഡന്റ് ഡോ. കെ. പി. സാജു കൊല്ലപ്പള്ളി, ബീന കരിമാംകുന്നേൽ, മാതൃവേദി രൂപതാ പ്രസിഡന്റ് മേഴ്സി ബെന്നി, രൂപതാ വൈസ് പ്രസിഡന്റ് തോമസ് പാഴൂക്കാല, ഫൊറോനാ സെക്രട്ടറി ജോർജ്

കൊല്ലിയിൽ എന്നിവർ പ്രസംഗിച്ചു. 12 ഇടവകകളിൽ 9 ഇടവകകളിൽ നിന്നുള്ള വൈദികർ മുഴുവൻ സമയവും നേതൃത്വ സംഗമത്തിൽ പങ്കെടുത്തു എന്നുള്ളത് വളരെ അഭിമാനകരമാണ്. ഫാ. ജോണി കല്ലുപുര കബനിഗിരി, ഫാ. ജെയിംസ് ചെമ്പക്കര മരക്കടവ്, ഫാ. ജോഷി പുൽപ്പയിൽ പുൽപ്പള്ളി, ഫാ. സജി പുഞ്ചയിൽ ശിശുമല, ഫാ. ജെയിംസ് കുന്നത്തേട്ട് സീതാമൗണ്ട്, ഫാ. ബിജു ഉറുമ്പിൽ അമരക്കുനി, ഫാ. റോയി വട്ടക്കാട്ട് ഇരുളം, ഫാ. ജോസ് തെക്കേമുറിയിൽ മുള്ളൻകൊല്ലി സഹവികാരി, ഫാ. ജോർജ് ആലുക്ക മുള്ളൻകൊല്ലി, ഫാ. സുനിൽ വട്ടുക്കുന്നേൽ ആടിക്കൊല്ലി എന്നിവരുടെ സജീവ സാന്നിധ്യവും നേതൃത്വവും നേതൃസംഗമത്തിന്റെ വിജയത്തിന് കാരണമായി. വളരെ മനോഹരമായി നേതൃസംഗമം സംഘടിപ്പിച്ച മുള്ളൻകൊല്ലി ഫൊറോനാ ഡയറക്ടർ സുനിൽ അച്ചനും ടീമുകൾക്കും ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ. ബൈരകുപ്പ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കണമെന്ന് നേതൃസംഗമം ആവശ്യപ്പെട്ടു. പുൽപ്പള്ളി മുള്ളൻകൊല്ലി പഞ്ചായത്തിന്റെ മുഖച്ഛായ മാറ്റുന്നതും മൈസൂർ ജില്ലയുമായി പെട്ടെന്ന് ബന്ധപ്പെടാവുന്നതും ടൂറിസം വികസനത്തിന്റെ കാരണമാകുന്ന പാലംപണി നിർമ്മാണം തടസ്സങ്ങളെ മറികടന്ന് ആരംഭിക്കണമെന്നും ആവശ്യപ്പെട്ടു. വന്യമൃഗ ശല്യത്തിന് ശാശ്വതപരിഹാരം കാണുക, കാർഷിക മേഖലയിലെ പ്രതിസന്ധി പരിഹരിക്കുക, കർഷകർക്ക് ജലസേചന സൗകര്യം ഉറപ്പുവരുത്തുക, കാർഷിക വിഭാഗങ്ങൾക്ക് ന്യായവില ഉറപ്പുവരുത്തുക, കർഷകർക്ക് കടാശ്വാസം നൽകുക എന്നീ ആവശ്യങ്ങളും ഉന്നയിച്ചു.

**ദ്വാരക ഫൊറോന**

കത്തോലിക്ക കോൺഗ്രസ് ദ്വാരക ഫൊറോനാ കൗൺസിൽ യോഗം ജൂലൈ 12 ന് റേഡിയോമാറ്റൊലി കോൺഫറൻസ് ഹാളിൽ നടന്നു. ഫൊറോനാ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി കൗൺസിൽ യോഗം ഉദ്ഘാടനം ചെയ്തു. ഫൊറോനാ പ്രസിഡണ്ട് ജിജോ മംഗലത്ത് അധ്യക്ഷത വഹിച്ചു. രൂപതാ സെക്രട്ടറി ജോൺസൺ കുറ്റിക്കാട്ടിൽ മുഖ്യപ്രഭാഷണം നടത്തി. രൂപതാ സെക്രട്ടറി റെജിമോൻ പുന്നോലിൽ, ജോസ് പുല്ലന്മാരിൽ, മെസീന തടത്തിൽ, ഷിജു കാരുണ്യമാത എന്നിവർ പ്രസംഗിച്ചു. ദ്വാരക ഫൊറോനയുടെ ജനറൽ സെക്രട്ടറിയായി ഷിജു കാരുണമാതയെ

തിരഞ്ഞെടുത്തു. യാത്രാ ക്ലേശം മൂലം ഏറെ ദുരിതമനുഭവിക്കുന്ന വയനാടൻ ജനതയ്ക്ക് ആശ്വാസം നൽകുന്ന ചുരം ബദൽ റോഡ് ഉടൻ പ്രവർത്തനം ആരംഭിക്കണമെന്നും, വനം വകുപ്പിന്റെ തടസ്സങ്ങൾ നീക്കണമെന്നും കൗൺസിൽ യോഗം ആവശ്യപ്പെട്ടു.

**മാനന്തവാടി ഫൊറോന**

കത്തോലിക്ക കോൺഗ്രസ് മാനന്തവാടി ഫൊറോന കൗൺസിൽ യോഗം ജൂലൈ 12ന് മാനന്തവാടി കത്തീഡ്രൽ പള്ളി ഓഡിറ്റോറിയത്തിൽ നടന്നു. പ്രസിഡന്റ് റോബി താണിക്കുന്നേൽ അധ്യക്ഷത വഹിച്ചു. കത്തീഡ്രൽ വികാരി ഫാ. സോണി ഉദ്ഘാടനം ചെയ്തു. ഫാ. തോമസ് പ്ലാശനാൽ മുഖ്യപ്രഭാഷണം നടത്തി. ഫൊറോനാ സെക്രട്ടറി സെബാസ്റ്റ്യൻ V. U. വയലിൽപുളിക്കൽ സ്വാഗതം ആശംസിച്ചു. ഗ്ലോബൽ വനിതാ ഫോറം കൺവീനർ അഡ്വ. ഗ്ലാഡിസ് ചെറിയാൻ വിഷയാവതരണം നടത്തി.

**തീരുമാനങ്ങൾ**

2026 ഓഗസ്റ്റ് 9 നേതൃസംഗമം നടത്തുക കെ. സി. വൈ. എം., സി. എം. എൽ., മാതൃവേദി, വിൻസെന്റ് ഡി പോൾ തുടങ്ങിയ സംഘടനകളിലെ ഇടവക നേതാക്കളെ പങ്കെടുപ്പിക്കുക. ജോബ് പോർട്ടൽ, ഹെൽപ്പ് ഡെസ്ക് എന്നിവ ആരംഭിക്കുക. കർഷക ദിനത്തോടനുബന്ധിച്ച് ഇടവക തലത്തിൽ കർഷകരെ ആദരിക്കുക. കർഷകരോടുള്ള ബാങ്ക് ജീവനക്കാരുടെ മോശം പെരുമാറ്റത്തിൽ പ്രതിഷേധിച്ചു. കർഷകരുടെ നഷ്ടപരിഹാര കുടിശിക ഉടൻ വിതരണം ചെയ്യുക.

**വിരമിച്ചവരെ ആദരിച്ചു**

കത്തോലിക്കാ കോൺഗ്രസ് നിലമ്പൂർ ഫൊറോനയുടെ നേതൃത്വത്തിൽ വിവിധ സർവീസുകളിൽ നിന്ന് വിരമിച്ച വ്യക്തികളെ ആദരിച്ചു. നിലമ്പൂർ ലിറ്റിൽ ഫ്ളവർ ദേവാലയ ഓഡിറ്റോറിയത്തിൽ നടന്ന ആദരിക്കൽ ചടങ്ങ് ഫൊറോനാ ഡയറക്ടർ ഫാ. ടോമി പുത്തൻപുര ഉദ്ഘാടനം ചെയ്തു. നിലമ്പൂർ ഫൊറോനാ വികാരി ഫാ. സെബാസ്റ്റ്യൻ പുത്തേൻ അനുഗ്രഹ പ്രഭാഷണം നടത്തി. ശ്രീ. സെബാസ്റ്റ്യൻ മേക്കാട് അധ്യക്ഷത വഹിച്ചു. ഫാ. അമൽ പന്നക്കൽ, ജോയ് ചാച്ചിറ, ജോർജ് തോമസ് പട്ടർകുളം, ഡെയ്സി ശങ്കരത്തിങ്കൽ എന്നിവർ പ്രസംഗിച്ചു.

**മെഗാ മെഡിക്കൽ ക്യാമ്പ്**

കല്ലോടി ഫൊറോന കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ ജൂലൈ 26 ന് ഞായറാഴ്ച രാവിലെ 10 മുതൽ 3:00 മണി വരെ മെഗാ മെഡിക്കൽ ക്യാമ്പ് നടത്തുന്നു. കത്തോലിക്ക കോൺഗ്രസ് കല്ലോടി ഫൊറോനയുടെ നേതൃത്വത്തിൽ കെ. സി. വൈ. എം. മിഷൻലീഗ് മാതൃവേദി സംഘടനകളുടെ സഹകരണത്തോടെയാണ് മെഗാ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നത്. കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിലെ ജനറൽ മെഡിസിൻ വിഭാഗം ഗ്യാസ്ട്രോ വിഭാഗം ഓർത്തോ വിഭാഗം എന്നിവ മെഡിക്കൽ ക്യാമ്പിൽ പങ്കാളികളാകും. ആയുർവേദ വിഭാഗത്തിന് ഗവൺമെന്റ് ആയുർവേദിക് ആശുപത്രി ദ്വാരകയും നേതൃത്വം നൽകും. നേത്രരോഗത്തിന് മാനന്തവാടി സെൻ ജോസഫ് ആശുപത്രി നേതൃത്വം നൽകും. മെഡിക്കൽ ക്യാമ്പിന്റെ വിജയത്തിനായി സംഘാടകസമിതി രൂപീകരിച്ചു.

**നേത്ര പരിശോധന ക്യാമ്പ്**

കത്തോലിക്ക കോൺഗ്രസ് റിപ്പൺ സെന്റ് ജോസഫ് യൂണിറ്റിന്റെ നേതൃത്വത്തിൽ അഹല്യ ആശുപത്രിയുമായി സഹകരിച്ച് സെന്റ് ജോസഫ് പാരിഷ് ഹാളിൽ വച്ച് ജൂലൈ 19 ന് മെഗാ നേത്ര പരിശോധന ക്യാമ്പ് നടത്തി. രാവിലെ 9 മണി മുതൽ ഉച്ചക്ക് 1 മണി വരെയായിരുന്നു സൗജന്യ നേത്ര പരിശോധന ക്യാമ്പ്.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡന്റ്

### ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി

കർഷകരുടെ അംഗത്വം പരിശോധിക്കുന്നതിനും ഉറപ്പുവരുത്തുന്നതിനുമായി കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ APEDA നിയോഗിച്ച ഉദ്യോഗസ്ഥർ ഫാർമർ വെരിഫിക്കേഷൻ പൂർത്തീകരിച്ചു. വെരിഫിക്കേഷൻ പൂർത്തീകരിക്കുന്ന കർഷകർക്ക് മാത്രമേ നിലവിൽ പദ്ധതിയിൽ തുടരുവാൻ സാധിക്കുകയുള്ളു.

### കർഷക ഗ്രൂപ്പുകളിലെ തെരഞ്ഞെടുപ്പ് പൂർത്തീകരിച്ചു

WSSS ഓർഗാനിക് ഫാർമേഴ്സ് ഫെയർട്രേഡ് അസോസിയേഷൻ (വൊഫ) യിൽ ഉൾപ്പെടുന്ന വില്ലേജ് ഫാം ക്ലബ്ബ്കളിൽ (VFC) 2026-2029 വർഷങ്ങളിലേക്കുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് പൂർത്തീകരിക്കുകയും പഞ്ചായത്തുതലത്തിൽ അവരിൽ നിന്നും ജനറൽ അസംബ്ലിയിലേക്കുള്ള അംഗങ്ങളെ തെരഞ്ഞെടുക്കുകയും ചെയ്തു. പഞ്ചായത്ത് തലത്തിൽ റീജിണൽ ഫാർമേഴ്സ് കോൺഫെഡറേഷൻ (RFC) യോഗങ്ങൾ ഇടവക, പനമരം, തവിഞ്ഞാൽ, തിരുനെല്ലി, തൊണ്ടർനാട്, കോട്ടത്തറ, മുള്ളൻകൊല്ലി, പടിഞ്ഞാറത്തറ, പൂതാടി, പുൽപ്പള്ളി, അമ്പലവയൽ, മീനങ്ങാടി, മൂപ്പയിനാട്, നെന്മേനി, നൂൽപ്പുഴ, കണിയാമ്പറ്റ, മേപ്പാടി, മുട്ടിൽ, പൊഴുതന, തരിയോട്, വെങ്ങപ്പള്ളി, വെള്ളമുണ്ട, ഗൂഡല്ലൂർ, നെല്ലിയാളം, ചേരങ്കോട്, നെല്ലാക്കോട്ട, ഓവാലി, ശ്രീമധുര, ദേവർഷോല എന്നിവിടങ്ങളിലായാണ് നടന്നത്. വോഫ പ്രോഗ്രാം ഓഫീസർ ശ്രീ. മാത്യു ജോസഫ്, പർച്ചേസ് മാനേജർ ശ്രീ. ഷാജി ജോസ് എന്നിവർ പങ്കെടുക്കുകയും തെരഞ്ഞെടുപ്പിനാവശ്യമായ ക്രമീകരണങ്ങൾ നടത്തുകയും ചെയ്തു. 674 VFC ലീഡർമാർ വിവിധയിടങ്ങളിലായി തെരഞ്ഞെടുപ്പിൽ പങ്കാളികളായി.

### വൊഫ വാർഷിക പൊതുയോഗം നടന്നു

WSSS ഓർഗാനിക് ഫാർമേഴ്സ് ഫെയർട്രേഡ് അസോസിയേഷൻ വൊഫയുടെ വാർഷിക പൊതുയോഗവും 2026-2029 വർഷങ്ങളിലേക്കുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പും 2026 ജൂലൈ മൂന്നിന്, WSSS ഹാളിൽ വച്ച് നടന്നു. വൊഫ ചെയർമാൻ

അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി ശ്രീ. സുനിൽ പാലമറ്റം സ്വാഗതം ആശംസിച്ചു. 2025-26 വർഷത്തെ പ്രവർത്തന റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും സെക്രട്ടറി അവതരിപ്പിക്കുകയും യോഗം ഐക്യണ്ഠേന അംഗീകരിക്കുകയും ചെയ്തു. 2025 -26 വർഷത്തിലെ സർവയലൻസ് കമ്മിറ്റി റിപ്പോർട്ട് പ്രസിഡന്റ് അഡ്വ. ജോസഫ് ടി. ജെ. അവതരിപ്പിക്കുകയും യോഗം അംഗീകരിക്കുകയും ചെയ്തു. 2026 -27 വർഷത്തിലേക്കുള്ള ബജറ്റ് ചെയർമാൻ അവതരിപ്പിക്കുകയും ചർച്ചയ്ക്ക് ശേഷം യോഗം അംഗീകരിക്കുകയും ചെയ്തു. നിലവിലെ ഗവേർണിംഗ് ബോഡി കാലാവധി പൂർത്തിയായതിനെ തുടർന്ന് പിരിച്ച് വിടുകയും പുതിയ കമ്മിറ്റിയുടെ തെരഞ്ഞെടുപ്പ് നടത്തുകയും ചെയ്തു.

ചെയർമാൻ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ, സെക്രട്ടറി ശ്രീ. സുനിൽ മാത്യു എന്നിവർ വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. ട്രഷററായി ശ്രീമതി സിസിലി അപ്പച്ചൻ, വൈസ് ചെയർമാനായി ശ്രീ. ജോസഫ് എം. എം. എന്നിവരേയും എക്സിക്യൂട്ടീവ് അംഗങ്ങളായി ശ്രീ. ജോണി കെ, ശ്രീമതി മേരി രാജേഷ്, ശ്രീ. മനോഹരൻ എം. ആർ., ശ്രീ. ജോസ് എ. യു., ശ്രീ. മത്തായി എ. പി., ശ്രീ. സെബാസ്റ്റ്യൻ ഇ. വി. എന്നിവരേയും തെരഞ്ഞെടുത്തു. മറ്റ് ആവശ്യമായ ചർച്ചകൾക്കുംശേഷം യോഗം പിരിഞ്ഞു.

**സിഗ്വി സസ്റ്റെയ്നബിൾ ഇൻകം ജനറേഷൻ ഫോർ വിമൻ എന്റർപ്രണേഴ്സ്**

മസാലക്കൂട്ടുകൾ, കേക്ക് എന്നിവയ്ക്ക് പിന്നാലെ വിപണിയിലേക്ക് ഇനിമുതൽ സിഗ്വിയുടെ പ്രഭാത ഭക്ഷണപൊടികളും. പുട്ടുപൊടി, അരിപ്പൊടി, പത്തിരിപ്പൊടി, ഇടിയപ്പംപൊടി, ചെമ്പാ പുട്ടുപൊടി , ഗോതമ്പ് പുട്ടുപൊടി, റാഗി പുട്ടുപൊടി, റൊസ്റ്റഡ് റവ, ഈസി പാലപ്പം പൊടി, ഇഡലി ദോശ പൊടി, റാഗി പൊടി എന്നിവയാണ് വിപണിയെ ലക്ഷ്യമാക്കി ഒരുങ്ങിയിരിക്കുന്നത്. നാടൻ കണ്ണിമാങ്ങ അച്ചാർ, ഡ്രൈ കേക്കുകൾ എന്നിവയും ഉടൻ വിപണിയിലെത്തിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

**സിഗ്വി ബ്രേയ്ക്ഫാസ്റ്റ് പൗഡറുകളുടെ ലോഞ്ചിങ് നിർവഹിച്ചു**

സിഗ്വി പുതുതായി വിപണിയിലെത്തിക്കുന്ന ബ്രേയ്ക്ഫാസ്റ്റ് പൗഡറുകളുടെ ലോഞ്ചിങ്ങും യൂണിറ്റ് വെഞ്ചിരിപ്പ്

കർമ്മവും സഹായ മെത്രാൻ മാർ. അലക്സ് താരാമംഗലം നിർവ ഹിച്ചു. ജൂലൈ 06, 2026 ന് ബയോവിന്നിൽ വച്ച് നടന്ന ചടങ്ങിൽ ബയോവിൻ അസോസിയേറ്റ് ഡയറക്ടർ ഫാ. ബിനു പൈനുങ്കൽ സ്വാഗതം ആശംസിച്ചു. ജീവനക്കാർ, വിവിധ മീഡിയ ടീമുകൾ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു. ബയോവിൻ അസോസി യേറ്റ് ഡയറക്ടർ ഫാ. രജീഷ് കറുത്തേടത്ത് കൃതജ്ഞത രേഖ പ്പെടുത്തി.

**സിഗ്‌വി ബസാർ**

സിഗ്‌വിയിലൂടെ തയ്യാറാക്കപ്പെടുന്ന മായമില്ലാത്ത ഭക്ഷ്യ വസ് തുക്കൾ, മിതമായ വിലയിൽ ഉപഭോക്താവിന്റെ ഏറ്റവും അരികെ എത്തിക്കുക എന്ന ഉദ്ദേശത്തോടെയാണ് ഈ സംരംഭത്തിന് തുടക്കമിട്ടിരിക്കുന്നത്. എഴുപത്തി അഞ്ചിലധികം കേന്ദ്രങ്ങളിൽ നിലവിൽ സിഗ്‌വി ബസാർ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

മുതിരേരി ലിറ്റിൽ ഫ്ളവർ ഇടവകയിൽ പുതുതായി ആരം ഭിച്ച സിഗ്‌വി ബസാർ ഇടവക വികാരിയും ബയോവിൻ അസോസി യേറ്റ് ഡയറക്ടറുമായ ഫാ. ബിനു പൈനുങ്കൽ ഉദ്ഘാടനം ചെയ്തു. താമരശ്ശേരി രൂപതയിലെ പന്തല്ലൂർ സെന്റ് മേരീസ് ഇടവകയിൽ ആരംഭിച്ച സിഗ്‌വി ബസാർ അഭിവന്ദ്യ മാർ റെമിജിയൂസ് പിതാവ് ജൂലൈ മൂന്നിന് ഉദ്ഘാടനം ചെയ്തു.

**സംഭരണം**

ജൂൺ മാസം പുൽപ്പള്ളി പഞ്ചായത്തിൽ നിന്നും കാപ്പി, കുരു മുളക് എന്നിവ സംഭരിച്ചു.

**സംസ്കരണം, വിപണനം**

കാപ്പി, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, കശുവണ്ടി തുടങ്ങിയവ സംസ്കരിക്കുകയും, മൂല്യവർദ്ധിത ഉത്പന്നങ്ങൾ വിവിധ രാജ്യ ങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യ യിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു. ഇഞ്ചി, മഞ്ഞൾ, കുരുമുളക് എന്നിവയ്ക്ക് മികച്ച വിപണി കണ്ടെത്താൻ സാധിച്ചു. ചൈനയിലേക്ക് പുതുതായി വിപണി കണ്ടെത്തുവാനും കഴിഞ്ഞിട്ടുണ്ട്.

**അഡ്വ. ഫാ. ജോൺ ജോസഫ് ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**വായനാപക്ഷാചരണം**

വായനാപക്ഷാചരണത്തിന്റെ ഭാഗമായി ജൂൺ 19 ന് ദ്വാരക ഗുരുകുലം കോളേജിൽ വെച്ച് ജില്ലാ ലൈബ്രറി കൗൺസിലിന്റെ ആഭിമുഖ്യത്തിൽ നടന്ന യോഗത്തിൽ റേഡിയോ മാറ്റൊലിയെ പ്രതിനിധീകരിച്ച് പ്രോഗ്രാം ഡയറക്ടർ ഫാ. ബിവാൾഡിൻ തേവർക്കുന്നേൽ പങ്കെടുത്തു.

മലയാളത്തിലെ പ്രശസ്ത സാഹിത്യകാരൻ കെ. പി. രാമനുണ്ണി ജൂൺ 19 വായനാദിനത്തിൽ റേഡിയോ മാറ്റൊലി സന്ദർശിച്ചു. അദ്ദേഹവുമായുള്ള അഭിമുഖം പ്രക്ഷേപണം ചെയ്തു.

**പങ്കാളിത്തം**

**നാശമുക്തഭാരത് അഭിയാൻ പദ്ധതി**

ജൂൺ 20 ന് കളക്ട്രേറ്റിൽ വെച്ച് നടന്ന സോഷ്യൽ ജസ്റ്റിസ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച യോഗത്തിൽ പ്രോഗ്രാം ഡയറക്ടർ ഫാ. ബിവാൾഡിൻ തേവർക്കുന്നേൽ, റെനീഷ് ജോർജ്ജ് എന്നിവർ പങ്കെടുത്തു. സാമൂഹ്യനീതി വകുപ്പ് നാഷനൽ ആക്ഷൻ പ്ലാൻ ഫോർ ഡ്രഗ് ഡിമാൻഡ് റിഡക്ഷൻ, നാശമുക്തഭാരത് അഭിയാൻ പദ്ധതിയുടെ ഭാഗമായിട്ടാണ് ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി ചേർന്നത്.

**അന്താരാഷ്ട്ര ലഹരി വിരുദ്ധദിനാചരണം**

അന്താരാഷ്ട്ര ലഹരി വിരുദ്ധദിനാചരണത്തിന്റെ ഭാഗമായി ജൂൺ 26 ന് വിമുക്തിമിഷന്റെ ആഭിമുഖ്യത്തിൽ നടത്തിയ ലഹരി വിരുദ്ധദിനാചരണ പരിപാടിയിൽ സ്റ്റേഷൻ ഡയറക്ടർ ഫാ. ജോഫ്രി പോൾ കളരിക്കൽ, ഫാ. ബിജോ തോമസ് കറുകപ്പള്ളി എന്നിവർ പങ്കെടുത്തു. എക്സൈസ് ഡിപ്പാർട്ട്മെന്റ്, സോഷ്യൽ ജസ്റ്റിസ് ഡിപ്പാർട്ട്മെന്റ്, പോലീസ്, ഡബ്ള്യൂ. എസ്. എസ്. എസ്, റേഡിയോ മാറ്റൊലി എന്നിവയുടെ സഹകരണത്തോടെ മാനന്തവാടി ലിറ്റിൽ ഫ്ളവർ യു. പി. സ്കൂളിലായിരുന്നു പരിപാടി സംഘടിപ്പിച്ചത്.

**വയനാട് ലിറ്ററേച്ചർ ഫെസ്ററിവൽ സംഘാടക സമിതി**

2026 ഡിസംബർ 20 മുതൽ 26 വരെ ദ്വാരകയിൽ വെച്ച് നടത്തുന്ന വയനാട് ലിറ്ററേച്ചർ ഫെസ്റ്റിവലിന്റെ സംഘാടക സമിതി

യോഗത്തിൽ റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ. ജോഫ്രി പോൾ കളരിക്കൽ പങ്കെടുത്തു. വയനാട് ലിറ്ററേച്ചർ ഫെസ്റ്റിവലിന്റെ മൂന്നാമത് എഡിഷനാണ് ഈ വർഷം നടക്കുന്നത്.

**മാറ്റൊലി സ്കൂൾ ക്ലബ്ബ്**

റേഡിയോ മാറ്റൊലി പ്രോഗ്രാമുകളിൽ സ്കൂൾ വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും റേഡിയോ പ്രോഗ്രാമുകൾ കേൾക്കുന്നതിന് കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് സംഘടിപ്പിക്കുന്ന മാറ്റൊലി സ്കൂൾ ക്ലബ്ബിന്റെ പ്രാരംഭ പ്രവർത്തനം ആരംഭിച്ചു. ആഗസ്റ്റ് 1 മുതൽ 15 വരെ പടിഞ്ഞാറത്തറ എ. യു. പി. സ്കൂൾ വിദ്യാർത്ഥികൾ അവതരിപ്പിക്കുന്ന സ്വാതന്ത്ര്യദിനാചരണ പരിപാടികളോടെയാണ് ഈ പദ്ധതി ആരംഭിക്കുന്നത്. ക്ലബ്ബിന്റെ ഔദ്യോഗിക ഉദ്ഘാടനം പടിഞ്ഞാറത്തറ എ. യു. പി. സ്കൂളിൽ അടുത്ത മാസം നടത്തും.

**ഗ്രാമ മാറ്റൊലി**

വടക്കനാട് ഗ്രാമത്തിൽ ജൂലൈ 11 ന് ഗ്രാമമാറ്റൊലി സംഘടിപ്പിച്ചു. ഗ്രാമവാസികളുടെ വിവിധ പ്രോഗ്രാമുകൾ റെക്കോർഡ് ചെയ്തു പ്രക്ഷേപണം ആരംഭിച്ചു.

**ടീം മീറ്റിംഗ്**

ജൂൺ 22 ന് ടീം മീറ്റിംഗ് നടത്തി. ജൂലൈ 18 ന് സ്റ്റാഫ് മീറ്റിംഗ് നടത്തി.

**സന്ദർശനം**

മലയാളത്തിലെ പ്രശസ്ത സാഹിത്യകാരൻ കെ. പി. രാമനുണ്ണി ജൂൺ 19 വായനാദിനത്തിൽ റേഡിയോ മാറ്റൊലി സന്ദർശിച്ചു. അദ്ദേഹവുമായുള്ള അഭിമുഖം പ്രക്ഷേപണം ചെയ്തു.

കമ്മ്യൂണിറ്റി റേഡിയോയുടെ പ്രവർത്തനത്തേയും പ്രോഗ്രാമുകളേയും കുറിച്ച് കൂടുതൽ മനസിലാക്കുന്നതിനും സംശയനിവാരണത്തിനുമായി കാഞ്ഞങ്ങാട് റേഡിയോ ഫോർ യു ഡയറക്ർ ഫാ. ജിതിൻ കലത്തിൽ ജൂൺ 26 ന് റേഡിയോ മാറ്റൊലി സന്ദർശിച്ചു.

കോഴിക്കോട് മർക്കസ് കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ് വിദ്യാർത്ഥികൾ പഠനത്തിന്റെ ഭാഗമായി ജൂലൈ 01 ന് മാറ്റൊലി സന്ദർശിച്ചു.

**ഫാ. ടോണി ഏലംകുന്നേൽ**
അസി. ഡയറക്ടർ റേഡിയോ മാറ്റൊലി

**Academic & Career Oriented Activities**

Various departments organized seminars and training camps to improve students' academic standards and career opportunities:

- 01.06.2026: The Department of English organized a program on 'Happiness and well being'.
- 12.06.2026: The Department of Computer Science organized a seminar titled 'Beyond Gravity-Exploring the possibilities of antigravity & shaping the future of motion'.
- 17.06.2026 to 19.06.2026: The IQAC successfully completed the 'Academic Audit' for quality assessment.
- 22.06.2026: The Department of Mathematics organized three major programs:

  IOQM Training Camp for Wayanad District students, Seminar on Career Opportunities and Higher Education Guidance session and A training session on 'Problem Solving Skills: The Pathway to Success'.
- 22.06.2026: Alumni Reunion: The Department of Mathematics organized an Alumni Meeting.
- 24.06.2026: The Department of Computer Science organized the 'Turing Day Programme', featuring the screening of the documentary "The Life & Death of Alan Turing" and the kickoff mentoring for the "Think, Play & Score Quiz".
- 29.06.2026: The Department of Mathematics started the Students Seminar Series.
- 06.07.2026: The IQAC organized a 'Faculty Induction Programme' for newly appointed teachers.
- 10.07.2026: The ED Club organized an 'Innovation Meet' to foster entrepreneurial skills among students.

**Language, Cultural & Arts Initiatives**

Various programs were organized in connection with Reading Day, Vaikom Muhammad Basheer commemoration, and other cultural events:

- 15.06.2026 to 19.06.2026: The Department of English celebrated 'Reading Week - Voices behind the pages Literary', which included a Memory Challenge (Authors & their Works) and a discussion on Anuradha Roy's "All the Lives We Never Lived".
- The Department of Malayalam organized Reading Day Celebrations.
- The Department of Hindi conducted a Hindi Reading Competition.
- The Department of Commerce celebrated National Reading Day.
- The Library organized a Reading Day Reels Challenge and a Quiz.
- The NSS Unit organized Reading Day activities.
- The Department of Mathematics conducted a 'Read & Solve Competition'.
- 19.06.2026: The Department of History organized a seminar on "Beyond the Binary: Gender, Identity & Cultural Heritage in Ancient Indian Mythology".
- 06.07.2026: The Department of Malayalam organized 'Basheer Anusmaranam' in memory of the legendary writer Vaikom Muhammad Basheer.
- 07.07.2026: The Film Club organized 'Dhamaka - Film festival'.
- 10.07.2026: The handbook and academic calendar of 2026-27 is released by Principal.

**Environmental & Social Awareness Initiatives**

The college undertook several initiatives for environmental protection, anti-drug awareness, and population studies:

- 02.06.2026: The Student Service Center launched an anti-drug campaign titled 'Say NO to drugs - Join the Thoofan of Change'.
- 19.06.2026: The NSS Unit organized 'Operation Toofan - The Narco Hunt' as part of the anti-drug drive.
- 29.06.2026: The Department of Chemistry conducted an art fest titled 'Thoofan through Art' against drug abuse.
- 29.06.2026: The Department of Commerce initiated an environmental drive named 'The hope trees' by planting saplings.
- 11.07.2026 (World Population Day): The Department of SSE and the NSS Unit jointly observed World Population Day with awareness programs.

**Health, Wellness & Awareness Programs**

Priority was given to health management, wellness, and social awareness:

- 15.06.2026: NCC (Army Wing) organized a Blood Donation Drive.
- 19.06.2026 (International Day of Yoga): Both the NSS Unit and the Department of Physical Education organized separate Yoga Day sessions and celebrations.
- 22.06.2026: The Youth Red Cross Wing organized a Blood Donation Camp.
- 22.06.2026: On the occasion of International Day of Yoga & World Music Day, the NCC (Army Wing) conducted an Online Solo Singing Competition.
- 01.07.2026: The Anti-Ragging Cell and Kerala Police conducted an Anti-Ragging Awareness Programme
- 01.07.2026: NCC (Army Wing) observed World Doctor's Day to honor the services of medical professionals.
- 03.07.2026: NCC (Army Wing) observed Plastic Bag free day by making paper bags at home.

**Sports & Games**

- 18.06.2026: The Department of Physical Education organized the 'FIFA World Cup Fan show and Fans Football Tournament'.
- 30.06.2026: The Department of Physical Education organized a 'FIFA World Cup Prediction Competition'.

**Students & Alumni Achievements**

Outstanding achievements by the research scholars, students, and alumni of our college:

- Academic Achievement: Ms. Neetha Francis, a Research Scholar at the college, successfully defended her PhD thesis.
- SGT. Abhiya George: Selected for TSC IGC and TSC PRE-IGC 1 (Obstacle Training), and won a Gold Medal in Obstacle Training.
- CDT. Madhav M: Won the college-level painting competition organized by the District TB Center, Wayanad.
- Joyal Jimmy: Successfully completed IGC-NSC.
- Anaswara Ramakrishnan ( M Sc Comp.Science ,2024-26) is selected for India AI fellowship.

**Prof. Dr. Thomas Monoth**
Principal

**ബി. എൽ. എസ്. പരിശീലന ക്ലാസ്**

സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റൽ മാനന്തവാടിയും ആർ. ടി. ഒ. മാനന്തവാടിയും സംയുക്തമായി നടത്തിക്കൊണ്ടിരിക്കുന്ന ബി. എൽ. എസ്. പരിശീലനക്ലാസ് ഹോസ്പിറ്റലിൽ വച്ച് നടത്തി. ഹെവി ലൈസൻസ് എടുക്കുന്നവർക്കാണ് നിലവിൽ ബി. എൽ. എസ്. പരിശീലനം നടത്തുന്നത്. 19 പേർ ബി. എൽ. എസ്. പരിശീലന പരിപാടിയിൽ പങ്കെടുത്തു.

**പൾമണോളജിസ്റ്റ് ചാർജെജെടുത്തു**

സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റൽ മാനന്തവാടിയിൽ പൾമനോളജി വിഭാഗത്തിൽ പുതിയ ഡോക്ടർ ജോയിൻ ചെയ്തു. ഡോ. ബേസിൽ പോൾ (MBBS, MD) ആണ് പുതുതായി ഹോസ്പിറ്റലിൽ സേവനം ആരംഭിച്ചത്. ഡോക്ടർ ബേസിലിന്റെ സേവനം എല്ലാ ദിവസവും രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 മണി വരെ ലഭ്യമാണ്.

**ഡയാലിസിസ് മെഷീനുകളുടെ സമർപ്പണവും ഉദ്ഘാടനവും**

സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റലിൽ റോട്ടറി കബനിവാലി നൽകിയ അഞ്ച് ഡയാലിസിസ് മെഷീനുകളുടെ സമർപ്പണവും ഉദ്ഘാടനവും വിപുലമായി നടത്തപ്പെട്ടു. ഹോസ്പിറ്റൽ കോൺഫറൻസ് ഹാളിൽ വൈകുന്നേരം 6.45 ന് കാര്യപരിപാടികൾ ആരംഭിച്ചു. ബഹു. കൃഷിവകുപ്പ് മന്ത്രി ശ്രീ. ടി. സിദ്ദിഖ് ഉദ്ഘാടനം നിർവഹിച്ചു. ശ്രീമതി ഉഷാ വിജയൻ മുഖ്യ പ്രഭാഷണം നടത്തി.

**സർജ്ജിക്കൽ**

**ഗാസ്ട്രോ എൻറോളജിസ്റ്റ് ചാർജ്ജെടുത്തു**

സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റൽ മാനന്തവാടിയിൽ, സർജിക്കൽ ഗ്യാസ്ട്രോളജി വിഭാഗത്തിൽ പുതിയ ഡോക്ടറുടെ സേവനം ആരംഭിച്ചു. ഡോ. ജയ്സൺ തോമസ് (MBBS, MS, DNB, Dr NB) ആണ് സർജിക്കൽ ഗ്യാസ്ട്രോളജി വിഭാഗത്തിൽ ഹോസ്പിറ്റലിലേക്ക് ജോയിൻ ചെയ്തത്. ഡോ. ജയ്സൺ തോമസിന്റെ സേവനം എല്ലാ ശനിയാഴ്ചകളിലും 3 മുതൽ 5 വരെ ഹോസ്പിറ്റലിൽ ലഭ്യമാണ്.

**ഫാ. മനോജ് കവലക്കാടൻ**
ഡയറക്ടർ

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

മാനന്തവാടി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയും KCBC മദ്യവിരുദ്ധ സമിതിയും കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡും സംയുക്തമായി സംഘടിപ്പിക്കുന്ന ലഹരിവിരുദ്ധ മാസാചരണ പ്രവർത്തനങ്ങളുടെ ഔപചാരികമായ തുടക്കത്തിന് ബത്തേരി അസംപ്ഷൻ ഹൈസ്കൂളിൽ വെച്ച് ദേശീയ വനിത ക്രിക്കറ്റ് താരം സജ്ന സജീവൻ തിരികൊളുത്തി. ഇന്നത്തെ സമൂഹത്തെ കാർന്നു തിന്നുന്ന ലഹരിവസ്തുക്കൾക്കെതിരെയുള്ള പോരാട്ടത്തിന് പുതു തലമുറകളിൽനിന്നും തുടക്കം കുറിക്കാൻ ആഹ്വാനം ചെയ്തു കൊണ്ട് KCBC മദ്യവിരുദ്ധസമിതിയുടെ രൂപതാ ഡയറക്ടർ ഫാ. ബിജു തൊണ്ടിപ്പറമ്പിൽ ലഹരിവിരുദ്ധ സന്ദേശ പതാക സ്കൂൾ ലീഡർക്ക് കൈമാറി.

BEYOND THE BUZZ -ലോഗോയുടെ പ്രകാശനകർമ്മം നഗരസഭ ചെയർപേഴ്സൺ ശ്രീമതി റസീന അബ്ദുൾ ഖാദർ നിർവഹിച്ചു.

**വിദ്യാലയ വാർത്തകൾ**

**എൽ. പി. വിഭാഗം**

**I ദേവമാതാ എൽ. പി. സ്കൂൾ ആടിക്കൊല്ലി**

വായനദിനാഘോഷവും വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനവും സംഘടിപ്പിച്ചു. ബഷീർ ദിനാചരണം വിവിധ പരിപാടികളോടെ നടത്തി. അബാക്കസ് പരിശീലനം ആരംഭിച്ചു. ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ കുട്ടികൾ പ്രതിജ്ഞ ചൊല്ലി പങ്കാളികളായി. പ്രൊഫൈൽ സ്റ്റാറ്റസ് ക്യാമ്പയിൻ സംഘടിപ്പിച്ചു. തെരുവ് നാടകം നടത്തി. സ്ക്കൂൾ പാർലമെന്റ് ഇലക്ഷൻ നടത്തി.

**II സെന്റ് തോമസ് എൽ. പി. സ്കൂൾ അരിഞ്ചേർമല**

വായനദിനം ആചരിച്ചു. ലഹരിയോട് നോ പറഞ്ഞ് വൺ മില്യൻ തൂഫാനിൽ വിദ്യാർത്ഥികളും രക്ഷിതാക്കളും അധ്യാപകരും പങ്കെടുത്തു. പി. ടി. എ. ജനറൽബോഡി നടത്തി പുതിയ പി. ടി. എ. പ്രവർത്തക സമിതിയെ തെരഞ്ഞെടുത്തു. സ്കൂൾ പാർലമെന്റ് ഇലക്ഷൻ നടത്തി. ഒരുമാസം നീണ്ടുനിൽക്കുന്ന Beyond the Buzz ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ബഷീർ

ദിനാചരണം ക്ലാസ്തലത്തിൽ ഡോക്യുമെന്ററി അവതരണം, വേഷ പകർച്ച, കൃതി പരിചയം എന്നിവയോടെ ആകർഷകമാക്കി.

**III സെന്റ് മാർട്ടിൻസ് എൽ. പി. സ്കൂൾ ഒണ്ടയങ്ങാടി**

ഇംഗ്ലീഷ് ഭാഷയെ പരിപോഷിപ്പിക്കാൻ പുതിയ പ്രവർത്തന ങ്ങൾ ആരംഭിച്ചു. വായനദിനവും ബഷീർദിനവും ലഹരിവിരുദ്ധ ദിനവും വിവിധ പരിപാടികളോടെ സംഘടിപ്പിച്ചു. ലഹരിവിരുദ്ധ വാരാചരണവുമായി ബന്ധപ്പെട്ട് സ്കൂളിൽ Beyond the buzz ലോഗോ പ്രകാശനം ചെയ്യുകയും വിവിധ പ്രവർത്തനങ്ങൾ സംഘ ടിപ്പിക്കുകയും ചെയ്തു.

**IV സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂൾ പോരൂർ**

വായന വാരാചരണവുമായി ബന്ധപ്പെട്ട് നിരവധി പ്രവർ ത്തനങ്ങൾ സംഘടിപ്പിച്ചു. ബഷീർ ദിനാചരണം നടത്തി. ലഹരി വിരുദ്ധ വാരാചരണവുമായി ബന്ധപ്പെട്ട് സ്കൂളിൽ Beyond the buzz ലോഗോ പ്രകാശനം ചെയ്യുകയും വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു.

**V സെന്റ് ജോർജ് എൽ. പി. സ്കൂൾ അമ്പായത്തോട്**

വായന ദിനം ആചരിച്ചു. ബോധവൽക്കരണ ക്ലാസ് നടത്തി. വനമഹോത്സവം എന്ന പേരിൽ വന്യജീവി സങ്കേതത്തിന്റെ ആഭി മുഖ്യത്തിൽ വിവിധ ചിത്രശലഭങ്ങളെ കുറിച്ചും പക്ഷികളെ കുറിച്ചും കുട്ടികൾക്ക് ക്ലാസുകൾ നൽകി. ലഹരി വിരുദ്ധ ക്ലബ്ബ് ഉദ്ഘാ ടനം നിർവഹിച്ചു. വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ഉദ്ഘാ ടനം നടന്നു.

**VI സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂൾ വാഴവറ്റ**

പി. റ്റി. എ. ജനറൽ ബോഡിയോഗം ചേർന്നു. ഒരു വർഷം നീണ്ടു നിൽക്കുന്ന ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

**VII എ. എൽ. പി. സ്കൂൾ കണിയാരം**

പി. എൻ. പണിക്കർ അനുസ്മരണവും വായനവാര സമാപ നവും വിപുലമായ പരിപാടികളോടെ നടത്തി. ലഹരിവിരുദ്ധ പ്രവർ ത്തനങ്ങളുടെ ഭാഗമായി തൂഫാൻ ഗോളടി മത്സരം സംഘടിപ്പിച്ചു. വ്യത്യസ്ത പ്രവർത്തനങ്ങളോടെ ബഷീർ അനുസ്മരണം നടന്നു. ജൂൺ മാസത്തിൽ പിറന്നാൾ ആഘോഷിച്ച കുട്ടികളെ ഒന്നിച്ചു ചേർത്ത് പിറന്നാൾ ആഘോഷം സംഘടിപ്പിച്ചു. വിവിധങ്ങളായ പ്രവർത്തനങ്ങളോടെ ലഹരിവിരുദ്ധ മാസാചരണം സംഘടി പ്പിച്ചു. പ്രഥമ രക്ഷാകർത്തൃയോഗം ചേർന്ന് ഭാരവാഹികളെ തിര ഞ്ഞെടുത്തു.

**VIII സെന്റ് പോൾസ് എൽ. പി. സ്കൂൾ പുതിയിടംകുന്ന്**

വായനപക്ഷാചരണം സമുചിതമായി ആചരിച്ചു. പി. ടി. എ. ജനറൽ ബോഡി യോഗത്തിൽ 2026-27 വർഷത്തെ ഭാരവാഹികളെ തെരഞ്ഞെടുത്തു. Beyond the Buzz ലോഗോ പ്രകാശനത്തോടെ ആരംഭിച്ച ലഹരി വിരുദ്ധമാസാചരണം വിവിധ പരിപാടികളോടെ നടത്തിവരുന്നു. ബഷീർ ദിനം വിപുലമായി ആചരിച്ചു.

**IX നിർമല എൽ. പി. സ്കൂൾ ആലാറ്റിൽ**

പ്രതിദിന വാർത്ത വായന നടത്തിവരുന്നു. വായന പരിശീലനം നൽകുന്നു. ലഹരിയോട് നോ പറയാം, കായികരംഗത്തോട് യെസ് പറയാം (ലഹരിക്കെതിരെ കായിക ലഹരി) എന്ന സന്ദേശം ഉയർത്തിപ്പിടിച്ച് ചലഞ്ച് സംഘടിപ്പിച്ചു. അന്താരാഷ്ട്ര യോഗ ദിനാചരണം സംഘടിപ്പിച്ചു. സ്കൂൾ പാർലമെന്റ് ഇലക്ഷൻ നടത്തി. ലഹരി വിരുദ്ധ മാസാചരണത്തിന് തുടക്കമായി. കുട്ടികൾക്കായി ലഹരിയുടെ ദൂഷ്യഫലങ്ങളെക്കുറിച്ചുള്ള ബോധവത്കരണ ക്ലാസുകൾ നയിക്കുകയും സന്ദേശങ്ങൾ പങ്കുവെക്കുകയും ചെയ്തു. ഡോക്ടേഴ്സ് ദിനം ആഘോഷിച്ചു. ബഷീർ ദിനം സംഘടിപ്പിച്ചു.

**X സി. കെ. എൽ. പി. എസ്. മണിമൂളി**

2026-27 അധ്യയന വർഷത്തെ സ്കൂൾ ലീഡർ തിരഞ്ഞെടുപ്പ് നടന്നു. ജനാധിപത്യപരമായ തെരഞ്ഞെടുപ്പ് കുട്ടികൾക്ക് അനുഭവിച്ച് അറിയാൻ കഴിഞ്ഞു. വായനദിനം വിപുലമായി ആഘോഷിച്ചു. ക്ലാസ്സ് റൂം ലൈബ്രറികൾ സ്ഥാപിച്ചു.

**XI സെന്റ് തോമസ് എൽ. പി. സ്കൂൾ നടവയൽ**

ഷിഗല്ല ബോധവൽക്കരണക്ലാസ്സ് കുട്ടികൾക്കായി സംഘടിപ്പിച്ചു. വായനദിനവും വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനവും സംഘടിപ്പിച്ചു. കുട്ടികളുടെ ജനറൽ നോളഡ്ജ് ഉയർത്തുന്നതിന്റെ ഭാഗമായി ഓരോ ദിവസവും പത്രത്തിൽ നിന്ന് ഒരു ചോദ്യവും, ഇംഗ്ലീഷ് ഭാഷ പരിശീലനത്തിന് ഓരോ ദിവസവും ഓരോ സെന്റെൻസ് വീതം നൽകിവരുന്നു. ക്ലാസ്സ് പി. ടി. എ. യും ജനറൽബോഡി യോഗവും നടന്നു. രക്ഷിതാക്കൾക്കായി ലഹരി ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. BEYOND THE BUZZ ഔദ്യോഗിക ഉദ്ഘാടനം നിർവഹിച്ചു. ബഷീർ ദിനാചരണം നടത്തി. C. M. Kids സ്കോളർഷിപ്പിന് 10 കുട്ടികൾ അർഹരായി.

**XII സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂൾ ഏലപ്പീടിക**

വായനദിനാചരണം നടത്തി. സ്കൂളിനടുത്തുള്ള വായനശാല സന്ദർശിച്ചു. ലൈബ്രറിയുടെ പ്രവർത്തനങ്ങൾ കുട്ടികൾക്ക്

വിശദീകരിച്ചു കൊടുത്തു. വായനയ്ക്കായി കുട്ടികൾക്ക് പുസ്തകങ്ങൾ നൽകി.

**യു. പി. വിഭാഗം**

**I സെന്റ് തോമസ് എ. യു. പി. സ്കൂൾ ഇടിവണ്ണ**

വായന വാരാചരണത്തോടനുബന്ധിച്ച് വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു. അന്താരാഷ്ട്ര യോഗാദിനം സ്കൂളിൽ ആയുർവേദ ഹെൽത്ത് ഡിസ്പെൻസറിയുടെ നേതൃത്വത്തിൽ യോഗ പരിശീലനവും ബോധവൽക്കരണ ക്ലാസ്സും നടത്തി ആചരിച്ചു. ലഹരി വിരുദ്ധദിന പ്രത്യേക അസംബ്ലി കൂടി ഒരു മാസത്തെ പരിപാടികൾക്കായി തുടക്കം കുറിച്ചു. ഷിഗല്ല വൈറസ് ബാധയെക്കുറിച്ച് ബോധവൽക്കരണ ക്ലാസ് എടുത്തു. പി. ടി. എ. ജനറൽ ബോഡി, ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ്സ്, വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനം തുടങ്ങിയവ നടത്തി. ബഷീർ ദിനം വിപുലമായ പരിപാടികളോടെ നടത്തി. സ്കൂൾ പാർലമെന്റ് ഇലക്ഷൻ നടത്തി.

**II അസംപ്ഷൻ എ. യു. പി. സ്കൂൾ ബത്തേരി**

വായന പക്ഷാചരണം നടത്തി. ദീപിക നമ്മുടെ ഭാഷാ പദ്ധതിക്ക് തുടക്കമായി. വിദ്യാരംഗം കലാസാഹിത്യ വേദിയുടെയും വിവിധ ക്ലബ്ബുകളുടെയും ഉദ്ഘാടനം നിർവഹിച്ചു. ഫിഫ ലോകകപ്പിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് വിവിധ രാജ്യങ്ങളുടെ ജേഴ്സി അണിയുകയും വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. ലഹരിമുക്ത നാളേയ്ക്കായി വിദ്യാർത്ഥികളുടെ കൂട്ടായ്മ സംഘടിപ്പിച്ചു. ജനറൽബോഡിയോഗം ചേർന്ന് ഭാരവാഹികളെ തിരഞ്ഞെടുത്തു.

**III സെന്റ് ആന്റണീസ് യു. പി. സ്കൂൾ പഴൂർ**

ദേശീയ വായനദിനവും വായനപക്ഷാചരണവും വിപുലമായ രീതിയിൽ സ്കൂളിൽ ആചരിച്ചു. നല്ലപാഠം ക്ലബിന്റെ നേതൃത്വത്തിൽ അന്താരാഷ്ട്ര യോഗദിനം ആചരിച്ചു. വിദ്യാർത്ഥികളെയും സമൂഹത്തെയും ലഹരിയുടെ കടന്നുകയറ്റത്തിനെതിരെ സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ ഓപ്പറേഷൻ തൂഫാൻ 2.0 ക്യാമ്പയിൻ സ്കൂൾ ഗ്രൗണ്ടിൽ നടന്നു. പുനർജനി "Beyond the Buzz" ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. ഫയർ ആൻഡ് റെസ്ക്യൂ ബോധവൽക്കരണ ക്ലാസ് നടത്തി. പി. ടി. എ. ജനറൽ ബോഡി യോഗം ചേർന്ന് പുതിയ പി. ടി. എ. എക്സിക്യൂട്ടീവ് അംഗങ്ങളെ തെരഞ്ഞെടുത്തു. വിവിധ മേഖലകളിൽ മികവ് പുലർത്തിയ വിദ്യാർത്ഥികളെ അനുമോദിച്ചു. നല്ലപാഠം ക്ലബിന്റെ നേതൃത്വത്തിൽ ബസ് കാത്തിരിപ്പ് കേന്ദ്രം ശുചീകരിച്ചു. ബഷീർ

ദിനം ആചരിച്ചു. സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് നടത്തി. നല്ല പാഠം പദ്ധതിയുടെ ഭാഗമായി കുട്ടികളിൽ കാരുണ്യവും പങ്കുവെക്കലും വളർത്തുന്നതിനായി കൈത്താങ്ങ് പദ്ധതി ആരംഭിച്ചു.

**IV എ. യു. പി. സ്കൂൾ ദ്വാരക**

ലഹരിക്കെതിരെ രക്ഷിതാക്കൾക്കായ് ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുകയും ഐക്യദാർഢ്യ ഒപ്പ് ശേഖരം നടത്തുകയും ചെയ്തു. അക്കാദമിക മികവിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ ആദരിച്ചു. BEYOND THE BUZZ ലോഗോ പ്രകാശനം ചെയ്തു. ബഷീർ ദിനം ആചരിച്ചു. പി. ടി. എ. ജനറൽ ബോഡി ചേർന്ന് ഭാരവാഹികളെ തിരഞ്ഞെടുത്തു.

**V സെന്റ് സെബാസ്റ്റ്യൻസ് യു. പി. സ്കൂൾ കൊമ്മയാട്**

വ്യത്യസ്തമായ പരിപാടികളോട് കൂടി വായന വാരാചരണം നടത്തി. യോഗാ ദിനം സമുചിതമായി ആചരിച്ചു. ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി റാലി, ലഹരിക്കെതിരെ നൽമരം, തൂഫാൻ ഗോൾസ്, ലഹരിക്കെതിരെ കയ്യൊപ്പ് എന്നിങ്ങനെ വ്യത്യസ്ത പരിപാടികൾ നടത്തി. സ്കൂൾ പാർലമെന്റ് ഇലക്ഷൻ നടത്തി. വായന വാരാചരണസമാപനം, വിദ്യാരംഗം കലാസാഹിത്യവേദി ഉദ്ഘാടനം എന്നിവ സംഘടിപ്പിച്ചു. ബഷീർ ദിനം ആചരിച്ചു.

**VI സെന്റ് തോമസ് യു. പി. സ്കൂൾ തവിഞ്ഞാൽ**

വായനദിനം വിപുലമായ രീതിയിൽ ആഘോഷിച്ചു. BEYOND THE BUZZ എന്ന പ്രവർത്തനത്തിനോട് ചേർന്ന് 20 ദിന കർമ്മ പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. സ്കൂൾ ഡേ ആഘോഷവും, വിദ്യാരംഗം കലാസാഹിത്യ വേദിയുടെയും, വിവിധ ക്ലബ്ബുകളുടെയും ഉദ്ഘാടന കർമ്മവും നിർവഹിച്ചു. സി. എം. കിഡ്സ്, സംസ്കൃതം, എസ്. എസ്. എൽ. സി., പ്ലസ്ടു ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെ ആദരിച്ചു.

**VII സെന്റ് ആന്റണീസ് യു. പി. സ്കൂൾ കോട്ടത്തറ**

പഞ്ചായത്തുതലത്തിൽ മികച്ച ശുചിത്വ വിദ്യാലയമായി തിരഞ്ഞെടുക്കപ്പെട്ടു. ബഷീർ അനുസ്മരണം നടത്തി. പി. ടി. എ. ജനറൽ ബോഡി നടത്തി. ഭാരവാഹികളെ തിരഞ്ഞെടുത്തു. ഷിഗല്ല പ്രതിരോധ ബോധവത്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. ലഹരി വിരുദ്ധ പ്രവർത്തങ്ങളുടെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ ആരംഭിച്ചു. "BEYOND THE BUZZ " ലോഗോ പ്രകാശനം ചെയ്തു.

**VIII സെന്റ് ജോസഫ്സ് യു. പി. സ്കൂൾ കല്ലോടി**

നല്ലപാഠം ക്ലബ്ബിന്റെ നേതൃത്വത്തിൽ ഷിഗെല്ല ബോധവൽ

ക്കരണ ക്ലാസ് സംഘടിപ്പിച്ചു. ലഹരിക്കെതിരെ 1 MILLION TOOFAN GOALS എന്ന പരിപാടി വിദ്യാലയത്തിൽ സംഘടിപ്പിച്ചു. വായനവാരാചരണത്തോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾ നടത്തി. ലഹരിവിരുദ്ധ മാസാചരണത്തിന്റെയും വിവിധ ക്ലബ്ബുകളുടെയും ഉദ്ഘാടനം നടന്നു.

**IX സെന്റ് മേരീസ് യു. പി. സ്കൂൾ തരിയോട്**

വായനവാരാഘോഷവും, വിദ്യാരംഗം കലാസാഹിത്യ വേദിയുടെയും വിവിധ ക്ലബ്ബുകളുടെയും ഉദ്ഘാടനവും നിർവഹിച്ചു. ഒരു മാസം നീണ്ടുനിൽക്കുന്ന ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് തുടക്കമായി.

**X സെന്റ് സെബാസ്റ്റ്യൻസ് യു. പി. സ്കൂൾ പാടിച്ചിറ**

വായന ദിനം ആചരിച്ചു. ബഷീർ ദിനാചരണം സമുചിതമായി ആഘോഷിച്ചു. ലഹരി വിരുദ്ധ ക്ലബ്ബിന്റെ നേതൃത്വത്തിൽ BEYOND THE BUZZ ലോഗോ പ്രകാശനം നിർവ്വഹിച്ചു. അന്താരാഷ്ട്ര യോഗ ദിനം ആഘോഷിച്ചു.

**XI അമ്പായത്തോട് യു. പി. സ്കൂൾ**

വായന ദിനം ആചരിച്ചു. ബോധവൽക്കരണ ക്ലാസ് നടത്തി. വനമഹോത്സവം എന്ന പേരിൽ വന്യജീവി സങ്കേതത്തിന്റെ ആഭിമുഖ്യത്തിൽ വിവിധ ചിത്രശലഭങ്ങളെ കുറിച്ചും പക്ഷികളെ കുറിച്ചും കുട്ടികൾക്ക് ക്ലാസുകൾ നൽകി. ലഹരി വിരുദ്ധ ക്ലബ്ബ് ഉദ്ഘാടനം നിർവഹിച്ചു. വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ഉദ്ഘാടനം നടന്നു.

**XII സെന്റ് ജോസഫ്സ് ടി. ടി. ഐ. മാനന്തവാടി**

വായനപക്ഷാചരണവും വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനവും സംഘടിപ്പിച്ചു. അന്താരാഷ്ട്ര യോഗ ദിനം ആഘോഷിച്ചു. നല്ല പാഠം പദ്ധതിയുടെ ഭാഗമായി പഠനോപകരണ ചലഞ്ച് നടത്തുകയും സ്കൂളിൽ പച്ചക്കറിത്തോട്ടത്തിന് തുടക്കംകുറിക്കുകയും ചെയ്തു. പി. ടി. എ. ജനറൽ ബോഡി ചേർന്ന് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. സ്കൂൾ പാർലമെന്റ് ഇലക്ഷൻ നടത്തി. ലഹരി വിരുദ്ധ മാസാചരണത്തോടനുബന്ധിച്ച് ബിയോണ്ട് ദ ബസ് ലോഗോ പ്രകാശനം നിർവഹിച്ചു.

**XIII സെന്റ് മേരീസ് യു. പി. സ്കൂൾ കബനിഗിരി**

പി. ടി. എ. ജനറൽബോഡിയോഗം ചേർന്ന് ഭാരവാഹികളെ തിരഞ്ഞെടുത്തു. ലഹരിക്കെതിരെ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. സ്കൂൾ ലീഡർ തെരഞ്ഞെടുപ്പ് തികച്ചും ജനാധിപത്യ രീതിയിൽ വോട്ടിംഗ് യന്ത്രത്തിന്റെ സഹായത്തോടെ നടത്തപ്പെട്ടു.

വിവിധ ക്ലബ്ബുകളുടെയും സ്കൂളിന്റെ തനത് പ്രോജക്ടുകളുടെയും ഉദ്ഘാടനം നടത്തപ്പെട്ടു. തൂഫാൻ വൺ മില്യൺ ഗോളിന്റെ ഭാഗമായി ലഹരിക്കെതിരെ ഗോളടിച്ചു.

**XIV സെന്റ് തോമസ് എ. യു. പി. സ്കൂൾ മുള്ളൻകൊല്ലി**

വായനാവാരാചരണത്തോടനുബന്ധിച്ച് വിവിധ വായന പ്രവർത്തനങ്ങൾ നടത്തി. വിദ്യാരംഗം കലാസാഹിത്യ വേദിയുടെയും ക്ലബ്ബുകളുടെയും ഉദ്ഘാടനം നടത്തി. സ്കൂൾ പാർലമെന്റ് അംഗങ്ങളെ തെരഞ്ഞെടുത്തു. യോഗാദിനാചരണം നടത്തി. ഓപ്പറേഷൻ തൂഫാനിനോട് അനുബന്ധിച്ച് സ്കൂൾതലത്തിൽ വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. Beyond The Buzz പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. അബാക്കസ്, കരാട്ടെ പദ്ധതികൾക്ക് തുടക്കം കുറിച്ചു. ഉന്നതിയിൽ ബോധവൽക്കരണക്ലാസ് നടത്തി.

**ഹൈസ്കൂൾ വിഭാഗം**

**I സെന്റ് തോമസ് ഹൈസ്കൂൾ നടവയൽ**

വിജയോൽസവവും, വായനദിനവും ഒരുമിച്ച് നടത്തി. ലഹരി വിരുദ്ധദിനാചരണം വിവിധ പരിപാടികളോടെ കൊണ്ടാടി. ബഷീർ ദിനാചരണം, ബഷീർ കൃതികളെ പരിചയപെടൽ ബഷീർ പുസ്തക പ്രദർശനം തുടങ്ങിയവ നടത്തി.

**II സെന്റ് കാതറൈൻസ് ഹൈസ്കൂൾ പയ്യമ്പള്ളി**

മാനന്തവാടി മുനിസിപ്പാലിറ്റി സ്കൂളിന് നിർമ്മിച്ച് നൽകിയ തുമ്പൂർമുഴി കമ്പോസ്റ്റിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. സാഹിതി എന്ന പേരിൽ വായന ദിനാഘോഷം സംഘടിപ്പിച്ചു.

2025-26 വർഷത്തിൽ മികവ് തെളിയിച്ചവരെ ആദരിക്കുന്നതിനായി വിജയോത്സവം സംഘടിപ്പിച്ചു. പി. ടി. എ. ജനറൽ ബോഡിയോഗവും തെരഞ്ഞെടുപ്പും നടത്തി. Beyond the buzz എന്ന പേരിൽ ലഹരി വിരുദ്ധ മാസാചരണത്തിനു തുടക്കം കുറിച്ചുകൊണ്ടുള്ള ലോഗോ പ്രകാശനം നിർവ്വഹിച്ചു. എക്സിബിഷനും ഫ്ളാഷ് മൊബും നടത്തി. 11 കുട്ടികൾക്ക് LSS സ്കോളർഷിപ്പ് ലഭിച്ചു.

**III സെന്റ് ജോസഫ്സ് ഹൈസ്കൂൾ അടയ്ക്കാത്തോട്**

വിദ്യാരംഗം കലാ സാഹിത്യ വേദിയുടെ ആഭിമുഖ്യത്തിൽ ഫ്രീ കിക്ക് മത്സരം സംഘടിപ്പിച്ചു. വായന പക്ഷാചരണത്തിന്റെ ഭാഗമായി ശ്രീ. പി. എൻ. പണിക്കർ അനുസ്മരണം സംഘടിപ്പിച്ചു. വിജയോത്സവം സംഘടിപ്പിച്ചു. അന്താരാഷ്ട്ര യോഗദിനം ആചരിച്ചു. ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി വിവിധ പരിപാടികൾ നടത്തിവരുന്നു. പി. ടി. എ. ജനറൽ ബോഡി യോഗം ചേർന്നു.

പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. വായനപക്ഷാചരണ സമാപനവും ബഷീർ അനുസ്മരണവും സംഘടിപ്പിച്ചു.

**IV അസംപ്ഷൻ ഹൈസ്കൂൾ ബത്തേരി**

മയക്കുമരുന്നിനെതിരെ ബോധവൽക്കരണത്തിനായി തൂഫാൻ ഗോൾ ക്യാമ്പയിൻ സംഘടിപ്പിച്ചു. വായനവാരാചരണത്തോടനുബന്ധിച്ച് വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. ലഹരി വിരുദ്ധ ക്ലാസ് സംഘടിപ്പിച്ചു. 'ബിയോണ്ട് ദ് ബസ്സ്'; ലഹരിവിരുദ്ധ കർമ പദ്ധതിക്ക് തുടക്കം കുറിച്ചു. പത്താം ക്ലാസ് പരീക്ഷയിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടിയവരെ ആദരിച്ചു. വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടന കർമ്മം നിർവഹിച്ചു. രാജ്യപുരസ്കാർ ജേതാക്കളെ ആദരിച്ചു. രക്ഷിതാക്കൾക്കായി ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്സ് നടത്തി.

**V നിർമല ഹൈസ്കൂൾ കബനിഗിരി**

വായനവാരാചാരണത്തിന്റെയും വിവിധ ക്ലബ്ബുകളുടെയും ഉദ്ഘാടനം നടത്തി. ലഹരി വിരുദ്ധ വാരാചരണത്തിന്റെ ഭാഗമായി ഫുട്ബോൾ മത്സരം, ലഹരിക്കെതിരെ ഗോൾ, ഫ്ളാഷ് മോബ്, വിവിധ ടൗണുകളിൽ ലഹരി വിരുദ്ധ സന്ദേശം, സായാഹ്ന സമ്മേളനങ്ങൾ, ലഹരിക്കെതിരെ കൂട്ടയോട്ടം മുതലായ പ്രവർത്തനങ്ങൾ നടത്തി. സ്കൂൾ പി. ടി. എ. ജനറൽ ബോഡി ചേർന്നു ഭാരവാഹികളെ തിരഞ്ഞെടുത്തു. സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് നടത്തി.

**VI സി. കെ. എച്ച്. എസ് മണിമൂളി**

വായനദിനവുമായി ബന്ധപ്പെട്ട് വിവിധ പരിപാടികൾ സംഘടിപ്പിച്ചു. ഒരു മാസം നീണ്ട് നിൽകുന്ന ലഹരിമുക്ത പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. ബഷീർ ദിനം ആചരിച്ചു. മാസാന്ത്യ പരീക്ഷകൾ നടത്തി പഠന നിലവാരം ചർച്ച ചെയ്തു.

**VII ഐ. ജെ. എം. എച്ച്. എസ്. കൊട്ടിയൂർ**

വിദ്യാരംഗം കലാസാഹിത്യവേദിയുടെയും വിവിധ ക്ലബ്ബുകളുടെയും ഉദ്ഘാടനം നിർവഹിച്ചു. വിവിധ പ്രവർത്തനങ്ങളിലൂടെ വായനവാരാചരണം നടത്തി. കണ്ണൂർ ജില്ല ചെസ്സ് ചാമ്പ്യൻഷിപ്പിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി. എസ്. എസ്. എൽ. സി. ഫുൾ എ പ്ലസ് നേടിയവരെ ആദരിച്ചുകൊണ്ട് വിജയോത്സവം നടത്തി. ലഹരി വിരുദ്ധമാസാചരണം വിവിധ പരിപാടികളോടെ നടത്തപ്പെടുന്നു.

**VIII ഫാ. ജി. കെ. എം. ഹൈസ്കൂൾ കണിയാരം**

പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് വിവിധ പരിപാടികൾ

സംഘടിപ്പിച്ചു. ഫോട്ടോഗ്രാഫി മത്സരം കുട്ടികൾക്കായി സംഘടിപ്പിച്ചു. വായനദിനത്തോടനുബന്ധിച്ച് കുട്ടികൾക്ക് പുസ്തകങ്ങൾ വിതരണം ചെയ്തു. ആസ്വാദനക്കുറിപ്പ് തയ്യാറാക്കാനുള്ള പരിശീലനങ്ങൾ നൽകി. എസ്. എസ്. എൽ. സി. പരീക്ഷയിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ അനുമോദിക്കുന്നതിനായി വിജയോത്സവം സംഘടിപ്പിച്ചു വിദ്യാരംഗം കലാസാഹിത്യ വേദിയുടെയും വിവിധ ക്ലബ്ബുകളുടെയും ഉദ്ഘാടനം നിർവഹിച്ചു. തുമ്പൂർ മുഴിയുടെ ഉദ്ഘാടനം നിർവഹിച്ചു. ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി ഓപ്പറേഷൻ തൂഫാൻ പ്രചരണ റാലി സംഘടിപ്പിച്ചു.

**IX സെന്റ് ജോസഫ്സ് ഹൈസ്കൂൾ കല്ലോടി**

വായനോത്സവം ഉദ്ഘാടനം ചെയ്തു. ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് ലഹരി വിരുദ്ധ മനുഷ്യ ചങ്ങലയും പൊതു സമ്മേളനവും സംഘടിപ്പിച്ചു. പൂർവ വിദ്യാർത്ഥി കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ സ്കൂൾ യൂണിഫോമിന്റെയും, പഠനോപകരണങ്ങളുടെയും വിതരണം നടത്തപ്പെട്ടു. ബഷീർ അനുസ്മരണം വിവിധ പരിപാടികളോടുകൂടി സംഘടിപ്പിച്ചു. വിവിധ ക്ലബ്ബുകൾ ഉദ്ഘാടനം ചെയ്തു. 2025-26 വർഷത്തെ വിജയോത്സവം വായനദിനത്തോടനുബന്ധിച്ച് നടത്തി. കുട്ടികൾക്ക് മാനസിക ആരോഗ്യത്തെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സ് ഹെൽത്ത് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ നൽകി.

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ

# Bishop's Programme




**August 2026**

| | |
|---|---|
| *02 Sunday: ................* | *Out of Station* |
| *03 Mon- 07 Fri: ........* | *POC: KCBC Colloquium and Retreat* |
| *08 Saturday: .............* | *Engaged* |
| *10 Monday: ..............* | *Bathery: Assumption Hospital Jubilee* |
| *13 Thursday: .............* | *WSSS Annual General Body Meeting* |
| *15 Saturday: .............* | *Neikuppa: Jubilee* |
| *16 Sunday: ................* | *Out of Station* |
| *17 Mon- 28 Fri: ........* | *Kakkanad: Synod* |
| *29 Saturday:..............* | *Engaged* |
| *30 Sunday: ................* | *Adackathode: Blessing of Presbytery* |
| *30 Sunday: ................* | *Dwaraka: Retreat for Priests I Batch* |

**September 2026**

| | |
|---|---|
| *01 Mon- 4 Fri: ..........* | *Dwaraka: Retreat for Priests* |
| *07 Mon- 9 Wed: ........* | *Kunnoth: Pastoral Course for Deacons* |
| *12 Saturday: .............* | *Thonichal: Holy Cross Old age Home Blessing* |
| *13 Sun- 18 Fri: ..........* | *Retreat for Priests II Batch* |
| *19 Saturday: .............* | *Mullenkolly: Baptism of 7th Child* |
| *24 Thursday: .............* | *Samaritan Bhavan: Jubilee* |
| *30 Wednesday: ..........* | *Dwaraka: Department Heads Meeting* |

# Auxiliary Bishop's Programme



**August 2026**

*02 Sunday: ................ Bhoodanam: Pastoral Visit*

*03 Mon- 07 Fri: .......... POC:KCBC Colloquium cum Retreat*

*08 Saturday: .............. Emmaus: Charismatic Commission*

*09 Sunday: ................ Vallikkettu: Pastoral Visit*

*11 Tuesday: ............... Adikkolly: Mullenkolly Forane Monthly Recollection*

*16 Sunday: ................ Marutha: Pastoral Visit*

*17 Mon-28 Fri: .......... Kakkanad: Synod*

*29 Saturday: .............. Engaged*

*30 Sunday: Morning:.. Muttiyel: Pastoral Visit*

*Evening: ... Dwaraka: Retreat for priests I Batch*

**September 2026**

*01 Mon- 4 Fri: ........... Dwaraka: Retreat for priests*

*06 Sunday: ................ Rippon: Pastoral Visit*

*08 Tuesday: ............... Thariode Forane Monthly Recollection*

*12 Saturday: .............. Dwaraka: Vincent De Paul Meeting*

*13 Sunday: ................. Kallumukku: Pastoral Visit*

*13 Sun- 18 Fri: ........... Dwaraka: Retreat for priests II Batch*

*14 Monday: ................ Vakery: Holy Mass*

*18 Friday: .................. Divine: Inauguration of National Convention*

*19 Saturday: .............. Kayakkunnu: La Sallette Mass*

*20 Sunday: ................. Moolankavu: Pastoral Visit*

*24 September: ........... Samaritan Bhavan Jubilee*

*26 Saturday: .............. Engaged*

*27 Sun- Oct 2 Fri: ...... Trichur: Retreat for priests*

*30 Wednesday: .......... Dwaraka: Department Heads Meeting*